ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 01 ജൂൺ 2018 ലക്കം 02

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com

www.archdioceseoftellicherry.org

www.ephphatharadio.com

0490- - 2342440

# ഉള്ളടക്കം


1. Prot. No.321/18, സർക്കുലർ നമ്പർ 09/2018 ........ 5
2. പരി. സർക്കുലർ - മാധ്യമദിനസന്ദേശം ........ 9
3. Prot. No.317/18 - വിജ്ഞാപനം ........ 18
4. കച്ചേരിക്കാര്യം ........ 19
5. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതി ........ 30
6. സെമിനാരി വാർത്തകൾ ........ 32
7. വിശ്വാസപരിശീലനം ........ 34
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 41
9. ചെറുപുഷ്പ മിഷൻലീഗ് ........ 44
10. തിരുബാലസഖ്യം ........ 50
11. യുവജനശുശ്രൂഷ ........ 52
12. കുടുംബപ്രേഷിതത്വം ........ 60
13. വിദ്യാഭ്യാസ ഏജൻസി ........ 67
14. സാൻജോസ് അക്കാദമി ........ 72
15. വിമൽജ്യോതി വാർത്തകൾ ........ 75
16. നിർമ്മലഗിരി വാർത്തകൾ ........ 77
17. ഫ്രാൻസിസ്കൻ അൽമായസഭ ........ 79
18. ഇൻഫാം വാർത്തകൾ ........ 81
19. കത്തോലിക്കാ കോൺഗ്രസ്സ് ........ 83
20. കെസിബിസി മദ്യവിരുദ്ധ സമിതി ........ 84
21. സാമൂഹ്യസേവനവേദി ........ 86
22. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 89
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 91
24. Programme of the Archbishop Mar George Njaralakatt ........ 94
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 96
26. Programme of the Auxiliary Bishop Mar Joseph Pamplany ........ 100

**Prot. No. 321/18; സർക്കുലർ നമ്പർ 09/2018**

# മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതി

ഈശോയിൽ പ്രിയ വൈദികരെ, സമർപ്പിതരെ, സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞ നവംബറിൽ നാം നടത്തിയ അതിരൂപതാ അസംബ്ലിയുടെ തീരുമാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പേരിൽ ആരംഭിച്ച ഭവന നിർമ്മാണ പദ്ധതി. അസംബ്ലിക്കുമുമ്പ് ഫാമിലി അപ്പസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ സർവ്വേയിൽ നമ്മുടെ അതിരൂപതയിൽ ഏകദേശം ആയിരത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ഇല്ലെന്ന് കണ്ടെത്തിയിരുന്നു. 2027 ആകുമ്പോഴേയ്ക്കും ഭവനരഹിതരില്ലാത്ത ഒരു അതിരൂപതയായി മാറണം എന്നാണ് നാം ആഗ്രഹിക്കുന്നത്. അതിനുള്ള കൂട്ടായ പരിശ്രമത്തിൽ അണിചേരാൻ എല്ലാ അതിരൂപതാംഗങ്ങളെയും സുമനസ്സുകളായ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നു.

തലശ്ശേരി അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ പേരിൽ നാമകരണം ചെയ്യപ്പെട്ട ഈ ഭവനനിർമ്മാണ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്, 2017 ഡിസംബർ 12-നു ചേർന്ന പ്രെസ്ബിറ്ററൽ കൗൺസിൽ തിരഞ്ഞെടുത്ത ഒരു കമ്മിറ്റിയാണ്. ഫാ. തോമസ് തയ്യിൽ കൺവീനറും ഫാ. ജോസഫ് കാക്കരമറ്റം, ഫാ. ആന്റണി പരതേ പതിക്കൽ എന്നിവർ അംഗങ്ങളുമായുള്ള ഈ സമിതി വിവിധ ഇടവക കളിൽ നടക്കുന്ന ഭവനനിർമ്മാണപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതാണ്.

ഈ ഭവനനിർമ്മാണപദ്ധതി അതിരൂപത നേരിട്ടു നടത്തുന്നതിനുപകരം ഇടവകകളുടെയും അതിരൂപതയിലെ ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. അർഹരായവരെ കണ്ടെത്തുക, ആവശ്യമായ ഫണ്ട് കണ്ടെത്തുക, ഭവനനിർമ്മാണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക

തുടങ്ങിയ കാര്യങ്ങൾ ഓരോ ഇടവകയിലും പാരീഷ്കൗൺസിലിന്റെ നേതൃത്വത്തിലോ ഏതെങ്കിലും സംഘടനയുടെ നേതൃത്വത്തിലോ ചെയ്യണം. ഭവനരഹിതരായവരുടെ കൃത്യമായ എണ്ണം കണ്ടെത്താൻ എല്ലാ ഇടവകകളിലും ഒരു സർവ്വേ നടത്തി ഉടൻതന്നെ അതിരൂപതാ കമ്മിറ്റിയെ അറിയിക്കണം. സർവ്വേ നടത്താനുള്ള ഫോമുകൾ ഇടവകകളിലേക്ക് അയച്ചിരുന്നു. ഭവന നിർമ്മാണത്തിന് സന്മനസുള്ളവരിൽനിന്നും പണമായോ സാധനങ്ങളായോ സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഗവൺമെന്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായങ്ങളും സ്വീകരിക്കാം. ഓരോ ഭവനനിർമ്മാണത്തിലും കായികാദ്ധ്വാനത്തിലൂടെ സഹകരിക്കാൻ സാധിക്കുന്നവർ അങ്ങിനെയും ഈ കൂട്ടായ്മയുടെ പദ്ധതിയിൽ പങ്കാളികളാകാൻ പരിശ്രമിക്കണം.

ഓരോ ഇടവകയിലും പുതിയ ഭവനനിർമ്മാണം ആരംഭിക്കുമ്പോൾത്തന്നെ അതിരൂപതാകമ്മിറ്റിയെ അറിയിച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യണം. നിർമ്മാണം പൂർത്തിയാകുന്ന ഭവനങ്ങളുടെ വിവരങ്ങൾ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഭവനനിർമ്മാണ പദ്ധതിക്കായി അതിരൂപതാകമ്മിറ്റി തലശ്ശേരി കാത്തലിക് സിറിയൻ ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഇടവകകളും സംഘടനകളും സമാഹരിക്കുന്ന മുഴുവൻ തുകയും ഈ അക്കൗണ്ടിൽ നിക്ഷേപിക്കണം. നിക്ഷേപിക്കുന്ന തുകയോടൊപ്പം പൊതുഫണ്ടിൽ നിന്നുള്ള സംഭാവനയും കൂട്ടിചേർത്ത് വർദ്ധിപ്പിച്ച് ഇടവകകൾക്ക് തിരികെ നല്കുന്നതാണ്. ഭവനനിർമ്മാണപദ്ധതിക്ക് ചിലവഴിച്ച ആകെ തുകയുടെ കണക്ക് ലഭ്യമാക്കാനും നൈയാമികമായി ഈ പദ്ധതിയുടെ ഭാഗമാകാനും ഭവനനിർമ്മാണം ഏറ്റെടുക്കുന്ന എല്ലാ ഇടവകകളും ലഭിക്കുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും തിരികെ വാങ്ങുകയും ചെയ്യേണ്ടതാണ്. ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകക്ക് ആനുപാതികമായിട്ടായിരിക്കും അതിരൂപതയിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നത്.

ഈ ബൃഹത്തായ ഭവനനിർമ്മാണപദ്ധതിയെ സാമ്പത്തികമായി സഹായിക്കാൻ ഒരു പൊതുഫണ്ട് രൂപീകരിക്കേണ്ടത് ആവശ്യമാണ്. ജീവകാരുണ്യഫണ്ടിൽനിന്നും അതിരൂപതയുടെ ദൈനംദിന ചിലവു

കൾക്കുള്ള ഫണ്ടിൽനിന്നും ഒരു തുക ഈ വർഷം ഭവനനിർമ്മാണ പദ്ധതിക്കായി മാറ്റിവയ്ക്കാമെന്ന് ഞാൻ വിചാരിക്കുകയാണ്. ഒപ്പം സന്മനസ്സുള്ള എല്ലാവരും ഈ പൊതുഫണ്ടിലേക്ക് സംഭാവന ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. തലശ്ശേരി അതിരൂപതയിലെ വൈദികർ വ്യക്തിപരമായി ഓരോരുത്തർക്കും സാധിക്കുന്ന തുക ഭവനിർമ്മാണ പദ്ധതിയിലേക്ക് സംഭാവന ചെയ്യുമെന്ന് വൈദികസമിതിയിലും റീജണൽ വൈദികസമ്മേളനങ്ങളിലും തീരുമാനിക്കുകയുണ്ടായി. ബഹു. വൈദികരുടെ മാതൃകാപരമായ ഈ തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു.

പൊതുഫണ്ടിലേക്ക് പണം കണ്ടെത്താൻ കഴിഞ്ഞ ഏപ്രിൽ 19നു ചേർന്ന വൈദികസമിതി മുന്നോട്ടുവച്ച ഏതാനും നിർദ്ദേശങ്ങൾ കൂടി നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1. ഈ വർഷം ബഹു. വികാരിയച്ചന്മാർ ഭവനസന്ദർശനം നടത്തുമ്പോൾ ഈ ഭവന നിർമ്മാണപദ്ധതിയോട് സഹകരിക്കാൻ താൽപര്യമുള്ളവരിൽനിന്നും പൊതുഫണ്ടിന്റെ രസീതു നല്കി സംഭാവന സ്വീകരിക്കുക. 2. തിരുനാൾ അവസരങ്ങളിൽ സംഭാവനകൾ സ്വീകരി ക്കാൻ സ്റ്റാളുകൾ ക്രമീകരിക്കുക 3. കൂടുതൽ തുകകൾ സംഭാവന ചെയ്യാൻ സാധിക്കുന്നവരെ അതിരൂപതാ തലത്തിൽ കണ്ടെത്തുക. ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ഞാൻ നിങ്ങളേവരുടെയും പിന്തുണ അഭ്യർത്ഥിക്കുകയാണ്.

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 8 ഭവനങ്ങൾ ഇതിനകം തന്നെ നിർമ്മിച്ചു കഴിഞ്ഞു. ഏതാണ്ട് 55 ഇടവകകളിൽ ഭവനനിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്. സാധിക്കുന്നിടത്തോളം ഇടവകകളിൽ ഈ വർഷം തന്നെ ഒരു വീടെങ്കിലും നിർമ്മിക്കാനായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അന്തിയുറങ്ങാൻ സുരക്ഷിതവും സൗകര്യപ്രദവുമായ ഒരു വീട് എല്ലാ മനുഷ്യരുടെയും സ്വപ്നമാണ്. ആഡംബരവും അത്യാധുനിക സൗകര്യങ്ങളുമുള്ള വീടുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന നമ്മുടെ സമൂഹത്തിൽ ഇപ്പോഴും തലചായ്ക്കാനൊരിടമില്ലാതെ കഷ്ടപ്പെടുന്ന ധാരാളം സഹോദരങ്ങളുണ്ട് എന്ന് നമുക്കു മറക്കാതിരിക്കാം. നമ്മുടെ രമ്യഹർമ്യങ്ങൾക്കു താഴെ വെയിലും മഴയുമേറ്റ് തെരുവിൽ കിടക്കുന്ന ലാസറിനെപ്പോലെ നമ്മുടെ സഹോദരങ്ങൾ സ്വന്തമായൊരു വീടി

ല്ലാതെ കഴിയുന്നത് തീർച്ചയായും സങ്കടകരവും അപമാനകരവുമാണ്. ക്രൈസ്തവസാഹോദര്യം നിരാശ്രയരായ നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നമ്മെ നിർബന്ധിക്കുന്നു. ബെത്‌ലഹേം തെരുവീഥിയിലൂടെ അന്തിയുറങ്ങാൻ ഇടംതേടി നടന്ന യൗസേപ്പിതാവിന്റെയും കന്യകാമറിയത്തിന്റെയും മുഖം ഭവനരഹിതരായ സഹോദരങ്ങളിൽ നമുക്കു ദർശിക്കാം. പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും ഈ മഹായജ്ഞത്തിൽ ഔദാര്യത്തോടുകൂടി പങ്കുചേരുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. വിവിധ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്ന ഭവനനിർമ്മാണങ്ങളെയും അവയ്ക്ക് നേതൃത്വം കൊടുക്കുന്നവരെയും നമ്മുടെ കർത്താവീശോ മിശിഹാ ആശീർവ്വദിക്കട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
24.05.2018 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 ജൂൺ 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3086/K-5/KCBC/OL/DS 05.05.2018

# ലോക മാധ്യമദിനസന്ദേശം - 2018
# ഫ്രാൻസിസ് മാർപാപ്പ

**"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)**
**വ്യാജവാർത്തകളും സമാധാനത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനവും**

പ്രിയ സഹോദരീസഹോദരന്മാരേ,

വാർത്താവിനിമയം, നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗവും പരസ്പരം സൗഹൃദം അനുഭവിച്ചറിയാനുള്ള സത്താപരമായ മാർഗവുമാണ്. നമ്മുടെ സ്രഷ്ടാവിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ട് സത്യവും നല്ലതും സുന്ദരവുമായതെല്ലാം പ്രകടിപ്പിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. നമ്മുടെ അനുഭവങ്ങളെയും നമുക്കുചുറ്റുമുള്ള ലോകത്തെയും വിവരിക്കുന്നതിലൂടെ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ ഓർമ്മയും ധാരണയും സൃഷ്ടിക്കാൻ നമുക്കു കഴിയും. എന്നാൽ അഹന്തയ്ക്കും സ്വാർത്ഥതയ്ക്കും നാം കീഴ്പ്പെടുമ്പോൾ ആശയവിനിമയത്തിനുള്ള നമ്മുടെ സാധ്യത വികലമാക്കപ്പെടും. ഇത് ആദിമകാലം മുതൽ കാണുന്ന ഒന്നാണ്. കായേൻ, ആബേൽ എന്നിവരെയും ബാബേൽ ഗോപുരത്തെയും സംബന്ധിച്ച് ബൈബിളിൽ കാണുന്ന കഥകളിൽ അതുകാണാം (cf ഉത്പ 4:4-16; 11:1-9). സത്യത്തെ വളച്ചൊടിക്കാനുള്ള കഴിവ്, വ്യക്തികളെന്ന നിലയിലും സമൂഹങ്ങളെന്ന നിലയിലുമുള്ള നമ്മുടെ അവസ്ഥയുടെ ലക്ഷണമാണ്. മറുവശത്ത്, നാം ദൈവത്തിന്റെ പദ്ധതിയോടു വിശ്വസ്തത പുലർത്തുമ്പോൾ ആശയവിനിമയം സത്യത്തിനുവേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വപൂർണമായ അന്വേഷണത്തിന്റെയും നന്മയെ പിന്തുടരുന്നതിന്റെയും കാര്യക്ഷമമായ പ്രകാശനമായിത്തീരും.

ഇന്ന്, വാർത്താവിനിമയത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് "വ്യാജവാർത്തകൾ" എന്നറിയപ്പെടുന്നവയുടെ വ്യാപനത്തിന് നാം സാക്ഷ്യംവഹിക്കേണ്ടിവരുന്നു. ഇത് നമ്മുടെ വിചിന്തനം ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ ലോകസമ്പർക്ക മാധ്യമദിന സന്ദേശത്തിൽ സത്യമെന്ന വിഷയം വീണ്ടും അവതരിപ്പിക്കാൻ ഞാൻ നിശ്ചയിച്ചത്. ഈ വിഷയം പലകാലങ്ങളിലും എന്റെ മുൻഗാമികൾ ഉയർത്തിക്കാണിച്ചിട്ടുള്ളതാണ്. പോൾ 6-ാമൻ മാർപാപ്പ അതു തുടങ്ങിവച്ചു. അദ്ദേഹ

ത്തിന്റെ 1972-ലെ സന്ദേശം "സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സത്യത്തിനുള്ള സേവനത്തിന്" എന്നതായിരുന്നു. ഈ വിചിന്തനങ്ങളോട് പങ്കുചേർന്ന് വ്യാജവാർത്തകളുടെ വ്യാപനത്തെ കണ്ടെത്താനും വാർത്താവിനിമയത്തിന്റെ മഹത്ത്വത്തെയും സത്യം അറിയിക്കാൻ വാർത്താവിതരണക്കാർക്കുള്ള വ്യക്തിപരമായ കടമയെയും പ്രചോദിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**1. വ്യാജവാർത്തയെ സംബന്ധിച്ച "വ്യാജം" എന്താണ്?**

വ്യാജവാർത്തകൾ എന്ന പദം വലിയ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിഷയമായിട്ടുണ്ട്. പൊതുവേ, തെറ്റായ വിവരം ഓൺലൈൻവഴിയോ പരമ്പരാഗതമാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്തതോ വികലമാക്കപ്പെട്ടതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വായനക്കാരനെ വഞ്ചിക്കാനും ദുരുപയോഗിക്കാനും വേണ്ടി തെറ്റായ വിവരങ്ങൾ നല്കലാണത്. വ്യാജവാർത്തകളുടെ പ്രചരിപ്പിക്കൽ പ്രത്യേക ലക്ഷ്യങ്ങൾ നേടാനും രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാനും സാമ്പത്തിക കാര്യങ്ങൾ സാധിക്കാനും സഹായകമാകും.

വ്യാജവാർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന്റെ കാരണം, ഒന്നാമതായി യഥാർത്ഥ വാർത്ത തെറ്റായിരിക്കാമെന്ന് തോന്നുംവിധം അവതരിപ്പിക്കാനുള്ള സാമർത്ഥ്യംകൊണ്ടാണ്. രണ്ടാമതായി തെറ്റായ വാർത്തയെ വിശ്വസിപ്പിക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്ന വഞ്ചനാത്മകമായ അവതരണമാണ്. അത് സ്ഥിരവും പൊതുവുമായ മുൻവിധികളെ അനുകൂലിച്ച് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ആകുലത, വെറുപ്പ്, കോപം, മനോഭംഗം മുതലായി പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ അതു ചൂഷണം ചെയ്യുന്നു. സാമൂഹിക നെറ്റുവർക്കുകളുടെ ദുരുപയോഗത്തെയും അവയുടെ പ്രവർത്തന രീതിയെയും ആശ്രയിച്ചാണ് അത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കാനുള്ള കഴിവുണ്ടാകുന്നത്. സത്യമല്ലാത്ത കഥകൾ പെട്ടെന്നു പ്രചരിക്കുകയും അവയുടെ ആധികാരിക നിഷേധങ്ങൾ അതുവഴിയുണ്ടായ നാശത്തെ തടയാൻ അപര്യാപ്തമാകുകയും ചെയ്യും.

വ്യാജവാർത്തകളെ തുറന്നു കാണിക്കാനും ഒഴിവാക്കാനും പ്രയാസമുണ്ട്. കാരണം, അനേകം ആളുകൾ വ്യത്യസ്തവീക്ഷണങ്ങളും അഭിപ്രായങ്ങളും കടന്നുചെല്ലാത്ത സ്ഥിരം ഡിജിറ്റൽ സാഹചര്യങ്ങളോടാണ് പ്രതികരിക്കുന്നത്. അങ്ങനെ, മുൻവിധികളെ കാര്യക്ഷമമായി വെല്ലുവിളിക്കാനും സർഗാത്മകമായ സംഭാഷണമുണ്ടാകാനും സഹാ

യിക്കുന്ന മറ്റുള്ള ഗുണപരമായ ആശയവിനിമയ ഉറവിടങ്ങൾ ഇല്ലാത്തതുകൊണ്ട് വികലമാക്കൽ പ്രക്രിയ വളർന്നു പുഷ്പിക്കുന്നു. അടിസ്ഥാനമില്ലാത്ത തെറ്റായ ആശയങ്ങളെ പ്രചരിപ്പിക്കാൻ, മനസ്സില്ലെങ്കിലും അവർ പ്രേരിപ്പിക്കപ്പെടുന്നു. തെറ്റായ വിവരം നല്കുന്നതിന്റെ ദുരന്തം ഇതാണ്: അതു മറ്റുള്ളവരെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ട് അപമാനിക്കുകയും അവരെ ദുഷ്ടാത്മാക്കളായി ചിത്രീകരിച്ച് സംഘട്ടനത്തിലേക്കുവരെ നയിക്കുന്നു. സഹനശേഷിയില്ലാത്തതും അമിത വികാരംകൊള്ളിക്കുന്നതുമായ മനോഭാവങ്ങളുടെ അടയാളമാണ് വ്യാജ വാർത്തകൾ. അത് മർക്കടമുഷ്ടിയും വിദ്വേഷവും പ്രചരിപ്പിക്കാൻ പ്രേരിപ്പിക്കുകയേ ഉള്ളൂ.

**2. വ്യാജവാർത്തകളെ നമുക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?**

അസത്യങ്ങളെ നേരിടുകയെന്ന കടമയിൽനിന്ന് ഞാൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് വിചാരിക്കാൻ നമുക്ക് ആർക്കും സാധ്യമല്ല. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വ്യാജവാർത്തകൾ മിക്കപ്പോഴും മന:പൂർവം സൂത്രത്തിൽ ഒഴിഞ്ഞുമാറുന്നതും സൂക്ഷ്മതയോടെ വഴി തെറ്റിക്കുന്നതുമായ പ്രഭാഷണവിദ്യയിൽ അടിയുറപ്പിച്ചിരിക്കും. ചിലപ്പോൾ കുതർക്കങ്ങൾ ഉള്ള മനശ്ശാസ്ത്രപരമായ സമ്പ്രദായങ്ങൾ പ്രയോഗിച്ചിരിക്കും. മാധ്യമങ്ങൾ നല്കുന്ന വിവരങ്ങൾ വ്യാഖ്യാനിക്കാനും വിലയിരുത്താനും ജനങ്ങളെ സഹായിക്കുന്ന വിദ്യാഭ്യാസപരമായ പദ്ധതി സൃഷ്ടിക്കാൻ ഇന്നു പ്രശംസനീയമായ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. തെറ്റായ വിവരങ്ങൾ ചിന്താശൂന്യരായി പ്രചരിപ്പിക്കാൻ സഹായിക്കാതെ തെറ്റുകളെ തുറന്നുകാണിക്കുന്നതിൽ സജീവമായി പങ്കുചേരാൻ അവ പഠിപ്പിക്കും. ആ പ്രതിഭാസത്തെ നിയന്ത്രിക്കാൻ സ്ഥാപനപരവും നിയമപരവുമായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടെന്നതും പ്രശംസനീയമാണ്. ദശലക്ഷക്കണക്കിനുള്ള ഡിജിറ്റൽ പ്രൊഫൈലുകളിൽ ഒളിച്ചുവച്ചിട്ടുള്ള വ്യക്തിപരമായ വിവരങ്ങൾ പരിശോധിച്ചറിയാനുള്ള മാനദണ്ഡങ്ങൾ സാങ്കേതികവും മാധ്യമപരവുമായ കമ്പനികൾ ചെയ്യുന്നുണ്ടെന്നതിനെ സംബന്ധിച്ച് ഒന്നും പറയേണ്ടതില്ലല്ലോ.

എന്നാലും വ്യാജവാർത്താപ്രചാരണത്തിന്റെ രീതിയെ തടയുകയും അതിനെ തിരിച്ചറിയുകയും ചെയ്യുകയെന്നത് വിവേചിച്ചറിയലിന്റെ അഗാധവും ശ്രദ്ധാപൂർവകവുമായ പ്രക്രിയ ആവശ്യപ്പെടുന്നുണ്ട്. "നിഗൂഢ വിപത്തുണ്ടാക്കുന്ന തന്ത്രങ്ങൾ" എന്നു വിളിക്കപ്പെടാവുന്നതിനെ നാം തുറന്നുകാണിക്കണം. ഏതു സമയത്തും ഏതു സ്ഥലത്തും ശ്രദ്ധയാകർഷിക്കാൻ വേണ്ടി തങ്ങളെതന്നെ വേഷപ്രച്ഛന്നരാക്കുന്നവരാണ് ആ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. ഈ സമരതന്ത്രം തന്നെ

യാണ് ഉത്പത്തി പുസ്തകത്തിലെ "തന്ത്രശാലിയായ പാമ്പ്" പ്രയോഗിച്ചത്. അത് മനുഷ്യവംശത്തിന്റെ ആരംഭത്തിൽത്തന്നെ വ്യാജവാർത്ത സൃഷ്ടിച്ച് (cf ഉത്പ 3:1-15) മാനുഷിക പാപത്തിന്റെ ദുരന്തം തുടങ്ങിവച്ചു. സഹോദരനെ കൊല്ലുന്നതുവരെ അതു എത്തി (cf ഉത്പ 4). ദൈവത്തിനും അയൽക്കാരനും സമുദായത്തിനും സൃഷ്ടിക്കും എതിരായി ചെയ്യപ്പെട്ട അസംഖ്യം തിന്മകൾ അന്നുതുടങ്ങി. സമർത്ഥനായ "നുണകളുടെ പിതാവിന്റെ" (യോഹ 8:44) സമര തന്ത്രം കൃത്യമായി പറഞ്ഞാൽ മിമിക്രിയാണ്. വശീകരിക്കലിന്റെ കപടവും അപകടകരവുമായ രൂപമാണത്. അത് തെറ്റായതും വശീകരിക്കുന്നതുമായ വാദമുഖങ്ങളോടെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറുന്നു.

ആദിമപാപത്തിന്റെ വിവരണത്തിൽ പരീക്ഷകൻ സ്ത്രീയെ, അവളുടെ കൂട്ടുകാരനെന്ന ഭാവത്തിൽ സമീപിക്കുന്നു. അവളുടെ ക്ഷേമത്തിൽ മാത്രം താത്പര്യമുള്ളവനായി ഭാവിക്കുന്നു. ഭാഗികമായി മാത്രം സത്യമായ ഒരു കാര്യം പറഞ്ഞുകൊണ്ടു തുടങ്ങുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്ന് ദൈവം യഥാർത്ഥത്തിൽ കല്പിച്ചിട്ടുണ്ടോ?" (ഉത്പ 3:1). ദൈവം യഥാർത്ഥത്തിൽ ആദത്തോട് ഏതു മരത്തിൽനിന്നും ഭക്ഷിക്കരുത് എന്ന് ഒരിക്കലും പറഞ്ഞില്ല. ഒരു മരത്തിൽനിന്നു ഭക്ഷിക്കരുതെന്നേ പറഞ്ഞുള്ളൂ. നന്മയുടെയും തിന്മയുടെയും അറിവിന്റെ മരത്തിൽനിന്ന് ഭക്ഷിക്കരുതെന്നേ ദൈവം കല്പിച്ചിട്ടുള്ളൂ (ഉത്പ 2:17). സ്ത്രീ സർപ്പത്തെ തിരുത്താൻ ശ്രമിച്ചു. പക്ഷേ, അവന്റെ പ്രലോഭനത്തിനു വഴങ്ങിപ്പോയി. "എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്" (ഉത്പ 3:2) എന്ന് അവൾ പറഞ്ഞു. അവളുടെ ഉത്തരം നിയമപരവും നിഷേധപരവുമായ വാക്കുകളിൽ പൊതിഞ്ഞതായിരുന്നു. വഞ്ചകനെ കേൾക്കുകയും യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് അവൻ നല്കിയ വ്യാഖ്യാനം അംഗീകരിക്കുകയും ചെയ്തപ്പോൾ സ്ത്രീ വഴിതെറ്റിക്കപ്പെട്ടു. അവൾ ആ വഞ്ചകർ നല്കിയ ഉറപ്പ് ശ്രദ്ധിച്ചു: "നീ മരിക്കുകയില്ല" (ഉത്പ 3:4).

പരീക്ഷകന്റെ അഴിച്ചുപണിയൽ സത്യത്തിന്റെ ഭാവം സ്വീകരിക്കുന്നു: "അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉത്പ 3:5). ദൈവത്തിന്റെ പിതൃസഹജമായ കല്പന - അവരുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടത് - ശത്രുവിന്റെ ആകർഷകമായ വശീകരണംവഴി അവിശ്വസനീയമാക്കപ്പെട്ടു: "ആ മര

ത്തിന്റെ പഴം രുചികരവും കണ്ണിനു കൗതുകകരവും അറിവുനല്കാൻ കഴിവുള്ളതുമാകയാൽ ആഗ്രഹിക്കത്തക്കതാണെന്ന് അവൾ കണ്ടു" (ഉത് 3:6).

ബൈബിളിലെ ഈ സംഭവം നമ്മുടെ പരിചിന്തനത്തിനുള്ള സത്താപരമായ ഒരു ഘടകത്തെ പ്രകാശിപ്പിക്കുന്നു. ദ്രോഹം ചെയ്യാത്ത വളച്ചൊടിക്കൽ പോലെ മറ്റൊന്നില്ല. എന്നാൽ അബദ്ധത്തെ വിശ്വസിച്ചാൽ അതിൽനിന്ന് കഠിനമായ അനന്തരഫലങ്ങളുണ്ടാകും. സത്യത്തിന്റെ നിസ്സാരമെന്നു തോന്നാവുന്ന വളച്ചൊടിക്കലും അപകടകരമായ അന്തരഫലങ്ങൾ ഉണ്ടാക്കും.

നമ്മെ അപകടത്തിലാക്കുന്നത് അത്യാഗ്രഹമാണ്. തെറ്റായ വാർത്തകൾ പെട്ടെന്നു പ്രചരിക്കുന്നതിനാൽ അതിനെ പിടിച്ചുനിറുത്താനാവാത്തവിധം വ്യാപിക്കും. അത് സാമൂഹികമാധ്യമങ്ങളെ പ്രചോദിപ്പിക്കുന്ന പങ്കുവക്കൽ ബോധംമൂലമല്ല. പിന്നെയോ മനുഷ്യജീവികളിൽ പെട്ടെന്ന് ഉണർത്താൻ കഴിവുള്ള തൃപ്തിപ്പെടുത്താനാവാത്ത അത്യാഗ്രഹത്തെ അത് അനുകൂലിക്കുന്നതുകൊണ്ടാണ്. തെറ്റായ വിവരദാനത്തെ തീറ്റിപ്പോറ്റുന്നത് സാമ്പത്തികവും കൃത്രിമവുമായ ലക്ഷ്യങ്ങളാണ്. അവയാകട്ടെ അധികാരത്തിനുവേണ്ടിയുള്ള ദാഹത്തിലും സമ്പാദിച്ചുകൂട്ടാനും സന്തോഷിക്കാനുള്ള ആഗ്രഹത്തിലും അടിയുറപ്പിച്ചിരിക്കുന്നു. അതാകട്ടെ നമ്മെ ആത്യന്തികമായി കൂടുതൽ ദുരന്തത്തിലെത്തിക്കുന്നു: തിന്മയുടെ വഞ്ചനാത്മകമായ ശക്തിയാണത്. അത് നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെ ഒരു മാർഗത്തിൽനിന്നു മറ്റൊരു വഴിയിലേക്ക് തട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടാണ് സത്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, നമ്മുടെ ഏറ്റവും ആഴത്തിലുള്ള ആഗ്രഹങ്ങളെയും പ്രവണതകളെയും തിരിച്ചറിയാനും വിലയിരുത്താനും മനസ്സിലാക്കാനും ജനങ്ങളെ പഠിപ്പിക്കാനുള്ളതായിരിക്കേണ്ടത്. നന്മയായതിനെ സംബന്ധിച്ച കാഴ്ച നഷ്ടപ്പെടാതിരിക്കാനും ഓരോ പ്രലോഭനത്തിനും കീഴ്പ്പെടാതിരിക്കാനും വേണ്ടിയാണത്.

### 3. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ 8:32)

വഞ്ചനാത്മകമായ ഭാഷകൊണ്ടുള്ള സ്ഥിരം ദുഷിപ്പിക്കൽ നമ്മുടെ ആന്തരിക ജീവിതത്തെ അവസാനം ഇരുണ്ടതാക്കിത്തീർക്കും. ഡൊസ്റ്റോവിസ്കിയുടെ നിരീക്ഷണം പ്രകാശം നല്കുന്ന ഒന്നാണ്: "തങ്ങളോടുതന്നെ നുണപറയുകയും സ്വന്തം നുണയെ ശ്രവിക്കുകയും ചെയ്യുന്നവർ തങ്ങളിൽത്തന്നെയും മറ്റുള്ളവരിലും ഉള്ള സത്യത്തെ തിരിച്ചറിയാനോ ശ്രവിക്കാനോ കഴിയാത്ത സ്ഥിതിയിലെത്തിച്ചേരും.

അങ്ങനെ തങ്ങളെപ്പറ്റിയും ചുറ്റുമുള്ള മറ്റുള്ളവരെപ്പറ്റിയും ഉണ്ടായിരിക്കേണ്ട ബഹുമാനം നഷ്ടപ്പെടും. അവർ ആദരവില്ലാത്തതുകൊണ്ട് സ്നേഹിക്കാത്തവരും തങ്ങളെത്തന്നെ നിലനിറുത്താൻ ഏകാഗ്രതയില്ലാത്തവരുമായി തീവ്ര വികാരങ്ങളിലേക്കും. മര്യാദയില്ലാത്ത സുഖങ്ങളിലേക്കും നീങ്ങും. അവർ തങ്ങളുടെ തിന്മകളിൽ മൃഗീയതയിലേക്കു മുങ്ങിത്താഴും. എല്ലാം തങ്ങളോടുതന്നെയും മറ്റുള്ളവരോടും നിരന്തം നുണപറഞ്ഞതുകൊണ്ടുതന്നെ" (കാരമസോവ് ബ്രദേഴ്സ് II,2).

അതുകൊണ്ട് നമ്മൾ എങ്ങനെ സ്വയം സംരക്ഷിക്കും? തെറ്റിന്റെ രോഗാണുവിനെതിരായ ഏറ്റവും മൗലികമായ മറുമരുന്ന് സത്യംകൊണ്ടുള്ള വിശുദ്ധീകരിക്കലാണ്. ക്രിസ്തുമതത്തിൽ സത്യം എന്നത് കാര്യങ്ങളെ സത്യമെന്നോ തെറ്റെന്നോ നിർവചിച്ച് എങ്ങനെ വിധിക്കുന്നു എന്ന വെറും സങ്കല്പപരമായ യാഥാർത്ഥ്യമല്ല. ഒളിച്ചുവച്ചിരിക്കുന്ന കാര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരൽ, "യാഥാർത്ഥ്യത്തെ വെളിപ്പെടുത്തൽ" - മാത്രമല്ല സത്യം. പ്രാചീന ഗ്രീക്കുഭാഷയിൽ *അലെത്തേയിയ* (അ-ലെത്തെസ് = മറഞ്ഞിരിക്കാത്തത്) എന്നാണ് പറഞ്ഞിരുന്നത്. അത് നമ്മെ വിശ്വാസത്തിലേക്കു നയിക്കുമെന്നാണ് കരുതിയിരുന്നത്. എന്നാൽ സത്യം നമ്മുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന ഒന്നാണ്. ബൈബിളിൽ പിന്തുണയുടെയും ഐക്യദാർഢ്യത്തിന്റെയും വിശ്വാസത്തിന്റേയും ഒരർത്ഥം അതിനുണ്ട്. 'അമാൻ' എന്ന ക്രിയാധാതുവിന് ആ അർത്ഥമാണുള്ളത്. ലിറ്റർജിപരമായ നമ്മുടെ 'ആമ്മേൻ' എന്ന പ്രയോഗത്തിന്റെ മൂലധാതു അതാണ്. മറിഞ്ഞുവീഴാതെ ചാരിനില്ക്കാവുന്ന ഒന്നാണ് സത്യം. ബന്ധപൂർവകമായ ഈ അർത്ഥത്തിൽ യഥാർത്ഥത്തിൽ ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യമായിരിക്കുന്നതും ഒരാൾ മാത്രമാണ്. നമുക്ക് ആശ്രയിക്കാൻ പരിഗണിക്കാവുന്ന ഏകവ്യക്തി. ആ വ്യക്തിയാണ് ദൈവം. അതുകൊണ്ട് യേശുവിന് ഇങ്ങനെ പറയാനാവും: "ഞാനാണു സത്യം" (യോഹ 14:6). നമ്മെ സ്നേഹിക്കുന്നവന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും സത്യത്തെ അനുഭവിച്ചറിയുമ്പോൾ നാം സത്യത്തെ കണ്ടെത്തുകയും വീണ്ടും കണ്ടെത്തുകയും ചെയ്യും. നമ്മെ സ്വതന്ത്രരാക്കാൻ ഇതിനുമാത്രമേ കഴിയുകയുള്ളൂ: "സത്യം നിങ്ങളെ സ്വതന്ത്രരാക്കും " (യോഹ 8:32).

**തെറ്റിൽനിന്നുള്ള സ്വാതന്ത്ര്യവും ബന്ധത്തിനുവേണ്ടിയുള്ള അന്വേഷണവും:** നമ്മുടെ വാക്കുകളും ആംഗ്യങ്ങളും സത്യസന്ധവും യഥാർത്ഥവും വിശ്വാസയോഗ്യവുമാകണമെങ്കിൽ ഈ രണ്ടു ഘടക

ങ്ങളും ഉണ്ടായിരിക്കണം. സത്യത്തെ വിവേചിച്ചറിയുന്നതിന് ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും നന്മയെ വളർത്തുകയും ചെയ്യുന്ന എല്ലാറ്റിനെയും തിരിച്ചറിയണം. ഒറ്റപ്പെടുത്താനും വിഭജിക്കാനും എതിർക്കാനും പ്രേരിപ്പിക്കുന്നവയെ മനസ്സിലാക്കണം. അതുകൊണ്ട് സത്യത്തെ വ്യക്തിത്വമില്ലാത്ത ഒന്നായി ബാഹ്യലോകത്തുനിന്ന് അടിച്ചേല്പിക്കുമ്പോൾ നാം യഥാർത്ഥത്തിൽ, അങ്ങിനെ സ്വീകരിക്കുന്നില്ല. എന്നാൽ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്രമായ ബന്ധങ്ങളിൽനിന്ന് പരസ്പര ശ്രവണത്തിൽനിന്ന് - ഉണ്ടാകുമ്പോൾ മാത്രമാണ് സ്വീകരിക്കുന്നത്.

സത്യാന്വേഷണം ഒരിക്കലും നിർത്തിവയ്ക്കാനും സാധ്യമല്ല. എന്തെന്നാൽ അസത്യം എപ്പോഴും കയറിക്കൂടാം. സത്യമായ കാര്യങ്ങൾ പറയുമ്പോൾപോലും അതുണ്ടാകാം. തെറ്റുവരാനാവാത്ത ഒരു വാദമുഖം യഥാർത്ഥത്തിൽ നിഷേധിക്കാനാവാത്ത യാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ അത് മറ്റൊരാളെ ദ്രോഹിക്കാനും മറ്റുള്ളവരുടെ മുമ്പിൽ അയാളെ വിശ്വസിക്കാനാവാത്തവനായി കാണിക്കാനും ഉപയോഗിച്ചാൽ, അത് എത്ര ശരിയായി കാണപ്പെട്ടാലും സത്യപൂർണമായിരിക്കുകയില്ല.

പ്രസ്താവനകളുടെ സത്യസന്ധതയെ അവയുടെ ഫലങ്ങളിൽനിന്ന് നമുക്കു തിരിച്ചറിയാം. അവ വഴക്കുകൾക്കു കാരണമാകുന്നുണ്ടോ? വിഭജനമുണ്ടാക്കുന്നുണ്ടോ? പിന്തിരിയാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? അതോ സർഗാത്മകമായ സംഭാഷണത്തിലേക്കും ഫലപൂർണമായ അനന്തരഫലങ്ങളിലേക്കും നയിക്കുന്ന വിവരങ്ങൾ അറിയുന്ന പക്വമായ വിചിന്തനത്തിലേക്കു നയിക്കുന്നുണ്ടോ?

**4. സമാധാനമാണ് യഥാർത്ഥ വാർത്ത**

അബദ്ധങ്ങൾക്കെതിരായിട്ടുള്ള ഏറ്റവും നല്ല മറുമരുന്നുകൾ സമരതന്ത്രങ്ങളല്ല, പിന്നെയോ വ്യക്തികളാണ്: അത്യാഗ്രഹമില്ലാത്ത മനുഷ്യർ, കേൾക്കാൻ തയ്യാറായിട്ടുള്ളവർ. സത്യം പുറത്തുവരുന്നതിന് ആത്മാർത്ഥമായ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശ്രമിക്കുന്നവർ, നന്മയാൽ ആകർഷിക്കപ്പെടുന്നവർ, ഭാഷയുടെ ഉപയോഗത്തെക്കുറിച്ച് ഉത്തരവാദിത്വം വഹിക്കാൻ തയ്യാറുള്ളവർ. വ്യാജവാർത്തകളുടെ പ്രചാരണത്തിനുള്ള പ്രത്യുത്തരം ഉത്തരവാദിത്വമാണെങ്കിൽ വിവരങ്ങൾ നല്കുകയെന്ന ജോലി ചെയ്യുന്നവർക്ക് - ജേർണലിസ്റ്റുകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. അവർ വാർത്തകളുടെ സംരക്ഷകരാണ്. ഒരർത്ഥത്തിൽ അവരുടേത് ഇന്നത്തെ ലോകത്ത് വെറും ജോലിയല്ല. അത്

ഒരു ദൗത്യമാണ്. ഉന്മാദത്തെ തീറ്റിപ്പോറ്റുന്നതിന്റെയും വാർത്തകൾ തട്ടിയെടുത്തു പെട്ടെന്നു പ്രചരിപ്പിക്കാനുള്ള ഭ്രാന്തുപിടിച്ച ഓട്ടത്തിന്റെയും മധ്യത്തിൽ അവർ ഒരു കാര്യം ഓർക്കണം: വിവരദാനത്തിന്റെ ഹൃദയം റിപ്പോർട്ടുചെയ്യുന്നതിലുള്ള ധൃതിയല്ല, അത് ശ്രോതാക്കളിൽ ചെലുത്തുന്ന സ്വാധീനവുമല്ല, പിന്നെയോ വ്യക്തികളാണ്. മറ്റുള്ളവർക്ക് അറിവുപകരുകയെന്നതിന്റെ അർത്ഥം മറ്റുള്ളവരെ പരിശീലിപ്പിക്കുകയെന്നതാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധമുണ്ടായിരിക്കുകയെന്നതാണ്. അതുകൊണ്ടാണ് ഉറവിടങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതും വിവരദാനത്തെ സംരക്ഷിക്കുന്നതും നന്മയെ വളർത്താനും വിശ്വാസ്യതയെ ജനിപ്പിക്കാനും കൂട്ടായ്മയ്ക്കും സമാധാനത്തിനുമുള്ള മാർഗം തുറക്കാനും വേണ്ടിയുള്ള യഥാർത്ഥ മാർഗമായിരിക്കുന്നത്.

അതുകൊണ്ട്, സമാധാനത്തിന്റെ ജേർണലിസത്തെ വളർത്താൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇതുവഴി, ഗൗരവമുള്ള പ്രശ്നങ്ങളെ അംഗീകരിക്കാതെ മധുരിപ്പിക്കുന്ന ജേർണലിസം എന്നോ തീവ്രവികാരത്തെ ഉദ്ദീപിക്കുന്ന ജേർണലിസമെന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. നേരേമറിച്ച്, സത്യസന്ധവും തെറ്റുകളെയും തർക്കപരമായ മുദ്രാവാക്യങ്ങളെയും വികാരതീവ്രതയുണ്ടാക്കുന്ന തലവാചകങ്ങളെയും എതിർക്കുന്ന ജേർണലിസമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട, എല്ലാവർക്കും സേവനം ചെയ്യുന്ന - പ്രത്യേകിച്ച് നമ്മുടെ ലോകത്തിൽ ഭൂരിപക്ഷമായിട്ടുള്ള ശബ്ദമില്ലാത്തവർക്ക് സേവനംചെയ്യുന്ന ജേർണലിസംതന്നെ. അത് ബ്രേക്കിംഗ് ന്യൂസുകളിൽ കുറച്ചുമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കണം. സംഘട്ടനങ്ങളുടെ അടിയിലുള്ള കാരണങ്ങളെ കണ്ടെത്തുന്നതും കൂടുതൽ ആഴത്തിൽ ധാരണയുണ്ടാകാനും ഗുണകരമായ പ്രക്രിയയിലൂടെ അവയുടെ പരിഹാരത്തിനു സഹായിക്കുന്നതുമായിരിക്കണം. അലറുന്ന പരാക്രമത്തിനും വാക്കുകൊണ്ടുള്ള അക്രമത്തിനും പകരമായിട്ടുള്ളവ ചൂണ്ടിക്കാണിക്കുന്നതിന് സ്വയം സമർപ്പിക്കുന്ന ഒരു ജേർണലിസമാണു വേണ്ടത്.

ഈ ലക്ഷ്യത്തിനായി വ്യക്തിയായിത്തീർന്ന സത്യത്തിലേക്ക് ഫ്രാൻസിസ്കൻ പ്രാർത്ഥനയിൽനിന്നു പ്രചോദനം സ്വീകരിച്ച് നമുക്കു തിരിയാം:

> കർത്താവേ, ഞങ്ങളെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ.

കൂട്ടായ്മയെ സൃഷ്ടിക്കാത്ത വിവരദാനപ്രക്രിയയിൽ ഒളിഞ്ഞിരിക്കുന്ന തിന്മയെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കണമേ.

ഞങ്ങളുടെ ന്യായവിധികളിൽനിന്ന് വിഷംമാറ്റിക്കളയാൻ ഞങ്ങളെ സഹായിക്കണമേ.

മറ്റുള്ളവരെ ഞങ്ങളുടെ സഹോദരീസഹോദരന്മാരായി കണ്ട് സംസാരിക്കാൻ ഞങ്ങളെ സഹായിക്കണമേ,

അവിടന്ന് വിശ്വസ്തനും വിശ്വാസയോഗ്യനുമാകുന്നു, ഞങ്ങളുടെ വാക്കുകൾ ലോകത്തിനു നന്മയുടെ വിത്തുകളായിരിക്കട്ടെ:

ആക്രോശമുള്ളിടത്ത് ഞങ്ങൾ ശ്രവണം പരിശീലിക്കട്ടെ.

ആശയക്കുഴപ്പമുള്ളിടത്ത് ഞങ്ങൾ സമന്വയത്തെ പ്രചോദിപ്പിക്കട്ടെ.

സംശയമുള്ളിടത്ത് ഞങ്ങൾ വ്യക്തത കൊണ്ടുവരട്ടെ.

പരിവർജ്ജനമുള്ളിടത്ത് ഞങ്ങൾ ഐക്യദാർഢ്യം നല്കട്ടെ.

പ്രക്ഷോഭമുള്ളിടത്ത് ഞങ്ങൾ സമചിത്തത ഉപയോഗിക്കട്ടെ.

ഉപരിപ്ലവത്വമുള്ളിടത്ത് ഞങ്ങൾ യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കട്ടെ.

മുൻവിധിയുള്ളിടത്ത് ഞങ്ങൾ വിശ്വാസ്യതയെ ഉണർത്തട്ടെ.

ശത്രുതയുള്ളിടത്ത് ഞങ്ങൾ ബഹുമാനം കൊണ്ടുവരട്ടെ.

അബദ്ധമുള്ളിടത്ത് ഞങ്ങൾ സത്യം കൊണ്ടുവരട്ടെ.

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2018 ജൂൺ 3-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

**Prot. No. 317/18**

# വിജ്ഞാപനം
# വൈദികസമിതി തിരഞ്ഞെടുപ്പ്

2015-2018 വർഷത്തേയ്ക്കുള്ള തലശ്ശേരി അതിരൂപതാ വൈദിക സമിതിയുടെ (പ്രെസ്ബിറ്ററൽ കൗൺസിൽ) കാലാവധി മെയ് മാസത്തോടെ അവസാനിക്കുന്നതിനാൽ അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള വൈദിക സമിതിയുടെ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതായി അറിയിക്കുന്നു.

വൈദികസമിതിയിലേയ്ക്കുള്ള അംഗങ്ങളെ രണ്ട് തരത്തിലാണ് തിരഞ്ഞെടുക്കുന്നത്. (അതിരൂപതാ വൈദികസമിതി നിയമാവലി Article 4.2). 1. ഓരോ ഫൊറോനയിലെയും തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികർ ഒന്നിച്ചുകൂടി തെരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി. 2. അതിരൂപതയിലെ വൈദികരെ തിരുപ്പട്ട സ്വീകരണ വർഷത്തിന്റെ ക്രമത്തിൽ 40നും 50നും ഇടയ്ക്ക് അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽനിന്നും തിരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികൾ വീതം.

ഫൊറോനകളിൽനിന്നുള്ള പ്രതിനിധികളെ 2018 ജൂൺ മാസ ത്തിലെ മാസധ്യാനാവസരത്തിൽ തിരഞ്ഞെടുത്ത് ജൂൺ 30ന് മുമ്പ് അതിരൂപതാ കച്ചേരിയിൽ അറിയിക്കണം.

ബാച്ച് അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിന് ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടാൻ യോഗ്യരായിട്ടുള്ളവരുടെ പേരുകൾ രേഖപ്പെടുത്തിയ ബാലറ്റുപേപ്പറുകൾ അതാത് ഗ്രൂപ്പിൽപ്പെട്ടവർക്ക് അയച്ചുതരുന്നതാണ്. മൂന്നുപേരുടെ പേരുകൾ വീതം അടയാളപ്പെടുത്തി ബാലറ്റുപേപ്പറുകൾ 2018 ജൂൺ 30നു മുമ്പ് ലഭിക്കത്തക്കവിധം തിരികെ അയയ്ക്കണം.

ഈ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായ അതിരൂപതാ ചാൻസല റിനെ സഹായിക്കാൻ താഴെ പറയുന്ന ബഹു. വൈദികരെ ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായി നിയമിക്കുന്നു.

1. ഫാ. തോമസ് തയ്യിൽ 2. ഫാ. ജോൺസൺ കോവൂർപുത്തൻ പുരയിൽ 3. ഫാ. ജോർജ് കരോട്ട്.

2018-2021 വർഷത്തേയ്ക്കുള്ള തലശ്ശേരി അതിരൂപതാ വൈദിക സമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നിയമാനുസൃതം നടത്തി 2018 ജൂലൈ 3-ന് മുമ്പ് അംഗങ്ങളുടെ പട്ടിക സമർപ്പിക്കുവാൻ മുകളിൽ പറഞ്ഞിരിക്കുന്ന കമ്മീഷനെ ചുമതലപ്പെടുത്തുന്നു.

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്ന് 2018 മെയ്മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (13.05.2018)

| | | | |
|---|---|---|---|
| 1 | എടാട്ട് മാത്യു HGN | വികാരി | കാലാങ്കി |
| 2 | ആലംങ്കോട്ട് മാത്യു | ,, | നെല്ലിപ്പാറ |
| 3 | അമ്പാട്ട് സെബാസ്റ്റ്യൻ | ,, | കമ്പല്ലൂർ |
| 4 | ആനചാരിക്കൽ ജോസഫ് | ,, | പുഞ്ച |
| 5 | അറയ്ക്കൽ കുര്യാക്കോസ് | ,, | പാലത്തിൻകടവ് |
| 6 | അരീക്കുന്നേൽ ജോർജ് | ,, | ചെറുപാറ |
| 7 | അരീപ്ലാക്കൽ മാത്യു | ,, | പൂളക്കുറ്റി |
| 8 | ആശാരിപറമ്പിൽ മാത്യു | ഡയറക്ടർ | ഡിപ്പാർട്ട്മെന്റ് ഓഫ് ഫാമിലി യൂണിറ്റ്സ് & എ.കെ.സി.സി., ഡി.എഫ്.സി. |
| 9 | ചക്കനാനിക്കൽ സ്കറിയ | വികാരി | തേർമല & തിരൂർ |
| 10 | ചക്കിട്ടമുറിയിൽ തോമസ് | ,, | ചൂരപ്പടവ് |
| 11 | ചാലിൽ മാത്യു | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 12 | ചാരംതൊട്ടിയിൽ ജേക്കബ് CST | വികാരി | കോട്ടൂർ |
| 13 | ചേലമരം ജോർജ് | വികാരി | കരയത്തുംചാൽ |
| 14 | ചേന്നാട്ട് ഫിലിപ്പ് | ,, | വരക്കാട് |
| 15 | ചെരുവിൽ തോമസ് | ,, | രണ്ടാംകടവ് |
| 16 | ചിറ്റേട്ട് ആന്റണി | ,, | മുള്ളേരിയ, ദേലംപാടി |
| 17 | ചിറ്റിലപ്പള്ളി തോമസ് | ,, | പാലാവയൽ |
| 18 | എളൂക്കുന്നേൽ ജോർജ് | ,, | പെരിയ, പൊയ്നാച്ചി, (അഡീഷണൽ ചാർജ്) |
| 19 | ഇരുപ്പക്കാട്ട് ഫിലിപ്പ് | ,, | പെരുമ്പടവ് |
| 20 | ഇട്ടിയപ്പാറ സെബാസ്റ്റ്യൻ | ഡയറകടർ | ഫാമിലി അപ്പൊസ്റ്റൊലേറ്റ് |
| 21 | കൈനിക്കൽ പോൾ OFM Cap. | വികാരി | മേലേചൊവ്വ |
| 22 | കളരിക്കൽ ജോസഫ് | | അവധി |
| 23 | കളരിക്കൽ കുര്യാക്കോസ് | വികാരി | വായാട്ടുപറമ്പ |
| 24 | കളരിക്കൽ മാത്യു സിഎംഐ | ,, | എടപ്പുഴ |
| 25 | കളരിമുറിയിൽ ജോർജ് | അഡ്മിനിസ്ട്രേറ്റർ | മദർഹോം, ഡയറക്ടർ ADAM |

| | | | |
|---|---|---|---|
| 26 | കല്ലുങ്കൽ മാത്യു | സ്റ്റാഫ് | മണ്ഡ്യ സെമിനാരി |
| 27 | കണ്ടത്തിൽ പോൾ | വികാരി | ജോസ്മൗണ്ട് |
| 28 | കാഞ്ഞിരക്കാട്ട് ജോർജ് | ,, | ചെമ്പേരി |
| 29 | കാരിക്കൽ മാത്യു | ,, | വിളമന |
| | | അതിരൂപതാ പ്രൊജക്ട് കോ-ഓർഡിനേറ്റർ | |
| 30 | കാരിക്കാത്തടത്തിൽ ജോർജ് | ,, | ഒറ്റത്തൈ |
| 31 | കരിനാട്ട് ജോസഫ് | ,, | കോലുവള്ളി |
| 32 | കരിങ്ങാലിക്കാട്ടിൽ ജോർജ് | മെഡിക്കൽ ലീവ് | |
| 33 | കരോട്ട് ജോർജ് | വികാരി | തലശ്ശേരി കത്തീഡ്രൽ & റെക്ടർ, മൈനർ സെമിനാരി |
| 34 | കറുകമാലിൽ ജോസഫ് | വികാരി | അരവഞ്ചാൽ |
| 35 | കവിയിൽ ഫിലിപ്പ് | ഡയറക്ടർ | ബൈബിൾ അപ്പൊസ്റ്റൊലേറ്റ്, ഡീൻ ഓഫ് സ്റ്റഡീസ്-ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് |
| 36 | കായാംമാക്കൽ മാത്യു | വികാരി | പുറവയൽ |
| 37 | കീച്ചേൻകരിയിൽ ജോസഫ് | ,, | കടുമേനി |
| 38 | കിടാരത്തിൽ തോമസ് | ,, | പേരട്ട |
| 39 | കിഴക്കരക്കാട്ട് ജോസഫ് | | പഠനം |
| 40 | കൊച്ചുപുരയ്ക്കൽ അബ്രാഹം | വികാരി | പൊന്മല |
| 41 | കൊച്ചുവീട്ടിൽ പീറ്റർ | ,, | ആയന്നൂർ |
| 42 | കൊടകനാടി ജോർജ് | റിട്ടയർമെന്റ് | ടിഎസ്എസ് ചുടല എസ്റ്റേറ്റ് |
| 43 | കൊല്ലക്കൊമ്പിൽ ജോർജ് | ,, | ശാന്തിഭവൻ |
| 44 | കോണിക്കൽ മാത്യു | അസി.മാനേജർ | മേരിമാതാ കോളെജ്, ആലക്കോട് (അഡീഷണൽ) |
| 45 | കൂനാനിക്കൽ തോമസ് | വികാരി | നെല്ലിക്കുറ്റി |
| 46 | കൊരട്ടിപറമ്പിൽ ജോസഫ് | ,, | പടിയൂർ |
| 47 | കോവാട്ട് ജോർജ് | ,, | പഠനം |
| 48 | കുരീക്കാട്ടിൽ ജോസഫ് | ,, | റയറോം |
| 49 | മാളക്കാരൻ ജോസഫ് | ,, | വിജയഗിരി (കാപ്പിമല) |
| | | അസി. പ്രിൻസിപ്പൽ ആലക്കോട് കോളെജ് | |
| 50 | മണവത്ത് തോമസ് | ,, | കച്ചേരിക്കടവ് |
| 51 | മണിമലത്തറപ്പേൽ മാത്യു | ,, | മേരിഗിരി, തേർത്തല്ലി ടൗൺ, മൗവ്വത്താനി |
| 52 | മഞ്ഞളാംകുന്നേൽ ജോസഫ് | അസി. ഡയറക്ടർ മദർ ഹോം | |
| 53 | മണ്ണാപറമ്പിൽ വർഗ്ഗീസ് | | പഠനം |
| 54 | മറ്റപ്പള്ളി ലൂക്കോസ് | | മെഡിക്കൽ ലീവ് |
| 55 | മറ്റത്തിൽ ഫ്രാൻസിസ് | വികാരി | ആര്യപറമ്പ |

| | | | |
|---|---|---|---|
| 56 | മറ്റത്തിൽ ഐസക് | വികാരി | കാർത്തികപുരം |
| 57 | മേച്ചിറാകത്ത് ഫ്രാൻസീസ് | അജപാലനം & പഠനം അയർലന്റ് | |
| 58 | മുല്ലക്കര ജോൺ | വികാരി | അങ്ങാടിക്കടവ് |
| 59 | മുണ്ടമറ്റം തോമസ് | ,, | വെമ്പുവ |
| 60 | മുട്ടത്തുപാറ സെബാസ്റ്റ്യൻ | ,, | മണ്ഡപം |
| 61 | നടാംകുഴി പോൾ SJ | അസി. വികാരി | പൈസക്കരി |
| 62 | നടുവിലേക്കൂറ്റ് തോമസ് | വികാരി | ഉരുപ്പുംകുറ്റി, വിസിറ്റിങ് പ്രൊഫ. GSMS കുന്നോത്ത് |
| 63 | നെടുങ്ങാട്ട് ജേക്കബ് | വികാരി | ചെങ്ങോം |
| 64 | നീണ്ടൂർ തോമസ് | ,, | കീഴ്പ്പള്ളി |
| 65 | നിരപ്പേൽ സ്കറിയ | എക്സിക്യൂട്ടീവ് ഡയറക്ടർ ടിഎസ്എസ്എസ് | |
| 66 | ഞാമത്തോലിൽ അബ്രാഹം | സെക്രട്ടറി ആർച്ച്ബിഷപ്പ് & വൈസ്ചാൻസലർ | |
| 67 | പയ്യമ്പിള്ളിൽ തോമസ് | വികാരി | ഉളിക്കൽ |
| 68 | പാലാക്കുഴി സെബാസ്റ്റ്യൻ | ,, | പൈസക്കരി |
| 69 | പാലത്താനത്ത് അഗസ്റ്റിൻ CST | ,, | നെല്ലിക്കുന്ന് |
| 70 | പള്ളിക്കുന്നേൽ ആന്റണി | ,, | അതിരുമാവ് |
| 71 | പാമ്പയ്ക്കൽ തോമസ് | ,, | കാലിച്ചാമരം |
| 72 | പന്തലാടിക്കൽ ജോസഫ് | | ഷംഷാബാദ് രൂപത |
| 73 | പരവരാകത്ത് മാത്യു | ,, | കാഞ്ഞങ്ങാട് |
| 74 | പട്ടാംകുളം തോമസ് | ,, | പനത്തടി |
| 75 | പയ്യനാട്ട് മാത്യു | ,, | ബെഡൂർ |
| 76 | പെരുമ്പള്ളിൽ മാത്യു | സ്പിരി. ഫാദർ | മേരിമാതാ സെമിനാരി, തൃശൂർ |
| 77 | പൂവത്താനിക്കുന്നേൽ സ്കറിയ | വികാരി | നെടുവാലൂർ |
| 78 | പുളിക്കൽ സെബാസ്റ്റ്യൻ | ,, | ലിസ്സിഗിരി |
| 79 | പുന്നൂർ ആന്റണി | ,, | കരിക്കോട്ടക്കരി |
| 80 | പുത്തൻനടയിൽ ജെയിംസ് | ഡയക്ടർ | കരുണാലയം, സാന്ത്വനം, & വിമല ഹോസ്പിറ്റൽ |
| 81 | പുത്തൻപുരയ്ക്കൽ സേവ്യർ (സീനി.) | വികാരി | കൊട്ടോടി |
| 82 | പുതിയാകുന്നേൽ ജോസഫ് | ,, | കണ്ണിവയൽ |
| 83 | പുതുപള്ളിൽ സെബാസ്റ്റ്യൻ | ഡയറക്ടർ | മദർ ഹോം |
| 84 | പുതുപ്പള്ളിമ്യാലിൽ മാത്യു MST | വികാരി | ചീമേനി |
| 85 | റാത്തപ്പള്ളി ജോസഫ് CMI | ,, | ബിരിക്കുളം |
| 86 | ശാസ്താംപടവിൽ മാത്യു | അസി. കോർപ്പറേറ്റ് മാനേജർ (അഡീഷണൽ ചാർജ്) | |
| 87 | തടത്തിമാക്കൽ വർക്കി | വികാരി | കൊന്നക്കാട് |
| 88 | തയ്യിൽ തോമസ് | ഡയറക്ടർ | സന്ദേശഭവൻ (അഡീഷണൽ) |

| | | | |
|---|---|---|---|
| 89 | താഴപ്പള്ളി സെബാസ്റ്റ്യൻ | റോം | പഠനം |
| 90 | തെക്കേക്കുളം മാത്യു | വികാരി | ആനപ്പന്തി |
| 91 | തെക്കേമുറി മാത്യു | ,, | നിർമ്മലഗിരി, ബർസാർ നിർമ്മലഗിരി കോളെജ് |
| 92 | തേലക്കാട്ട് സേവ്യർ | വികാരി | കല്ലുവയൽ |
| 93 | തോണിപ്പാറ അബ്രാഹം | സ്പിരി. ഫാദർ | മദർ ഹോം |
| 94 | തൈക്കുന്നുംപുറം ജോർജ് | വികാരി | ചുണ്ടപ്പറമ്പ |
| 95 | വടക്കേപറമ്പിൽ ജോസഫ് | ,, | അരിവിളഞ്ഞപൊയിൽ |
| 96 | വലിയപറമ്പിൽ മാത്യു | ,, | അട്ടേങ്ങാനം |
| 97 | വള്ളോപ്പിള്ളി പോൾ | ,, | കൊളക്കാട് |
| 98 | വരമ്പകത്ത് സ്കറിയ | ,, | പൂപ്പറമ്പ (അഡീഷണൽ) |
| 99 | വരിക്കാനിക്കൽ മാർട്ടിൻ | | മെഡിക്കൽ ലീവ് |
| 100 | വാഴകാട്ട് ജോൺ | ,, | പാത്തൻപാറ |
| 101 | വേങ്ങക്കുന്നേൽ ജോസഫ് | ഡയറക്ടർ | CML & അസി. ഡയറക്ടർ മതബോധനം |
| 102 | വെണ്ണായപ്പിള്ളി ജേക്കബ് | ഡയറക്ടർ | മതബോധനം, സെക്രട്ടറി PPF |
| 103 | വെട്ടിക്കൽ ജോസ് | വികാരി ജനറൽ | ഫരീദാബാദ് |

**അസിസ്റ്റന്റ് വികാരിമാർ**

| | | |
|---|---|---|
| 1 | ചാലിൽ ജോർജ് | നെല്ലിക്കാംപൊയിൽ |
| 2 | ചിറയിൽ അഗസ്റ്റിൻ MST | മേരിഗിരി |
| 3 | കളപ്പുരക്കൽ ജോസഫ് | ചെമ്പന്തൊട്ടി |
| 4 | കാഞ്ഞിരത്തിങ്കൽ ജോസഫ് | ചെറുപുഴ |
| 5 | കിഴക്കുംഭാഗം ജോസഫ് MCBS | പുളിങ്ങോം |
| 6 | കൂവപ്പാറ ജോൺ | ചെമ്പേരി |
| 7 | കൊട്ടാരത്തിൽ ജോസഫ് | തളിപ്പറമ്പ |
| 8 | മാടശ്ശേരി ലൂക്കോസ് | പെരിയ, പൊയ്നാച്ചി |
| 9 | മുതുമരത്തിൽ വർഗ്ഗീസ് CMF | മാലോം |
| 10 | നെല്ലിത്താനത്ത് ഡെന്നീസ് | വെള്ളരിക്കുണ്ട് |
| 11 | പ്ലാത്തോട്ടം ജോസഫ് CRM | പാലാവയൽ |
| 12 | പ്രവർത്തുംമലയിൽ മാത്യു | വെളിമാനം |
| 13 | പുതുക്കുളങ്ങര കുര്യാക്കോസ് | പൈസക്കരി |
| 14 | പുതുശ്ശേരി ചാക്കോ Oprem | മണിക്കടവ് |
| 15 | പുതുശ്ശേരി പോൾ | ചന്ദനക്കാംപാറ |
| 16 | റാത്തപ്പള്ളി ജോസഫ് | തോമാപുരം |
| 17 | വയലിക്കോടത്ത് റോയി (മണ്ഡ്യ) | കുന്നോത്ത് |
| 18 | വെട്ടിയാനിക്കൽ വർഗ്ഗീസ് | വായാട്ടുപറമ്പ |

## 2. നന്ദിയും സ്വാഗതവും

കോട്ടൂർ ഇടവകയുടെ വികാരിയായി പത്ത് വർഷത്തോളം സേവനം ചെയ്ത് പ്രൊവിൻഷ്യൽ കൗൺസിലറായി കോഴിക്കോടേയ്ക്ക് സ്ഥലംമാറി പോകുന്ന റവ. ഫാ. ജോസഫ് ചാത്തനാട്ട് സി.എസ്.ടി.ക്ക് തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു. അച്ചന്റെ പരിശ്രമഫലമായാണ് കോട്ടൂര് മനോഹരമായ ഒരു ദൈവാലയം പണി കഴിപ്പിച്ചത്. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായും വിവിധ സമിതികളിൽ അംഗമായും തലശ്ശേരി അതിരൂപതയിൽ അച്ചൻ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

എടപ്പുഴ ഇടവകയുടെ വികാരിയായി ഒരു വർഷക്കാലം ശുശ്രൂഷ ചെയ്ത ഫാ. ജോർജ് പള്ളിക്കാമഠത്തിൽ സി.എം.ഐ.ക്കും മേലെചൊവ്വ ഇടവകയുടെ വികാരിയായി ഒരുവർഷം സേവനം ചെയ്ത ഫാ. കുര്യൻ ചിറപ്പുറത്ത് ഒ.എഫ്.എം(ക്യാപ്) നും നെല്ലിക്കുന്ന് പള്ളിയുടെ വികാരിയായി മൂന്ന് വർഷക്കാലം സേവനം ചെയ്ത ഫാ. ജെയിംസ് വാളിമല സി.എസ്.ടി അച്ചനും തലശ്ശേരി അതിരൂപത ഹൃദ്യമായ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തനമേഖലകളിൽ വിജയാശംസകൾ നേരുന്നു.

വിവിധ ഇടവകകളിൽ കൊച്ചച്ചന്മാരായി സേവനമനുഷ്ഠിച്ചിരുന്ന ഫാ. മാണി മുകളേൽ സി.എം.എഫ് (നെല്ലിക്കാംപൊയിൽ), ഫാ. സെബാസ്റ്റ്യൻ തടത്തിൽ സി.ആർ.എം. (മേരിഗിരി), ഫാ. ആന്റണി പാറവെട്ടിയേൽ സി.ആർ.എം.(വെളിമാനം), ഫാ. വർഗീസ് ആനാത്തിൽ ഒ.എസ്.ബി. (മണിക്കടവ്), ഫാ. ബിനോയി ചെറുവില്ലത്ത് സി.എം.ഐ. (പെരുമ്പുന്ന), ഫാ. ജോൺ കൂറുമുള്ളിൽ എം.എസ്.ടി (കടുമേനി), ഫാ. എമ്മാനുവേൽ മാടവന എം.എസ്.ടി (ഭീമനടി), ഫാ. ജെയ്സൺ ഇഞ്ചത്താനത്ത് സി.എസ്.ടി (ചെമ്പേരി), ഫാ. ഷാന്റു വളയത്ത് സി.എം.ഐ. (തോമാപുരം), ഫാ. അനു വെള്ളാപ്പള്ളി സി.എം.ഐ. (നെല്ലിക്കുറ്റി) എന്നിവർ മാതൃ ഭവനങ്ങളിലേക്ക് തിരികെ പോവുകയാണ്. അവരുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുകയും പുതിയ പ്രവർത്തന മേഖലകളിൽ വിജയം ആശംസിക്കുകയും ചെയ്യുന്നു.

## 3. വികാരിമാറ്റ റിപ്പോർട്ട്

വികാരിയച്ചന്മാർ സ്ഥലം മാറിയ ഏതാനും ഇടവകകളിൽനിന്നും വികാരിമാറ്റ റിപ്പോർട്ടിന്റെ കോപ്പി ഇനിയും ലഭിക്കാനുണ്ട്. സ്ഥലംമാറിയ വികാരിയും പുതിയ വികാരിയും ഒപ്പിട്ട വികാരിമാറ്ററിപ്പോർട്ടുകൾ അയയ്ക്കാത്ത ഇടവകകൾ 2018 ജൂൺ 15നു മുമ്പ് അവ അതിരൂപതാ കച്ചേരിയിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 4. ഫൊറോന വികാരിമാരുടെ യോഗം

നമ്മുടെ അതിരൂപതയിലെ എല്ലാ ബഹു. ഫൊറോന വികാരി യച്ച ന്മാരുടെയും ഒരു യോഗം 2018 ജൂൺ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ വച്ചുചേരുന്നതാണ്. എല്ലാ ബഹു. ഫൊറോന വികാരിയച്ചന്മാരും പ്രസ്തുത മീറ്റിങ്ങിൽ സംബന്ധി ക്കണമെന്ന് താൽപര്യപ്പെടുന്നു.

## 5. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്

ബഹു. വൈദികരുടെ ഈ വർഷത്തെ തുടർപരിശീലനപരിപാടി ജൂലൈ മാസം 9-11 തീയതികളിലും 16-18 തീയതികളിലുമായി തലശ്ശേരി സന്ദേശ ഭവനിൽവച്ച് നടത്തുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന ദിവസം വൈകു ന്നേരം 6 മണിക്ക് തുടങ്ങി അവസാനിക്കുന്ന ദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് സമാപിക്കുന്നതാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഈ ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 6. പത്രോസിന്റെ കാശ് പിരിവ്

എല്ലാവർഷവും ജൂൺമാസത്തിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് പിരിക്കുന്നത്. ഈ സംഭാവന നല്കുന്നതിലൂടെ സാർവ്വത്രികസഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസിയും പങ്കാളിയാവുകയാണ്. ജൂൺ 29-നാണ് വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ. അതിന്റെ തലേ ഞായറാഴ്ച ജൂൺ 24-ാം തീയതി ഈ തിരുനാളിനെക്കുറിച്ചും പത്രോസിന്റെ കാശ്പിരിവിനെക്കുറിച്ചും ജനങ്ങളെ അറിയിച്ച് അന്നത്തെ സ്തോത്രക്കാഴ്ചയെടുത്ത് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 7. സീറോ-മലബാർ സഭാദിനം-ജൂലൈ 3

നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ ദിനമായ ജൂലൈ 3 സീറോ-മലബാർ സഭാദിനമായി നാം ആചരിക്കുന്നു. അന്നത്തെ സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പി സ്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേക്ക് നല്കുന്നതിനു വേണ്ടിയാണ് സമാഹരിക്കുന്നത്. ഓരോ വ്യക്തിയും കുറഞ്ഞത് 2 രൂപയെങ്കിലും സ്തോത്രക്കാഴ്ചയായി നല്കണം. പിരിഞ്ഞു കിട്ടുന്ന തുക ജൂലൈ-15നു മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 8. പ്രെസ്ബിറ്ററൽ കൗൺസിൽ തിരഞ്ഞെടുപ്പ്

2018-2021 വർഷത്തേയ്ക്കുള്ള പുതിയ വൈദികസമിതിയിലേയ്ക്കുള്ള ഫൊറോനയിൽനിന്നുള്ള അംഗങ്ങളെ ജൂൺ മാസത്തിലെ മാസ ധ്യാനത്തിൽനിന്നും തിരഞ്ഞെടുക്കാൻ ബഹു. ഫൊറോന വികാരിയച്ചന്മാർ ഓർമ്മിക്കുമല്ലോ. ഫൊറോന വികാരിമാർ ഈ സമിതിയിൽ ഔദ്യോഗിക

അംഗങ്ങൾ അല്ലാത്തതിനാൽ അവരെയും വേണമെങ്കിൽ തിരഞ്ഞെടുക്കാം. അഭിവന്ദ്യപിതാവിന്റെ വിജ്ഞാപനത്തിൽനിന്നും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുമല്ലോ

## 9. ആദരാഞ്ജലി

**ശ്രീമതി ബ്രിജീത്ത നിരപ്പേൽ:** ബഹു. ജെയിംസ് നിരപ്പേൽ അച്ചന്റെ വത്സലമാതാവ് ശ്രീമതി ബ്രിജീത്ത നിരപ്പേൽ 2018 ഏപ്രിൽ 28ന് നിര്യാതയായി. ഏപ്രിൽ 30ന് തിങ്കളാഴ്ച മാലോം സെന്റ് ജോർജ് ദൈവാലയത്തിൽവച്ചു നടന്ന മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികത്വം വഹിച്ചു. പരേതക്ക് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 10. സ്നേഹസ്മൃതി

1. റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ - 01-06-1963
2. റവ. ഫാ. റാഫേൽ തറയിൽ - 03-06-2007
3. റവ. ഫാ. സിറിയക് ചെമ്മാഴം - 04-06-1985
4. റവ. ഫാ. മാത്യു വില്ലന്താനം - 05-06-2015
5. റവ. ഫാ. തോമസ് കാട്ടൂർ - 08-06-1977
6. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 09-06-1986
7. റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. - 10-06-1982
8. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ - 10-06-1994
9. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര - 11-06-2005
10. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ - 15-06-2015
11. റവ. ഫാ. പോൾ മൂശാരിയേട്ട് - 19-06-2006
12. റവ. മോൺ. ജേക്കബ് വാരികാട്ട് - 21-06-2001
13. റവ. ഫാ. ജോസഫ് അടിപുഴ - 21-06-2008
14. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. - 24-06-1974
15. റവ. മോൺ. വർക്കി കുഴികുളത്തിൽ - 24-06-2009
16. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. - 25-06-1970
17. റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. - 24-06-2003
18. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 26-06-1986
19. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. - 28-06-2004
20. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. - 30-06-2007

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# Priests' Refresher Course 2018
# I Batch (July 09-11)

**Rev. Fathers**

Anakkallil Antony
Anakkallil James
Anakuthiyil Mathew
Ananickal Jose
Anickathottathil Jacob
Anithanam Joseph
Asarikunnel George
Chakeyarath Mathew
Chakkananickal Scaria
Chakkanikunnel Thomas
Chakkittamuriyil Thomas
Chanakkattil Antony
Chathanattu Joseph
Chelamaram George
Cheruvil Thomas
Chirayil George
Chittett Antony
Chittilapally Thomas
Elavumkunnel George (Sr)
Elukunnel George Msgr
Enacheril Joseph
Eruppakkatt Philip
Ezhuparayil Sebastian
Ittiyappara Sebastian
Kadaliyil Joseph
Kakkaramattam Joseph
Kalappura George
Kalarickal Joseph
Kalarickal Kuriakose
Kanjirakkatt George
Karottu George
Karottu Jacob
Karukamalil Joseph
Kattakayathil Thomas
Kavanady Joseph
Keechankeriyil Joseph
Keezharathil Thomas
Kizhakethalackal Martin
Kizhakkarakattu Joseph
Kizhuthara George
Kochukarottu Thomas
Koonanickal Thomas
Koonankiyil Emmanuel
Korattiparambil Joseph
Kottukapally Thomas
Kovattu George
Kovoorputhenpurayil John
Koyipuram Joseph
Kunnel Jose OSB
Mampallikunnel Joseph
Manavath Thomas
Manchapillil Joseph
Manickathazhe Jose
Manimalatharappil Mathew
Manjalamkunnel Antony
Manjalamkunnel Joseph
Mappilaparambil Thomas (Jr)
Mattathil Francis
Mattathil Isaac
Mechirakath Francis
Melvettom Mani
Menachery Louis
Mookkilikkattu Sebastian
Mundamattam Thomas
Mundaplackal Kuriakose
Muthukunnel Antony
Muttathupara Sebastian
Nelluvelil George
Nelluvelil John O. Praem

Nirappel Alex
Nirappel Joseph
Nirappel Scaria
Ottaplackal Joseph
Padinjareanisseril George
Padinjaremuriyil Pious
Paimpillil Thomas
Palakuzhy Sebastian
Palamattam Mathew
Palathanath Augustine CST
Pallikunnel Antony
Pallineerackal Jacob
Pampackal Thomas
Pandaraparambil Joseph
Pandiammackal Augustine
Parappalliyath Martin
Parathepathickal Antony
Paravarakath Mathew
Pathickal Thomas
Pathiyottil Joseph
Pattamkulam Thomas
Payyanatt Mathew
Podimattam Sebastian
Polackal Aloysius OFM (Conv)
Ponatt Abraham
Poothotal Joseph CSJBP
Poovathanikunnel Scaria
Poovathinkal Emmanuel
Poovatholil Joseph
Pothanamala Mathew
Pulimalayil Paul MST
Pulinthanam Sebastian
Pullolickal Thomas
Punchatharappel George
Punnure Antony
Puthuppallimyalil Mathew MST
Puthussery Joseph
Rathapally Francis
Rathappallil Joseph CMI
Sasthampadavil Mathew
Thadathimackal Varkey
Tharamangalam Alex Msgr.
Thayyil Joseph
Thayyil Thomas
Thazhappallil Sebastian
Thekkekulam Mathew
Thekkel Andrews
Thekkemuriyil Antony
Thekkemury Mathew
Thekkumcheril George
Thotteethara Antony VC
Thykunnumpuram Joseph
Thythottam Thomas
Vadakemulanjanal Thomas
Vadakemuriyil Thomas
Vadakkan Augustine
Vadakkeparambil Joseph
Vadasseril Scaria
Valavanal Mathew
Vallimala George
Valloppilly Paul
Vanderkunnel George
Vanderkunnel Joseph
Varambakath Lazar
Varambakath Scaria
Varanath Joseph
Varickanickal Martin
Vayalumkal Joseph
Vettiyanickal Antony
Vettuvayalil Mathew

## II Batch (July 16-18)

**Rev. Fathers**

Adattu Mathew HGN
Alamkottu Mathew
Alappattu George
Amakkattu Thomas
Ambattu Sebastian
Anacharil Joseph
Anthyamkulam Johnson
Arackal Kuriakose
Areekunnel George
Asariparambil Mathew
Attangattil Thomas
Chalil George
Charamthottiyil Jacob CST
Chellamkottu James
Chellamkottu Mathew
Chempananickal John
Chennappally George
Chennattu Philip
Chennoth Sebastian
Cheriampurath Varghese
Cheripuram Sebastian
Chirayil Augustine MST
Edamulayil Mathew
Edathinakath Paul
Edayadiyil Sebastian
Elampurayidathil Joseph
Elamthuruthipadavil Mathew
Elavumkunnel George (Jr)
Elayidathukunnel Johnson O. Carm
Kainickal Paul OFM Cap
Kalapurackal Joseph
Kalapurackal Varghese
Kalarickal Mathew CMI
Kalarimuriyil George
Kallumkal Varghese OSST
Kanakkattu Joseph
Kandathil Paul
Kanjirathinkal Joseph
Kannamkulathel Joseph
Karakkattu Kuriakose
Karakkattu Philip
Karickal Mathew
Karickathadathil George
Karimpoozhickal Joseph
Karinattu Joseph
Karuvelil Jose MSFS
Kaviyil Philip
Kayammackal Mathew
Kizhakumbhagam Joseph MCBS
Kochappally Roy CM
Kochupurackal Abraham
Kochuveettil Peter
Kolakunnel Kuriakose
Koluthappallil Joseph
Konickal Mathew
Koovapparayil John
Kottarathil Joseph
Kudiparambil Chacko
Kulathara Joseph
Kunnel Mathew
Kureekattil Joseph
Kurissummootil Joseph
Kuttikkattukunnel Jacob
Kuzhiyanimattathil Joseph
Madassery Lukose
Madathimyalil Abraham
Malakkaran Joseph
Melvettom Thomas

Menappattupadickal Thomas
Moonjelil Paul
Moonnanapally James
Mulangattil Ignatius
Mullakkara John
Mullappally Mathew
Muthumarathil Varghese CMF
Nadamkuzhy Paul SJ
Naduvilekkutt Thomas
Narikuzhy Mathew
Nedungattu Jacob
Neendoor Thomas
Nellithanathil Dennis
Njamatholil Abraham
Noorammackal John
Noorammackal Joseph
Olickal Mathew
Onamkulam John
Orathel Joseph
Orathel Kuriakose
Ottaplackal Abraham
Panthalanickal Thomas
Pazheparambil George
Perumpallilkkunnel Joji CMI
Plathottathil Joseph CRM
Plavunilkumparambil Kuriakose
Ponnambel John
Poovannikunnel Jose
Poovathanickal John Paul
Pottemplackal Mathew
Poweth Joseph
Pravarthummalayil Mathew
Pulickakunnel Jacob
Pulickal George
Pulickal Sebastian
Puliyurumbil Johnson
Purathemuthukattil Don Bosco
Puthennadayil James
Puthenpurackal Xavier ( Jr)
Puthenpurackal Xavier (Sr)
Puthiyakunnel Joseph
Puthukulangara Kuriakose
Puthumana George
Puthuppallil Sebastian
Puthussery Abraham
Puthussery Chacko O Prem
Puthussery Paul
Rathappillil Joseph
Thelakkatt Xavier
Thenammackal Joseph
Thengumpallil Thomas
Theruvamkunnel Thomas
Thonippara Abraham
Thottiyil Jomi Joseph PSDP
Thundathil Joseph
Thuruthippallil Joseph
Thykunnumpuram George
Vadakkemury Abraham CMI
Valiaparambil Mathew
Valiplackal Thomas
Vayalikkodath Roy
Vazhakatt John
Vazhakatt Sebastian
Veettiyankal Joseph
Vellaringattu George
Vemmenikkattayil Sebastian
Vengakunnel Mathew
Vengaparambil Johnson
Vennayappallil Jacob
Vettiyanickal Varghese

# മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
# ഭവനനിർമാണ പദ്ധതി

അതിരൂപതാ അസംബ്ലി തീരുമാനപ്രകാരം നമ്മുടെ അതിരൂപതയിലെ ഭവന രഹിതർക്കായി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതി ആരംഭിച്ചിരിക്കുകയാണല്ലോ. അതിരൂപതാ അസംബ്ലിക്കുശേഷം ഇട വകകളിൽ പാവപ്പെട്ടവർക്കായി, വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നിർമിച്ചു കൊടുത്ത എല്ലാ വീടുകളും മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമാണ പദ്ധതിയിൽ പെടുത്താവുന്നതാണ് എന്ന് അഭിവന്ദ്യപിതാവ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനോടകം പണി പൂർത്തീകരിച്ചതായി ഇടവകക ളിൽനിന്നും അറിയിച്ച വീടുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇടവക | പേര്, വീട്ടുപേര് | ചിലവായ തുക | നേതൃത്വം നൽകിയ സംഘടന |
|---|---|---|---|---|
| 1. | ആര്യപറമ്പ് | ഷാജി മഞ്ഞിപ്പുഴ | 6,00,000 | ഇടവക |
| 2. | കണ്ണിവയൽ | ജോസഫ് നൂറനാനിക്കൽ | 11,00,000 | ഇടവക |
| 3. | കരിക്കോട്ടക്കരി | കത്രീന കല്ലക്കാവുങ്കൽ | 7,70,000 | ക്രെഡിറ്റ് യൂണിയൻ |
| 4. | ചെമ്പേരി | മേരി കുളങ്ങര | 3,50,000 | സെന്റ് വിൻസന്റ് ഡിപോൾ |
| 5. | എടൂർ | ഡെയ്സി കണിയാംപ്ലാക്കൽ | 5,25,000 | ,, |
| 6. | മണിക്കടവ് | മിനി കല്ലുമ്മേൽപുറത്ത് | 5,25,000 | ,, |
| 7. | മണക്കടവ് | ജിനി കട്ടക്കയം | 5,25,000 | ,, |
| 8. | ഭീമനടി | മഞ്ജു ചിറ്റടി | 5,50,000 | ,, |

ഇതിനോടകം വീടു പണി പൂർത്തീകരിച്ച മേൽപറഞ്ഞ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരി അച്ചൻമാർക്കും സംഘടനാ ഭാരവാഹികൾക്കും ഇടവക ജനങ്ങൾക്കും പ്രത്യേകം അഭിനന്ദനമറിയിക്കുന്നു. ഏകദേശം 55 ഇടവകകളിലായി ഭവനനിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഭവന നിർമാണം ആരംഭിച്ചവർ റ്റി.എസ്.എസ്.എസ്. ഡയറക്ടറുടെ പക്കൽ പേര് രജിസ്റ്റർ ചെയ്താൽ 'മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധ തി'യിലെ എത്രാമത്തെ വീടാണ് എന്ന് അറിയാൻ സാധിക്കും. എല്ലാവരും പേര് രജിസ്റ്റർ ചെയ്യുകയും പൊതുഫണ്ടിലേക്ക് പണം നിക്ഷേപിക്കുകയും ചെയ്യുമല്ലോ.

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതിയുടെ പേരിൽ കാത്തലിക് സിറിയൻ ബാങ്കിൽ ആരംഭിച്ചിരിക്കുന്ന അക്കൗണ്ട് നമ്പർ ചുവടെ ചേർക്കുന്നു.

A/C Name: Mar Sebastian Vallopilly Bhavana Nirmana Padhathi
A/c No: 00890393861819 5001
IFSC: CSBK0000089
Bank Name: Catholic Syrian Bank, Thalassery

ഈ പദ്ധതിയിലേക്ക് സംഭാവന നൽകിയവരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | സംഭാവന നൽകിയവരുടെ പേര് | തുക | തിരികെ കൊടുത്തത് |
|---|---|---|---|
| 1. | TSSS സ്റ്റാഫ് അംഗങ്ങൾ | 1,11,111 | |
| 2. | ഫാത്തിമ മാതാ ചർച്ച്, ആര്യപറമ്പ് | 1,40,000 | 1,50,000 |
| 3. | സെന്റ് ആന്റണീസ് ചർച്ച്, മഞ്ഞളാംപുറം | 3,00,000 | 3,30,000 |
| 4. | കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി | 50,000 | |
| 5. | അക്ബർ ട്രാവൽസ് | 25,000 | |
| 6. | ഫാ. സ്റ്റാനി ആനക്കുത്തിയിൽ | 2,00,000 | |
| 7. | ക്രെഡിറ്റ് യൂണിയൻ, കരിക്കോട്ടക്കരി | 7,00,000 | 7,70,000 |
| 8. | സെന്റ് ജോസഫ് ചർച്ച്, ഇരിട്ടി | 1,50,000 | |
| 9. | ഫാ. അലക്സ് താരാമംഗലം | 10,000 | |
| 10. | സെന്റ് ജൂഡ് ചർച്ച്, കല്ലുമുതിരക്കുന്ന് | 1,00,000 | 1,10,000 |
| 11. | ഫാ. ജോസഫ് കുരീക്കാട്ടിൽ | 65,000 | 71,000 |
| 12. | സെന്റ് ആന്റണീസ് ചർച്ച്, മഞ്ഞളാംപുറം | 2,50,000 | |
| 13. | സെന്റ് മേരീസ് ഫൊറോന ചർച്ച്, ചെറുപുഴ | 1,95,000 | |
| 14. | സെന്റ് മേരീസ് ഫൊറോന ചർച്ച്, ആലക്കോട് | 1,00,000 | |

മേൽ പറഞ്ഞ അക്കൗണ്ടിലേക്ക് സംഭാവന നൽകിക്കൊണ്ട് ഈ പദ്ധതിയോട് സഹകരിക്കുന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

സ്നേഹപൂർവം,

ഫാ. തോമസ് തയ്യിൽ
ഫാ. ജോസഫ് കാക്കരമറ്റത്തിൽ
ഫാ. ആന്റണി പരതേപതിക്കൽ

# സെമിനാരി വാർത്തകൾ

## ഹൃദ്യമായ സ്വാഗതവും... അഭിനന്ദനങ്ങളും



തലശ്ശേരി അതിരൂപതാ മൈനർ സെമിനാരി റെക്ടറായും കത്തീഡ്രൽപള്ളി വികാരിയായും വൊക്കേഷൻ ബ്യൂറോ ഡയറക്ടറായും ചുമതല ഏറ്റെടുത്ത റവ. ഡോ. ജോർജ് കരോട്ട് അച്ചന് എല്ലാവിധ പ്രാർത്ഥനകളും ഭാവുകങ്ങളും. ഈശോയുടെ തിരുഹൃദയത്തിനിണങ്ങിയ വൈദികരെ വാർത്തെടുക്കുവാൻ അച്ചനെ ദൈവം ഉപകരണമാക്കി തീർക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

## നന്ദിയോടെ... ഹൃദയപൂർവ്വം



കഴിഞ്ഞ ആറുവർഷക്കാലം മൈനർ സെമിനാരി റെക്ടറായും, കത്തീഡ്രൽ വികാരിയായും ഒരു വർഷം സ്പിരിച്വൽ ഫാദറായും, വൊക്കേഷൻ ബ്യൂറോയുടെ ഡയറക്ടറായും സ്തുത്യർഹമായി പ്രവർത്തിച്ച് ഏവരുടെയും ഹൃദയത്തിലിടം നേടിയ ബഹു. ഷാജി തെക്കേമുറിയിലച്ചന് അകൈതവമായ നന്ദി... നിർമ്മലഗിരി വികാരിയായും കോളെജിന്റെ ബർസാറായും ചുമതല ഏറ്റെടുത്തിരിക്കുന്ന ഷാജിയച്ചന് പ്രാർത്ഥനാ ശംസകൾ.

## മുപ്പത്തിയാറ് കുട്ടികൾ നമ്മുടെ അതിരൂപതയ്ക്ക്

അഭിവന്ദ്യപിതാവുമൊത്തുള്ള പുതിയ കുട്ടികളുടെ ഇന്റർവ്യൂ ഏപ്രിൽ മാസം 30-ാം തീയതി നടന്നു. 52 കുട്ടികളാണ് ഇന്റർവ്യൂവിന് വന്നത് ഇതിൽ 36 പേരെ നമ്മുടെ അതിരൂപതയ്ക്കും 4 പേരെ മണ്ഡ്യരൂപതയ്ക്കും 3 പേരെ ഭദ്രാവതി രൂപതയ്ക്കും 3 പേരെ മെൽബൺ രൂപതയ്ക്കും 2 പേരെ കാനഡ എക്സാർക്കേറ്റിനുംവേണ്ടി തിരഞ്ഞെടുത്തു. മിടുക്കരായ കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും മാതാപിതാക്കൾക്കും വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കും കൃതജ്ഞതയോടെ കൂപ്പുകൈ.

## നൂറുമേനി വിജയത്തോടെ മൈനർസെമിനാരി

ഈ കഴിഞ്ഞ പ്ലസ്ടുപരീക്ഷയിൽ മൈനർ സെമിനാരിയിലെ കുഞ്ഞനുജന്മാർ ഉയർന്ന മാർക്കോടെ പാസായ വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

90% മുകളിൽ 2 പേർ

80% മുകളിൽ 9 പേർ

70% മുകളിൽ 4 പേർ

60% മുകളിൽ 5 പേർ

## ശ്രദ്ധേയമായ വിജയം

പ്ലസ്ടുവിന് സയൻസ് ഗ്രൂപ്പെടുത്ത് പഠിച്ച് 98.7 ശതമാനത്തോടെ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ബ്ര. എബിൻ മാപ്പലകയിലിന് അഭിനന്ദനങ്ങൾ... തുടർന്നുള്ള പഠനങ്ങൾക്കായി ബ്രദർ എബിൻ പൊന്ന്യം ഫോർമേഷൻ സെന്ററിലേക്ക് പോകുന്നു.

## പുതിയ അദ്ധ്യയനവർഷം

നീണ്ട രണ്ടരമാസത്തെ വേനലവധിക്കുശേഷം മെയ് 26-ാം തീയതി ശനിയാഴ്ച തലശ്ശേരി മൈനർ സെമിനാരി വീണ്ടും തുറന്നു. ആദ്യദിവസങ്ങളിൽ ഇംഗ്ലീഷ് കോച്ചിംഗ് ക്ലാസ്സുകൾ കൊടുത്തതിനുശേഷം ജൂൺ 1-ന് പ്ലസ്വൺ പ്ലസ്ടു ക്ലാസ്സുകൾ ആരംഭിക്കുന്നു.

## കുഞ്ഞനുജന്മാർക്ക് സ്വാഗതം

2018-19 വർഷത്തെ പുതിയ ബാച്ചിന്റെ സെമിനാരി പ്രവേശനം ജൂൺ 13-ാം തീയതി ബുധനാഴ്ചയാണ്. പുതുതായി കടന്നുവരുന്ന 36 കുഞ്ഞനുജൻമാർക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**റവ. ഡോ. ജോർജ് കരോട്ട്**
റെക്ടർ

## Priests' Home Construction

| | | |
|---|---|---|
| St. Sebastian's Church Rayarome | - | 25000 |
| St. George Church Kacherikadavu | - | 100000 |
| Our Lady of Lourdes Church Thayyeni | - | 25000 |

# വിശ്വാസപരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

## 1. ഹൃദയപൂർവ്വം നന്ദി



ഒന്നര വർഷം വിശ്വാസപരിശീലന അസി. ഡയറക്ടറായും തുടർന്ന് 8 വർഷക്കാലം ഡയറക്ടറായും ശുശ്രൂഷ ചെയ്തതിനുശേഷം ബഹു. ജോർജ് കാഞ്ഞിരക്കാട്ടച്ചൻ പുതിയ കർമ്മമേഖലയായ ചെമ്പേരി ലൂർദ്ദുമാതാ ഫൊറോന ഇടവകയുടെ വികാരിയായി ചുമതലയേറ്റിരിക്കുകയാണ്.

കർമ്മോത്സുകതയോടും അർപ്പണബോധത്തോടുംകൂടി ത്യാഗനിർഭരവും ചിട്ടയുമായ പ്രവർത്തനങ്ങളിലൂടെ തന്റെ പരിചയസമ്പന്നതയും സ്വതസിദ്ധമായ നയചാതുര്യവുംകൊണ്ട് കഴിഞ്ഞ 10 വർഷക്കാലം വിശ്വാസപരിശീലനരംഗത്തെ ഏറ്റവും സ്തുത്യർഹമായ വിധത്തിൽ മുന്നോട്ടുനയിക്കുവാൻ ബഹു. ജോർജച്ചന് സാധിച്ചു. ഇക്കാലയളവിൽ അതിരൂപതയിലെ എല്ലാ ഇടവകകളും സൺഡേസ്കൂളുകളും പലപ്രാവശ്യം സന്ദർശിച്ച് മാതാപിതാക്കളോടും മതാധ്യാപകരോടും കുഞ്ഞുങ്ങളോടും വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യം പഠിപ്പിക്കുവാനും പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് വിശ്വാസത്തിന്റെ അറിവിലും അനുഭവത്തിലും അവരെ വളർത്തുവാനും അച്ചനു സാധിച്ചു.

അച്ചന്റെ നിസ്തുലമായ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പംതന്നെ മതബോധനകുടുംബാംഗങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു. പുതിയ പ്രവർത്തനമേഖലയിൽ ഇടവകാജനങ്ങളെ മുന്നിൽ നിന്നു നയിക്കുന്ന നല്ല ഇടയനായി ജീവിക്കാൻ അച്ചനെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## 2. നന്ദി ആശംസകൾ

പൈസക്കരി, ചെമ്പേരി, വായാട്ടുപറമ്പ്, മേരിഗിരി, കാഞ്ഞങ്ങാട്, പനത്തടി എന്നീ ഫൊറോനകളിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ മോൺ. ജോസ് വെട്ടിക്കൽ, റവ. ഫാ. ജോസഫ് കരിനാട്ട്, റവ. ഫാ. ജോർജ് അരീക്കുന്നേൽ, റവ. ഫാ. ജോസ് കളരിക്കൽ. റവ. ഫാ.

മാത്യു ആലങ്കോട്ട്, റവ. ഫാ. തോമസ് പൈമ്പിള്ളിൽ എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. മേൽപ്പറഞ്ഞ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന റവ. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി, റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഫാ. കുര്യാക്കോസ് കളരിക്കൽ, റവ. ഫാ. മാത്യു മണിമലത്തറപ്പേൽ, റവ. ഫാ. മാത്യു പരവരാകത്ത്, റവ. ഫാ. തോമസ് പട്ടാംകുളം എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## 3. മതബോധന ഞായർ ജൂൺ 03

2018-19 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് 2018 ജൂൺ 3 ഞായറാഴ്ച തുടക്കം കുറിക്കുകയാണല്ലോ. കഴിഞ്ഞ അധ്യയന വർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. സൺഡേസ്കൂൾ വർഷാരംഭത്തിനു മുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യണം. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കണേ. എല്ലാ അദ്ധ്യാപകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നത് നല്ലതാണ്.

3. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കണം.

4. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ മതബോധന ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്ക 2.52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

## 4. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 8-9

2018-2019 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 08ന് വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 9 ശനിയാഴ്ച്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

## 5. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 6. 2018-19 അധ്യയനവർഷത്തെ IV, VII, X ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലങ്ങൾ

### a. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. മിൽന മുകളെക്കാലായിൽ | തേർമല | ഒന്നാം റാങ്ക് |
| 2. ജോർജ് കുന്നേച്ചെരുവിൽ | രണ്ടാംകടവ് | രണ്ടാം റാങ്ക് |
| 3. മാത്യു കളപ്പുരയ്ക്കൽ | കോടോത്ത് | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. റോസ് മരിയ ജിന്റോ തോട്ടുപുറത്ത് | ഒറ്റത്തൈ | ആലക്കോട് |

| | | |
|---|---|---|
| 2. ജർവിൻ കൊല്ലംപറമ്പിൽ | നടുവിൽ | ചെമ്പന്തൊട്ടി |
| 3. റിച്ചു ലൂസിയ ഇളംതുരുത്തിപ്പടവിൽ | പൂപ്പറമ്പ് | ചെമ്പേരി |
| 4. തെരേസ മൂലക്കുന്നേൽ | ചെറുപുഴ | ചെറുപുഴ |
| 5. ജോസഫ് വട്ടക്കുന്നേൽ | എടപ്പുഴ | എടൂർ |
| 6. മാത്യു കളപ്പുരക്കൽ | കോടോത്ത് | കാഞ്ഞങ്ങാട് |
| 7. ജോർജ് കുന്നേച്ചെരുവിൽ | രണ്ടാംകടവ് | കുന്നോത്ത് |
| 8. ആൻമരിയ ആലക്കൽ | കാര്യപ്പള്ളി | മേരിഗിരി |
| 9. മിൽന മുകളെക്കാലായിൽ | തേർമല | നെല്ലിക്കാംപൊയിൽ |
| 10. ആൻസ് തോമസ് വെട്ടത്ത് | ചന്ദനക്കാംപാറ | പൈസക്കരി |
| 11. ഫ്രാൻസീസ് ചക്യാരത്ത് | കൊട്ടോടി | പനത്തടി |
| 12. ഇഷ മേരി കാരിക്കൽ | കോളയാട് | പേരാവൂർ |
| 13. തെരേസ കണ്ടംകുളം | പരിയാരം | തളിപ്പറമ്പ് |
| 14. ത്രേസ്യാമ്മ കളപ്പുരയ്ക്കൽ | കാവുംതല | തോമാപുരം |
| 15. അൽഫോൻസ ചിറ്റാട്ടിൽ | വിജയപുരം | വായാട്ടുപറമ്പ് |
| 16. അന്നമ്മ വലിയമനയ്ക്കൽ | ബളാൽ | വെള്ളരിക്കുണ്ട് |

## b. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. ഡെൽന ട്രീസ പേക്കാടൻകുഴിയിൽ | എടൂർ | ഒന്നാം റാങ്ക് |
| 2. അന്ന കരിപ്പമറ്റത്തിൽ | ബദിയടുക്ക | രണ്ടാം റാങ്ക് |
| 3. എലിസബത്ത് മായയിൽ | ചെമ്പേരി | മൂന്നാം റാങ്ക് |

| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
|---|---|---|
| 1. റോസ് വടക്കൻ | ആലക്കോട് | ആലക്കോട് |
| 2. ജിസ് മരിയ ടോം പാറൻകുളങ്ങര | ശ്രീകണ്ഠപുരം | ചെമ്പന്തൊട്ടി |
| 3. എലിസബത്ത് മായയിൽ | ചെമ്പേരി | ചെമ്പേരി |
| 4. മരിയ ആനക്കല്ലിങ്കൽ | പാടിയോട്ടുചാൽ | ചെറുപുഴ |
| 5. ഡെൽന ട്രീസ പേക്കാടൻകുഴിയിൽ | എടൂർ | എടൂർ |
| 6. അന്ന കരിപ്പമറ്റത്തിൽ | ബദിയടുക്ക | കാഞ്ഞങ്ങാട് |
| 7. റോസ് തോട്ടത്തിൽ | രണ്ടാംകടവ് | കുന്നോത്ത് |
| 8. ട്രീസ മരിയ മാരിപ്പുറം | റയറോം | മേരിഗിരി |
| 9. എയ്ഞ്ചൽ കുന്നക്കാട്ട് | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 10. മരിയ ആളാത്ത് | ചുണ്ടപ്പറമ്പ് | പൈസക്കരി |
| 11. റോസ് തോപ്പുകാലായിൽ | പാണത്തൂർ | പനത്തടി |
| 12. ഫിലോമിന ഒരപ്പാനിയിൽ | പെരുമ്പുന്ന | പേരാവൂർ |
| 13. ആന്റണി പരിയാരത്തുകുന്നേൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 14. ജെസ്ലിൻ മരീന കരിയിലക്കുളം | തോമാപുരം | തോമാപുരം |

| | | |
|---|---|---|
| 15. ത്രേസ്യാമ്മ ഇലഞ്ഞിക്കോട് | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| 16. ക്രിസ്റ്റീന കിഴക്കേ ആനന്ദശ്ശേരിയിൽ | ഭീമനടി | വെള്ളരിക്കുണ്ട് |

## C. X-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. ക്രിസ്റ്റീന കാക്കതൂക്കിയേൽ | അങ്ങാടിക്കടവ് | ഒന്നാം റാങ്ക് |
| 2. അൽഫോൻസ ചിറമുഖത്ത് | പെരുംമ്പടവ് | രണ്ടാം റാങ്ക് |
| 3. മരിയ കുന്നത്ത് | രത്നഗിരി | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. മറിയം വലിയവീട്ടിൽ | ഉദയഗിരി | ആലക്കോട് |
| 2. ത്രേസ്യാമ്മ നിലയ്ക്കപ്പള്ളി | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| 3. മരിയ കുന്നത്ത് | ചെമ്പേരി | ചെമ്പേരി |
| 4. ആൻസ്ലറ്റ് മരിയ തുരുത്തേൽ | മുളപ്ര | ചെറുപുഴ |
| 5. റോസ്മേരി കുന്നത്തുമാക്കൽ | എടപ്പുഴ | എടൂർ |
| 6. മേരി പുത്തൻപുരയ്ക്കൽ | എണ്ണപ്പാറ | കാഞ്ഞങ്ങാട് |
| 7. ക്രിസ്റ്റീന കാക്കതൂക്കിയേൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| 8. അൽഫോൻസ ചിറമുഖത്ത് | പെരുമ്പടവ് | മേരിഗിരി |
| 9. ട്രീസ പൈങ്ങോട്ട് | കല്ലുവയൽ | നെല്ലിക്കാംപൊയിൽ |
| 10. എൽന കെയിറ്റ് മുതിരക്കാലായിൽ | പൈസക്കരി | പൈസക്കരി |
| 11. മരിയ മുട്ടത്ത് | പനത്തടി | പനത്തടി |
| 12. ആഗ്നസ് ഇരുപ്പേൽ | കൊളക്കാട് | പേരാവൂർ |
| 13. ജോസഫ് പെരുമ്പ്രായിൽ | കണ്ണൂർ | തളിപ്പറമ്പ് |
| 14. മരിയ നെല്ലാംപുഴയിൽ | കണ്ണിവയൽ | തോമാപുരം |
| 15. തെരേസ് മാത്യു മുണ്ടയ്ക്കത്തറപ്പേൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. റോസമ്മ ജോസഫ് എരണയ്ക്കൽ | കരുണാപുരം | വെള്ളരിക്കുണ്ട് |

## 7. ബൈബിൾ നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ബൈബിൾ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

## 8. ഉപപാഠം ക്ലാസ് - XII

അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഈ അധ്യയനവർഷം മുതൽ 12-ാം ക്ലാസിലെ കുട്ടികൾക്ക് പഠിക്കാനുള്ള ഉപപാഠപുസ്തകം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് രചിച്ച **'സത്യമറിയാൻ .... യുവജനസംശയങ്ങൾക്ക് മറുപടി'** എന്ന പുസ്തകമായിരിക്കും.

**9. വിശ്വാസോത്സവ ആൽബം**

വിശ്വാസോത്സവത്തോടനുബന്ധിച്ച് 'കുടുംബം ഭൂമിയിലെ പറുദീസ' എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ആൽബത്തിന് ചെട്ടിയാം പറമ്പ്, പുലിക്കുരുമ്പ, മാലോം എന്നീ ഇടവകകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**10. വെബ്സൈറ്റ്** (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷ കളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവര ങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ട തുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപക രെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

**11. ദൈവശാസ്ത്ര കോഴ്സ്**

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്ര കോഴ്സ്. ജൂൺ 16ന് തലശ്ശേരിയിൽവച്ച് നടത്തപ്പെടുന്ന ബിരുദദാനചടങ്ങിൽ വച്ച് നൂറ്റമ്പതോളം മതാധ്യാപകർ ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കി BTh ബിരുദം കരസ്ഥമാക്കുകയാണ്. എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദി ക്കുന്നു. ബഹു. അച്ചന്മാർ നല്കിയ പ്രോത്സാഹനത്തിനും സഹകരണ ത്തിനും നന്ദി പറയുന്നു.

2018-19 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ മതാ ധ്യാപകരെയും ദൈവശാസ്ത്രപഠനത്തിനായി അയയ്ക്കുകയും പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധ മായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ ആരംഭം മുതൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈ റ്റിൽ (alphathalassery.org) ലഭ്യമാണ്.

**12. ഓർക്കേണ്ട തീയതികൾ**

2018-2019 അധ്യായനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണ പരീക്ഷ:** സെപ്റ്റംബർ 02 **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 9, **ഡിപ്ലോമ**

**പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** മാർച്ച് 31 – ഏപ്രിൽ 4, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 07, **മതാധ്യാപക ദിനം:** നവംബർ 04.

## 13. പാഠപുസ്തകവിതരണം

സൺഡേസ്കൂൾ ആരംഭദിനത്തിൽതന്നെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ. താഴെകൊടുത്തിരിക്കുന്ന ക്രമത്തിൽ വേണം ഫൊറോനാ യിൽനിന്ന് വരുവാൻ. മൂന്നോ നാലോ ഇടവകകൾ ഒരുമിച്ചുവരുന്നത് ഉചി തമായിരിക്കും. (ഓഫീസിലെ തിരക്കൊഴിവാക്കുവാൻ അതു സഹാ യിക്കും).

**ജൂൺ 04 തിങ്കൾ:** ചെറുപുഴ, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ് **ജൂൺ 05 ചൊവ്വ:** ചെമ്പന്തൊട്ടി, ചെമ്പേരി, നെല്ലിക്കാംപൊയിൽ, പൈസക്കരി **ജൂൺ 06 ബുധൻ:** കുന്നോത്ത്, എടൂർ, തളിപ്പറമ്പ്, പേരാവൂർ.

## 14. കാസർഗോഡ് റീജിയൻ

കാസർഗോഡ് റീജിയണിൽപ്പെട്ട കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം എന്നീ ഫൊറോനകളിലെ ഇടവകകൾക്കുള്ള പുസ്ത കങ്ങൾ പടന്നക്കാട് റീജിയണൽ പാസ്റ്ററൽ സെന്ററിൽവച്ച് ജൂൺ 7ന് വിത രണം ചെയ്യുന്നതായിരിക്കും.

## 15. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മി റ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടു ക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ജൂൺ മാസ ത്തിൽ തന്നെ ഫൊറോനകമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തിര ഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

2018-2019 അധ്യയനവർഷം ദൈവാനുഗ്രഹപ്രദമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ** — **ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
അസി. ഡയറക്ടർ — ഡയറക്ടർ, 9447952958

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. അഭിനന്ദനങ്ങളും ആശംസകളും





ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ഫിലിപ്പ് കവിയിലച്ചന് (ഫോൺ : 6282424059) ഹൃദ്യമായ സ്വാഗതം. വിശ്വാസപരിശീലന ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജേക്കബ് വെണ്ണായപ്പിള്ളി അച്ചന് പുതിയ കർമ്മരംഗത്ത് എല്ലാ മംഗളങ്ങളും ആൽഫാ കുടുംബം പ്രാർത്ഥനാപൂർവ്വം നേരുന്നു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രജിസ്ട്രാറായി അച്ചൻ തുടരുന്നതായിരിക്കും.

## 2. ല്യൂമെൻ എക്ലേസിയ

മതാധ്യാപകർക്കുവേണ്ടിയുള്ള ദൈവശാസ്ത്ര പഠന കോഴ്സായ ല്യൂമെൻ എക്ലേസിയാ പഠിക്കാനാഗ്രഹിക്കുന്നവർ ആൽഫാ ഓഫീസിൽ എത്രയുംവേഗം രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഹെഡ്മാസ്റ്റേഴ്സും ഇനിയും ചേർന്നിട്ടില്ലാത്ത എല്ലാ അധ്യാപകരെയും ഇതിനായി പ്രോത്സാഹിപ്പിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## 3. ദൈവശാസ്ത്ര ഉപരിപഠനം (MTh)

ദൈവശാസ്ത്ര ബിരുദം കരസ്ഥമാക്കിയവർക്ക് ഉപരിപഠനത്തിനുള്ള അവസരം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കുന്നു. MTh നേടിയെടുക്കുവാനുള്ള ക്ലാസ്സുകൾ ഫൊറോനാ സെന്ററുകളിൽ ജൂലൈ മാസം മുതൽ ആരംഭിക്കുകയാണ്. 4 സെമസ്റ്ററുകളിലായി 2 വർഷം മാത്രം നീണ്ടുനിൽക്കുന്ന കോഴ്സിൽ പങ്കെടുക്കുവാൻ പ്രത്യേകം ക്ഷണിക്കുന്നു.

## 4. ആൽഫാ ബിരുദദാന ചടങ്ങ് : ജൂൺ 16

ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് (Convocation Ceremony) ജൂൺ 16-ാം തീയതി ശനിയാഴ്ച MTh, BTh ബിരുദദാനം തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് നടക്കുന്നു.

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ടിന്റെയും വിശിഷ്ടാതിഥികളുടെയും സാന്നിദ്ധ്യത്തിൽ രാവിലെ കൃത്യം 9.30 മണിക്ക് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30ന് ചടങ്ങ് നടക്കുന്ന സ്കൂൾ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. തലേന്ന് എത്തിച്ചേരുന്നവർ മുൻകൂട്ടി അറിയിച്ചാൽ താമസസൗകര്യം ക്രമീകരിക്കുന്നതാണ്. ബിരുദസ്വീകരണ ചടങ്ങിലേക്ക് താങ്കളുടെ പ്രിയപ്പെട്ടവരെയും കുടുംബാംഗങ്ങളെയും ക്ഷണിക്കാവുന്നതാണ്. (ഒരാൾക്ക് പരമാവധി 4 പേരെ പങ്കെടുപ്പിക്കാവുന്നതാണ്).

### 5. ദൈവശാസ്ത്രത്തിൽ ബിരുദാനന്തര പഠനം നടത്തുന്നവരുടെ വാചിക പരീക്ഷ (ജൂൺ 11)

MTh ന്റെ അവസാനപടിയായ വാചിക പരീക്ഷ ജൂൺ 11 ന് തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തുന്നു.

### ഈ വാചിക പരീക്ഷയുടെ മാതൃക ഇപ്രകാരമായിരിക്കും

I. മൂന്ന് പരീക്ഷകരുടെ മുൻപിൽ വിദ്യാർത്ഥി തന്റെ പ്രബന്ധത്തെക്കുറിച്ച് 10 മുതൽ 15 മിനിറ്റുകൾ വിഷയാവതരണം നടത്തണം. ഈ അവതരണ പേപ്പറിൽ ഉൾക്കൊള്ളേണ്ടത്.

1. എന്തുകൊണ്ട് ഈ വിഷയം തിരഞ്ഞെടുത്തു
2. വിഷയത്തിന്റെ പ്രസക്തി
3. ഗവേഷണ മാർഗ്ഗങ്ങൾ
4. ഗവേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ
5. ഭാവി ഗവേഷണ സാദ്ധ്യതകൾ

II. തുടർന്ന് വിഷയത്തോടനുബന്ധിച്ച് പരീക്ഷകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുക.

പരീക്ഷാസമയം 30 മിനിറ്റായിരിക്കും. ജൂൺ 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിമുതൽ പരീക്ഷ നടത്തുന്നതായിരിക്കും.

### 6. ലോഗോസ് ക്വിസ് 2018

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 30ന് ആയിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

| പഠനഭാഗങ്ങൾ | |
|---|---|
| നിയമാവർത്തനം | 1-11 |
| പ്രഭാഷകൻ | 1-10 |
| മത്തായി | 10-18 |
| വെളിപാട് | 10-16 |

## 7. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകൾ

| തീയതി | സെന്റർ | വിഷയം |
|---|---|---|
| ജൂൺ 23 | മാനന്തവാടി | പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>മരിയ വിജ്ഞാനീയം<br>ആധ്യാത്മിക ദൈവശാസ്ത്രം |

## 8. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

## 9. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരേ,

പുലരിയുടെ പൊൻവെളിച്ചത്തിലേയ്ക്ക് പ്രതീക്ഷകളോടെ മിഴിതുറക്കുന്ന പുതുനാമ്പുകളെപ്പോലെ... അവധിക്കാലത്തിന്റെ ആലസ്യത്തിൽനിന്നും പുതിയൊരു അധ്യയനവർഷത്തിലേയ്ക്ക് പുത്തൻ സ്വപ്നങ്ങളുമായി കടന്നുവരുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും നന്മനിറഞ്ഞ ഒരു അധ്യയനവർഷം ആശംസിക്കുന്നു. കാലഘട്ടത്തിന്റെ പ്രത്യേകതകളെ തിരിച്ചറിഞ്ഞ്, നന്മതിന്മക്കളെ വിവേചിച്ചറിഞ്ഞ്, ഈശോയുടെ വിശ്വസ്തരായ പടയാളികളായി ജീവിക്കുവാൻ ഈ പുതുവർഷത്തിൽ നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം. പുതിയ അധ്യയനവർഷം ഒരു പുതിയ തുടക്കമാവട്ടെ - പുതിയ അധ്യാപകർ, പുതിയ കൂട്ടുകാർ, പുത്തൻ ഉടുപ്പ്, പുത്തൻ ബാഗ്... ഇതോടൊപ്പം ഈശോയാൽ നിറഞ്ഞ ഒരു പുതുഹൃദയവും പുതുജീവിതവും എല്ലാ കൊച്ചുകൂട്ടുകാർക്കും ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ പ്രവർത്തനവർഷം കൂടുതൽ കരുത്തോടും, തീക്ഷ്ണതയോടും മുന്നേറുവാൻ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ഈശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഈശോയുടെ തിരുഹൃദയതിരുനാൾ |
| ,, വിശുദ്ധർ | : | വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : | നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതജപം | : | ഈശോയുടെ തിരുഹൃദയമേ എന്നെ അനുഗ്രഹിക്കണമേ |
| വചനഭേരി | : | പ്രഭാഷകൻ 1-3 അധ്യായങ്ങൾ മനഃപാഠമാക്കുക |

## ശാഖകൾ ശ്രദ്ധിക്കാൻ

ജൂൺ 8 വെള്ളി - തിരുഹൃദയ തിരുനാൾ

9 ശനി - അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് സംഗമവും

10 ഞായർ - ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു. പുതിയ ഭാരവാഹികൾ ചുമതലയേൽക്കുന്നു.

17 ഞായർ - ഗ്രൂപ്പ് തിരിച്ച് മാനുവൽ ബുക്ക് പൂരിപ്പിക്കുക, ബി.എം.ജി. ഗ്രൂപ്പ് ആരംഭിക്കുക.

29 വെള്ളി - വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

## ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പമിഷൻലീഗ് 2018-19 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് ജൂൺ 9 ശനിയാഴ്ച രാവിലെ 9.15ന് മാർ ജോസഫ് പാംപ്ലാനി പിതാവ് അർപ്പിക്കുന്ന വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം മാർ ജോസഫ് പാംപ്ലാനി നിർവ്വഹിക്കും. തുടർന്ന് മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ വൈസ് ഡയറക്ഴേസും മേഖലാ ഭാരവാഹികളും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. സംഘടനാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രഹികൾ വാങ്ങുവാനും കുടിശ്ശിക അടയ്ക്കുവാനുമുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

## സംഘടനാ പ്രവർത്തനവർഷ ഉദ്ഘാടനം

വിവിധ സംഘടനകളുടെ പ്രവർത്തവർഷ ഉദ്ഘാടനവും മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലെ ഓഡിറ്റോറിയത്തിൽവച്ച് ജൂൺ 2 ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കും. തുടർന്ന് പ്രവർത്തവർഷ ഉദ്ഘാടനം അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് നിർവഹിക്കും. എല്ലാ മേഖലാ ഭാരവാഹികളും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാതലത്തിൽ ജൂൺ 10 ഞായറാഴ്ച വാണിയപ്പാറ ശാഖയിൽവച്ച് നടക്കും. അന്നേദിവസം പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## ശാഖാ മേഖലാ വാർഷിക റിപ്പോർട്ട്

2017-18 പ്രവർത്തനവർഷത്തെ ശാഖാ-മേഖലാ വാർഷിക റിപ്പോർട്ട് മേഖലാ ഡയറക്ടറിന്റെ ഒപ്പോടുകൂടി ജൂൺ 30നുള്ളിൽ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ശാഖാ-മേഖലാതല തെരഞ്ഞെടുപ്പ്

ശാഖാ-മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഇനിയും നടത്താത്ത ശാഖകളും മേഖലകളും എത്രയുംവേഗം തെരഞ്ഞെടുപ്പ് പൂർത്തിയാക്കി അതിരൂപതയിൽനിന്നും നൽകിയിരിക്കുന്ന ഭാരവാഹികളുടെ ഫോം പൂരിപ്പിച്ച് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സമർപ്പണഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണ ഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽനിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്നും ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

## ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## അംഗത്വ സ്വീകരണം

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 30നുള്ളിൽ കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കണേ.

## എം.ടി.സി. മിഷൻ തീർത്ഥയാത്ര

2018 ഏപ്രിൽ 13 മുതൽ 16 വരെ പൂളക്കുറ്റിയിൽവച്ച് നടന്ന എം.ടി.സി. ക്യാമ്പിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 35 കുട്ടികളും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ വിജയവാഡ മിഷൻയാത്ര കുട്ടികൾക്ക് വ്യത്യസ്തവും ഹൃദ്യവുമായ അനുഭവമായി. 23-ാം തീയതി വൈകുന്നേരം അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹാശിസുകളോടെ ആരംഭിച്ച യാത്രയിൽ മിഷൻ എന്താണെന്നും നമ്മുടെ ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും മിഷനറിമാരുടെ ജീവിതാനുഭവങ്ങൾ നേരിൽകണ്ട് മനസ്സിലാക്കുന്നതിനും മിഷനെ സ്നേഹിക്കുന്നതിനും എല്ലാവരെയും സഹായിച്ചു. ബിഷപ്പ് ജോസഫ് രാജാറാവു പിതാവിന്റെ സാന്നിധ്യം അനുഗ്രഹപ്രദമായിരുന്നു. പയ്യേരു, ക്രിസ്തുരാജപേട്ട, തേരകുടം എന്നീ മിഷൻ വില്ലേജുകൾ സന്ദർശിച്ചു. അവിടെ സേവനമനുഷ്ഠിക്കുന്ന സുരേഷ് അച്ചന്റെയും, SABS സിസ്റ്റേഴ്സിന്റെയും നിർലോഭമായ സഹായം മിഷൻയാത്രയുടെ വിജയത്തിന് ഏറെ സഹായകമായി. അതോടൊപ്പം തേരകുടം കുരിശുപള്ളി പണിയുന്നതിന് മുതിനെപ്പള്ളി ഇടവകയെ സാമ്പത്തികമായി സഹായിച്ചു. മിഷൻയാത്രയ്ക്കായി കുഞ്ഞുമിഷനറിമാരെ പ്രാർത്ഥിച്ച് ആശീർവദിച്ച് യാത്രയാക്കിയ അഭിവന്ദ്യ പിതാക്കന്മാർ, ബഹു. ഡയറക്ടർ

അച്ചന്മാർ, സിസ്റ്റേഴ്സ്, മാതാപിതാക്കന്മാർ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

## ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ

അദിലാബാദ് രൂപതയിലെ വിജയനഗർ വില്ലേജിലെ ബോഡിങ്ങിൽ പഠിക്കുന്ന കുട്ടികൾക്ക് കട്ടിൽ വാങ്ങുവാനായി വിവിധ ശാഖകളിൽനിന്നും മേഖലകളിൽനിന്നുമായി ലഭിച്ച തുക വിജയനഗർ വില്ലേജിലെ കൊച്ചുകുട്ടികൾക്ക് നൽകി. ഈ സപ്തതി വർഷത്തിൽ ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ എന്ന സുകൃതവഴിയിലൂടെ പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ സന്മനസ്സ് കാട്ടിയ എല്ലാ ശാഖാ-മേഖലാ ഡയറക്ടർ, അച്ചന്മാർ, വൈസ് ഡയറക്ടേഴ്സ്, കുഞ്ഞുമിഷനറിമാർ എല്ലാവർക്കും പ്രത്യേകം നന്ദി.

## സംസ്ഥാന മാനേജിംഗ് കമ്മിറ്റി

മെയ് 13ന് പാലാരിവട്ടം പി.ഒ.സിയിൽവച്ച് നടന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും ക്ലാസ്സിലും അതിരൂപതാ ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമം ഏയ്ഞ്ചൽസ് മീറ്റ്, 2018 ചെമ്പേരി, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, തോമാപുരം, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ, കുന്നോത്ത്, പേരാവൂർ, എടൂർ, നെല്ലിക്കാംപൊയിൽ, ചെമ്പന്തൊട്ടി, പനത്തടി എന്നീ മേഖലകളിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും, മാർ ജോസഫ് പാംപ്ലാനിപിതാവും പ്രസ്തുത സ്ഥലങ്ങളിൽ ഏയ്ഞ്ചൽസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം അതിരൂപതാ ഭാരവാഹികൾ വിവിധ ഫൊറോനകളിൽ പങ്കെടുക്കുകയും സി.എം.എൽ. ബാഡ്ജ്, പ്രാർത്ഥനാപുസ്തകം, മാനുവൽ ബുക്ക് എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഏയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീകരിച്ച എല്ലാ ഫൊറോന വികാരിയച്ചന്മാർക്കും മേഖലാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ എന്നിവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## കയ്യെഴുത്ത് മാസിക

കുഞ്ഞുമിഷനറിമാരുടെ കലാസാഹിത്യകഴിവുകൾ വികസിപ്പിക്കാനായി നടത്തിയ കയ്യെഴുത്ത് മാസിക മത്സരത്തിൽ ചെട്ട്യാംപറമ്പ് ശാഖയുടെ 'ദ കോൾ' ഒന്നാം സ്ഥാനവും കുട്ടാപറമ്പ് ശാഖയുടെ 'ചിമിഴ്' രണ്ടാം

സ്ഥാനവും പുറവയൽ ശാഖയുടെ 'വൊകാരെ' മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഇവർക്കുള്ള സമ്മാനങ്ങൾ തളിപ്പറമ്പിൽ വച്ച് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനദിനത്തിൽ അഭിവന്ദ്യ പിതാവ് നൽകുന്നതായിരിക്കും. മത്സരത്തിൽ പങ്കെടുത്ത എല്ലാ ശാഖകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുമിഷനറിമാർക്കും നേതൃത്വം നൽകിയ ബഹു. ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സിനും ശാഖാഭാരവാഹികൾക്കും മതാധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## പുതിയ ഇ-മെയിൽ

ചെറുപുഷ്പ മിഷൻലീഗിന്റെ പുതിയ ഇ-മെയിൽ ഐഡി താഴെ കൊടുക്കുന്നു. ഇനിമുതൽ ഈ മെയിലിലേയ്ക്ക് ശാഖാ-മേഖലാ വാർത്തകൾ അയയ്ക്കുവാൻ ബഹു. അച്ചന്മാരും സിസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

E-mail: cmltly01@gmail.com

## ദി ലീഡർ

സാൻജോസ് അക്കാദമിയുടെയും ചെറുപുഷ്പമിഷൻലീഗിന്റെയും നേതൃത്വത്തിൽ മെയ് 9 മുതൽ 12 വരെ സന്ദേശഭവനിലും മെയ് 15 മുതൽ 17 വരെ പടന്നക്കാട് പാസ്റ്ററൽ സെന്ററിലുംവെച്ച് നടന്ന നേതൃത്വപരിശീലന ക്യാമ്പിൽ 160 കുട്ടികൾ പങ്കെടുത്തു. സാൻജോസ് അക്കാദമി ഡയറക്ടർ റവ. ഫാ. പയസ് പടിഞ്ഞാറെമുറി, സിഎംഎൽ ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ, അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന മേജർ സെമിനാരിക്കാരും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കുട്ടികളെ പറഞ്ഞയച്ച എല്ലാ ബഹു. ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സിനും മാതാപിതാക്കൾക്കും അതിരൂപതാ കുടുംബത്തിന്റെ പ്രത്യേകം നന്ദി.

## പുതിയ ശാഖ

സിഎംഎൽ തലശ്ശേരി അതിരൂപതയിലെ 208-ാമത്തെ ശാഖയായി അമ്മംകുളം ശാഖയെ 15-05-2018 നു ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവ് അംഗീകരിച്ചു. അമ്മംകുളം ശാഖ ഡയറക്ടറച്ചനും വൈസ് ഡയറക്ടർ, ശാഖാ ഭാരവാഹികൾ, കുഞ്ഞുമിഷനറിമാർ എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുത്തൻ പ്രവർത്തനവർഷവും വിജയങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

## യാത്രാമംഗളങ്ങൾ

ജീവിതം മനോഹരമായ യാത്രയാണ്... ഓർക്കാനും ഓർമ്മിക്കാനും... ഓർമ്മിപ്പിക്കാനുമൊക്കെ ചില സൂക്തങ്ങളെ, ചില യാഥാർത്ഥ്യങ്ങളെ



ചേർത്തുവെച്ചുള്ള യാത്ര... ഈ യാത്രയിൽ ഇടയധർമ്മ ത്തിന്റെ കൃപകളും ദാനങ്ങളും സ്വീകരിച്ച് ആത്മീയത യുടെ കരുത്തും കർമ്മശേഷിയുടെ നിറവുംകൊണ്ട് പ്രാർത്ഥനയാകുന്ന നൗകയിലേറി കഴിഞ്ഞ നാലുവർഷ ക്കാലം കുഞ്ഞുപ്രേഷിതരെ നെഞ്ചോടു ചേർന്ന് സ്നേഹിച്ച് വളർത്തി തീഷ്ണതയുള്ള കുഞ്ഞുമക്കളെ സഭയ്ക്കയി വാർത്തെടുത്ത് എല്ലാവർക്കും സംലഭ്യനായി ഞങ്ങളുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ സ്ഥാനംപിടിച്ച ഞങ്ങളുടെ പ്രിയപ്പെട്ട രാജേഷ് അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥ നാനിർഭരമായ യാത്രാമംഗളങ്ങളും...

കഴിഞ്ഞ വർഷങ്ങളിൽ കുട്ടികളുടെ വളർച്ചയെ മാത്രം ലക്ഷ്യംവെച്ചു കൊണ്ട് അതിരൂപതയ്ക്ക് അച്ചൻ നൽകിയ സംഭാവനകൾ വളരെയധിക മാണ്. ധ്യാനങ്ങൾ, സെമിനാറുകൾ, നമ്മുടെ അച്ചൻ, വെളിപാട്, എം.ടി.സി. ക്യാമ്പ്, പ്രയർബാങ്ക്, ടെലികിസ്, സ്വർഗ്ഗം നിറയ്ക്കാം, മിഷൻ പച്ചക്കറി ത്തോട്ടം, ടീം ക്വിസ്, അൽഫോൻസ ക്വിസ്, നല്ലിടയൻ പദ്ധതി, ഉണ്ണീ ശോയ്ക്ക് ഒരു കട്ടിൽ, ഉണ്ണീശോച്ചെപ്പ്, ഗ്ലോറിയ നൈറ്റ്, പ്രണാമം, എന്റെ മിഷൻലീഗ്, ദി ലീഡർ, തൂലിക, മിഷൻ ഫാമിലി, ഉണർവ്വ് സൗഹൃദസം ഗമം, പുഞ്ചിരി ശാഖാ, ശാക്തീകരണ സെമിനാർ, പരീക്ഷ ഒരുക്ക പഠന ധ്യാനങ്ങൾ, ജീസസ് ഫ്രണ്ട്സ്, ജീസസ് റിട്രീറ്റ്, ദിയാക്കോണിയ, ഓർഗ നൈസിംഗ് ടീം, മിഷൻക്വിസ്സ് പഠന സഹായി, കലാസാഹിത്യ മത്സരങ്ങൾ, മദർ തെരേസ പ്രയാണം, മദർ തെരേസ, കുഞ്ഞേട്ടൻ ഫാൻസിഡ്രസ് മത്സ രം, മിഷൻജ്യോതി, നക്ഷത്രം, ക്ലോക്ക്, എം.റ്റി.സി. പരിശീലന സഹായി, കായികമത്സരങ്ങൾ, സപ്തതി ആൽബം, കൈയ്യെഴുത്ത് മാസിക മത്സരം, ബി.എം.ജി. ഏയ്ഞ്ചൽസ് മീറ്റ്, ക്രിസ്മസ് കാർഡ് മത്സരം, അൾത്താരബാ ലസംഘത്തിനായുള്ള ക്യാമ്പ്, ലൈഫ് ട്രെയിനിംഗ് ക്യാമ്പ്, ശാലോം സംഗീത പരിപാടികൾ, കരുണയുടെ രാത്രി, അഗതി മന്ദിര സന്ദർശനം, മാർ വള്ളോപ്പിള്ളി അനുസ്മരണം, സമ്മാനക്കൂപ്പൺ, ദൈവവിളി ധ്യാന ങ്ങൾ, സ്കോളർഷിപ്പുകൾ, മിഷൻസഹായം എന്നിവയെല്ലാം വളരെ വിജ യകരമായി നടത്തി. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞു. കൂടാതെ സംസ്ഥാനത്തെ എല്ലാ പ്രോഗ്രാമുകളിലും സജീവമായി പങ്കെടുക്കുവാനും പങ്കെടുപ്പിക്കുവാനും അച്ചൻ വളരെയധികം ശ്രദ്ധിച്ചു. അതിരൂപതക്ക് സംസ്ഥാനതലത്തിൽ ഒരു ലേബൽ ഉണ്ടാക്കാൻ അച്ചന് സാധിച്ചു.

അയർലന്റിന് പഠനത്തിനും ഇടവകാപ്രവർത്തനങ്ങൾക്കുമായി പോകുന്ന രാജേഷച്ചന് സി.എം.എൽ. കുടുംബത്തിന്റെ എല്ലാ വിജയാശം സകളും പ്രാർത്ഥനകളും ഒരിക്കൽകൂടി സ്നേഹത്തോടെ നേരുന്നു. പുതിയ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

കളിയും ചിരിയും നിറഞ്ഞ ഒരവധിക്കാലത്തിനുശേഷം പുതിയ ഒരു പ്രവർത്തനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ നമ്മുടെ കുഞ്ഞുമനസ്സിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഈ വർഷത്തെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കൊച്ചുണ്ണീശോയ്ക്ക് സമർപ്പിച്ച് ഉണ്ണീശോയുടെ അനുഗ്രഹം സ്വീകരിച്ചുകൊണ്ട് ഈ വർഷത്തെ തിരുബാലസഖ്യ പ്രവർത്തനങ്ങൾ നമുക്കാരംഭിക്കാം. സുകൃതജപങ്ങളും തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് വിശുദ്ധരായ കുഞ്ഞു

പ്രവർത്തനമേഖലകളിൽ നല്ല ഇടയനായി ജീവിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

## സ്നേഹോഷ്മളമായ സ്വാഗതം

യുവത്വം തുളുമ്പുന്ന പ്രസരിപ്പിലൂടെ ഊർജ്ജസ്വലതയിലൂടെ കുഞ്ഞുമക്കളുടെ ഹൃദയത്തുടിപ്പുകൾ തിരിച്ചറിഞ്ഞ് അതിരൂപതാ ചെറുപുഷ്പമിഷൻലീഗ് ഡയറക്ടറും മതബോധന അസി. ഡയറക്ടറുമായി സ്ഥാനമേറ്റിരിക്കുന്ന ബഹു. ജോസഫ് വേങ്ങക്കുന്നേൽ അച്ചന് അതിരൂപതാ സി.എം.എൽ. കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. കുഞ്ഞുമക്കളെ ആത്മീയതയിലും പ്രേഷിതതീക്ഷ്ണതയിലും നയിക്കുവാൻവേണ്ട എല്ലാ കഴിവുകളും നന്മകളും നേതൃത്വപാടവവും ഒത്തിണങ്ങിയ ജോസഫ് അച്ചനിലൂടെ അതിരൂപതയിലെ സി.എം.എൽ. പ്രവർത്തനങ്ങൾ ഉത്തരോത്തരം വളർന്നുവരട്ടെ എന്നാശംസിക്കുന്നു... പ്രാർത്ഥിക്കുന്നു...

## ആദരാഞ്ജലികൾ

ഈ ഭൂമിയിൽ തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് പറന്നുയർന്ന അതിരൂപതാ മുൻ വൈസ് ഡയറക്ടർ സി. റൊസീന SABSന്റെ പിതാവ് അലക്സാണ്ടർ വരകുകാലായിലിന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും...

സ്നേഹപൂർവ്വം

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

ങ്ങളായി വളരാൻ നമുക്ക് പരിശ്രമിക്കാം. ഉണ്ണീശോയുടെ അനുഗ്രഹം എപ്പോഴും നിങ്ങളോടു കൂടെ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു...

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധൻ | : | വി. പൗലോസ് ശ്ലീഹ |
| പ്രാർത്ഥനാനിയോഗം | : | എല്ലാ വിദ്യാർത്ഥികൾക്കുംവേണ്ടി പ്രാർത്ഥിക്കുക |
| സുകൃതജപം | : | ഈശോയുടെ തിരുഹൃദയമേ, അങ്ങയുടെ രാജ്യം വരണമേ |
| വചനം | : | ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു (ലൂക്കാ 2:52) |

ജൂൺ 10 ഞായർ : ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് 2018 ജൂൺ 9 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 9.15ന് വി. കുർബാനയോടുകൂടി ആരംഭിക്കുന്നു. 10.15ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനകർമ്മത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സന്ദേശവും മാർഗ്ഗരേഖാപ്രകാശനവും മാർഗ്ഗരേഖാ വിശദീകരണക്ലാസ്സും ഉണ്ടായിരിക്കും. എല്ലാ ആനിമെറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ഈശോയെപ്പോലെ വളരാം... വലുതാകാം...

തിരുബാലസഖ്യം കുട്ടികൾക്കായി ഈ വർഷത്തെ പ്രവർത്തനമാർഗ്ഗ രേഖയെ ആധാരമാക്കി കഥകൾ, പാട്ടുകൾ, നിറംകൊടുക്കാം, വചനം പൂരിപ്പിക്കാം തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾക്ക് ഉപകാരപ്രദവും വചനപഠനത്തിന് സഹായകരവുമായ വിധത്തിൽ കഴിഞ്ഞ വർഷത്തെ വർക്ക്ബുക്കിന്റെ തുടർച്ചയായി ഈശോയെപ്പോലെ വളരാം... വലുതാകാം... എന്ന പുസ്തകം തയ്യാറായിക്കൊണ്ടിരിക്കുന്നു. 25 രൂപയാണ് ഇതിന്റെ വില. 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഈ വർക്ക് ബുക്ക് നൽകാനും ബഹു. ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**

അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം
## തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

### സ്പെഷ്യൽ സെനറ്റ്, കർമ്മ പദ്ധതി പ്രകാശനം, ഫലസമൃദ്ധി 2018 ഉദ്ഘാടനം

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽവച്ച് 2018 ജൂൺ 2ന് കർമ്മപദ്ധതി പ്രകാശനം നടത്തപ്പെടുന്നു. അന്നേദിവസം ഫലസമൃദ്ധി യുടെ അതിരൂപതാതല ഉദ്ഘാടനവും, കഴിഞ്ഞ വർഷത്തെ അതിരൂപതാ ഭാരവാഹികളെ ആദരിക്കുന്ന ചടങ്ങും, കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ മുഖപത്രം 'സ്പന്ദനം' പ്രകാശനവും നടത്ത പ്പെടുന്നു. 2018 ജൂൺ 2 ശനിയാഴ്ച സ്പഷ്യൽ സെനറ്റും തളിപ്പറമ്പ് സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ സെനറ്റ് അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ യുവജന സുഹൃത്തുക്കളേയും തളിപ്പറമ്പിലേക്ക് സ്വാഗതം ചെയ്യുന്നു.

**എന്താണ് ഫലസമൃദ്ധി –** യുവജന വർഷത്തിൽ വിഷരഹിത ഫലവൃക്ഷത്തൈകൾ എല്ലാ ഭവനങ്ങളിലും എത്തിക്കുവാനുള്ള കെസിവൈഎം-ന്റെ സംസ്ഥാന പദ്ധതിയാണ് ഫലസമൃദ്ധി. വിഷം നിറഞ്ഞ മുന്തിരി, ഓറഞ്ച്, ആപ്പിൾ തുടങ്ങിയ ഫലങ്ങൾക്ക് പകരം സ്വന്തം വീട്ടുമുറ്റത്ത് ചുരുങ്ങിയ ചിലവിൽ ദീർഘകാലം കായ്ക്കുന്ന റംമ്പൂട്ടാൻ, വിവിധതരം മാവിൻ തൈകൾ, പേരയ്ക്ക തുടങ്ങിയ ഫല വൃക്ഷ തൈകളാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. കേര ളത്തിലെ 32 രൂപതകളിലും കെസിവൈഎം നടപ്പിൽ വരുത്തുന്ന ഫലസമൃദ്ധി 2018 എന്ന പദ്ധതിയുമായി തലശ്ശേരി അതിരൂപതയും ജൂൺ രണ്ടിന് തളിപ്പറമ്പിൽ വച്ച് കൈകോർക്കുന്നു.

### ജൂൺ മാസം – അംഗത്വവും അഫിലിയേഷനും

കെസിവൈഎം, എസ്എംവൈഎം-ന്റെ അംഗത്വമാസമാണ് ജൂൺ. 15 മുതൽ 35 വയസുവരെ പ്രായമുള്ള എല്ലാ യുവജനങ്ങളും അംഗത്വം സ്വീക രിക്കേണ്ടതാണ്. ജൂൺ 30 നുള്ളിൽ അഫിലിയേഷൻ പൂർത്തിയാക്കി അതി

രൂപതാ ഓഫീസിൽ നൽകേണ്ടതാണ്. യഥാസമയം രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർക്ക് മാത്രമെ ഇലക്ഷനിലും മത്സരങ്ങളിലും പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. അതിരൂപതയിൽനിന്നും അയയ്ക്കുന്ന ഫോമിൽ തന്നെയാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.

## പ്രത്യേകം ശ്രദ്ധയ്ക്ക്

കെസിവൈഎം, എസ്എംവൈഎം അംഗങ്ങൾ എല്ലാ വർഷവും അംഗത്വം പുതുക്കേണ്ടതാണ്. അഫിലിയേഷനിൽ പേരില്ലാത്ത ഒരു വ്യക്തിയെയും ഇലക്ഷന് നിൽക്കാനോ, വോട്ടു ചെയ്യാനോ അനുവദിക്കുന്നതല്ല. കലാമത്സരങ്ങളിലും സംഘടനയുടെ പ്രധാന പരിപാടികളിലും അഫിലിയേഷൻ ആവശ്യമാണ്. ഓരോ അംഗങ്ങളും തങ്ങളുടെ പേരുകൾ അഫിലിയേഷനിൽ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. ഡയറക്ടേഴ്സ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അംഗത്വ കാർഡ്

കെസിവൈഎം, എസ്എംവൈഎം-ൽ ഈ വർഷം അംഗമായി ചേരുന്നവരും, ഐഡി കാർഡ് ഇല്ലാത്തവരും ഐഡി കാർഡ് സ്വന്തമാക്കാൻ ശ്രദ്ധിക്കുക. സംഘടനയുടെ പ്രധാനപ്പെട്ട എല്ലാ പരിപാടികൾക്കും ഐഡി കാർഡ് നിർബന്ധമായിരിക്കും.

## സ്കൂൾ കിറ്റ് വിതരണം

പുതിയ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്യാൻ തീരുമാനിച്ചു.

## പ്രകൃതി പഠന സഹവാസ ക്യാമ്പ്

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജൂൺ 8,9,10 തിയതികളിൽ പനത്തടി ഫൊറോനയുടെ ആതിഥേയത്വത്തിൽ പാണത്തൂർ ഇടവകയിൽവച്ച് പ്രകൃതിപഠന സഹവാസക്യാമ്പ് നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 5ന് മുമ്പ് അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ഇടവകാവികാരിയുടെ സാക്ഷ്യപത്രത്തോടെ 8ന് വൈകുന്നേരം 4 മണിയോടെ എത്തിച്ചേരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 400 രൂപ ആയിരിക്കും. എല്ലാ യുവജന സുഹൃത്തുക്കൾക്കും ഹൃദയപൂർവ്വം സ്വാഗതം. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളിലും ഫൊറോന തലങ്ങളിലും പരിസ്ഥിതി അവബോധം ജനിക്കാനുതകുന്ന പ്രവർത്തനങ്ങളും, ക്ലാസ്സുകളും, സെമിനാറുകളും നടത്തി അനുയോജ്യമായ വിധത്തിൽ ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്

2018 ജൂൺ 19 ചൊവ്വാഴ്ച രാവിലെ 9 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽവച്ച് ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നു. നിലവിലുള്ളവരും പുതിയതായി തെരഞ്ഞെടുക്കപ്പെട്ടവരുമായ എല്ലാ ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക്1 മണിവരെ ആയിരിക്കും മീറ്റിംഗ്.

## വി. തോമസ് മൂർ അനുസ്മരണം

കെസിവൈഎം-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ ജൂൺ 22-ന് ആഘോഷിക്കുമ്പോൾ അന്നേദിവസം എല്ലാ യൂണിറ്റുകളും പ്രാർത്ഥനാദിനമായി ആചരിക്കുമല്ലോ.

## ക്രിക്കറ്റ് ടീം സെലക്ഷൻ

2018 ഓഗസ്റ്റ് 28ന് നടക്കുന്ന സംസ്ഥാന ക്രിക്കറ്റ് ടൂർണ്ണമെന്റിനായി ടീം സെലക്ഷൻ 2018 ജൂലൈ 8 ഞായറാഴ്ച തലശ്ശേരിയിൽവച്ച് നടത്തപ്പെടുന്നു. എല്ലാ കായിക താരങ്ങൾക്കും സ്വാഗതം.

## യുവജന ദിനം ജൂലൈ-8

ജൂലൈ 8 ഞായർ യുവജന ദിനമായി നാം ആചരിക്കുന്നു. യുവജനങ്ങളുടെ ആത്മീയ ഭൗതീക ഉന്നമനത്തിനായി പ്രാർത്ഥിക്കാനും, സഭയോടും സമൂഹത്തോടുമുള്ള അവരുടെ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്താനുമായി തിരുസഭാമാതാവ് നമുക്ക് പ്രത്യേകം നല്കിയിരിക്കുന്നദിനം. ഈ യുവജന വർഷത്തിലെ യുവജനദിനം ഏറ്റവും ഭംഗിയായി നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## അതിരൂപത സിൻഡിക്കേറ്റ് ജൂലൈ 14

കുന്നോത്ത്വച്ച് 2018 ജൂലൈ 14ന് 2 മണിക്ക് സിൻഡിക്കേറ്റ് ഉണ്ടായിരിക്കുന്നതാണ്.

## അതിരൂപത യൂത്ത്-ഡേ ജൂലൈ 15 കുന്നോത്ത്

അതിരൂപതാതല യുവജനദിനം 2018 ജൂലൈ 15 ഞായറാഴ്ച കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ ആഘോഷിക്കുന്നു. എല്ലാ യുവജന സുഹൃത്തുക്കൾക്കും കുന്നോത്തേക്ക് ഹൃദ്യമായ സ്വാഗതം. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

## വി. തോമസ് മൂർ അനുസ്മരണവും പ്രോ ലൈഫ് എക്സിബിഷനും

കെസിവൈഎംന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ 2018 ജൂലൈ 22 ഞായറാഴ്ച ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ ചെറുപുഴ സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽവച്ച്

നടത്തപ്പെടുന്നു. അതിനോടനുബന്ധച്ച് അതിരൂപതാതല പ്രോ ലൈഫ് എക്സിബിഷനും നടത്തപ്പെടുന്നു.

### പ്രീസ്റ്റ് ഹോം വിസിറ്റും സിൻഡിക്കേറ്റും ഓഗസ്റ്റ് 12

സ്വാതന്ത്ര ദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 12-ാം തീയതി കരുവഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിക്കുന്നതാണ്, തുടർന്ന് സിൻഡിക്കേറ്റും ഉണ്ടായിരിക്കും.

### പ്രചോദിനി-വനിതാ ക്യാമ്പ് ഓഗസ്റ്റ് 22,23,24

സംസ്ഥാന വനിതാ ക്യാമ്പ് പ്രചോദിനി ഓഗസ്റ്റ് 22, 23, 24 തീയതികളിലായി നടത്തപ്പെടുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### സംസ്ഥാന ക്രിക്കറ്റ് ടൂർണ്ണമെന്റ്

സംസ്ഥാനതല ക്രിക്കറ്റ് ടൂർണ്ണമെന്റ് 2018 ഓഗസ്റ്റ് 28ന് നടത്തപ്പെടുന്നു.

### സത്യമറിയാൻ വിശ്വാസ സംവാദ പുസ്തകം

യുവജനസംശയങ്ങൾക്ക് പാംപ്ലാനി പിതാവ് നല്കിയ മറുപടികളുടെ സമാഹാരം സത്യമറിയാൻ പുസ്തകത്തിന്റെ ഒന്നാം സീരിയസ് കോപ്പികൾ ഓഫീസിൽ ലഭ്യമാണ്. പ്രണയം മിശ്രവിവാഹം എന്നീ രണ്ട് വിഷയങ്ങളാണ് പ്രതിപാദിച്ചരിക്കുന്നത്. വില 50 രൂപ.

### പ്രോലൈഫ് എക്സിബിഷൻ

ഈ യുവജനവർഷത്തിൽ ഇടവകകളിൽ പ്രോലൈഫ് എക്സിബിഷൻ നടത്താൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ നേരത്തെ തന്നെ അറിയിച്ച് തീയതി കുറിക്കേണ്ടതാണ്.

### രോഗ പ്രതിരോധ സെമിനാർ

മഴക്കാല രോഗപ്രതിരോധ സെമിനാർ തലശ്ശേരി അതിരൂപതാ കെസിവൈഎം, എസ്എംവൈഎം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. സെമിനാർ നടത്താൻ ആഗ്രഹിക്കുന്നവർ കിരൺ അർത്തശ്ശേരിൽ അതിരൂപത ജനറൽ സെക്രട്ടറി (9995463272), സിജോ അമ്പാട്ട്, ഡോണോ അതിരൂപതാ കൗൺസിലേഴ്സ് (8089245136, 8281456715) എന്നിവരുമായി ബന്ധപ്പെടുക.

### യൂത്ത് അസംബ്ലി വെള്ളരിക്കുണ്ട്

വെള്ളരിക്കുണ്ട് ഫൊറോന യൂത്ത് അസംബ്ലി മാലോം സെന്റ് ജോർജ് ദൈവാലയത്തിൽവച്ച് തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി വിഷയാവതരണം നടത്തി. 60 ഓളം പേർ പങ്കെടുത്ത അസംബ്ലിയിൽ എല്ലാ യൂണിറ്റുകളും തങ്ങളുടെ ഇടവകാ റിപ്പോർട്ടു

കൾ വായിച്ച് യുവജന വർഷത്തിലെ കർമ്മപദ്ധതികൾ അറിയിച്ചു. അസംബ്ലിയുടെ വിജയത്തിനായി പ്രവർത്തിച്ച മാലോം സെന്റ് ജോർജ് ഇടവക വികാരി ബഹു. ആന്റണി മഞ്ഞളാംകുന്നേൽ അച്ചനും അസി. വികാരി ഫാ. സുനീഷ് പുതുക്കുളങ്ങരയ്ക്കും വെള്ളരിക്കുണ്ട് ഫൊറോന ഡയറക്ടർ ഫാ. റിമൽ ചെമ്പനാനിക്കലിനും മേഖല പ്രസിഡന്റ് ശ്രീ. ടോണി ചേപ്പുകാലായിനും യൂണിറ്റ് ഭാരവാഹികൾക്കും മറ്റ് യുവജന സുഹൃത്തുക്കൾക്കും നന്ദി.

## ഫൊറോന യൂത്ത് അസംബ്ലി ആലക്കോട്

ആലക്കോട് ഫൊറോന അസംബ്ലി മണക്കടവ് സെന്റ് തോമസ് ദൈവാലയത്തിൽവച്ച് ഫെബ്രുവരി 6-ാം തിയതി നടത്തപ്പെട്ടു. വിവിധ ഇടവകകളിൽനിന്നുമായി 200 പേർ പങ്കെടുത്ത അസംബ്ലി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി ആമുഖ പ്രഭാഷണം നടത്തി. എല്ലാ യൂണിറ്റുകളും റിപ്പോർട്ട് വായിച്ച് കർമ്മപദ്ധതികൾ അറിയിച്ചു. അതോടൊപ്പം പുതിയതായി തെരഞ്ഞെടുത്ത ഫൊറോന ഭാരവാഹികളുടെ സത്യപ്രതിജ്ഞയും നടത്തി. അസംബ്ലിയുടെ വിജയത്തിനായി പ്രവർത്തിച്ച ആലക്കോട് ഫൊറോന വികാരി ബഹു. ആന്റണി ആനക്കല്ലിൽ അച്ചനും ആലക്കോട് ഫൊറോന ഡയറക്ടർ ബഹു. ജോയി മഠത്തിമ്യാലിൽ അച്ചനും മേഖല പ്രസിഡന്റ് അരുൾ ജോസഫിനും, ആനിമേറ്റർ സിസ്റ്റർ ജോസ്‌ലിനും പങ്കെടുത്ത എല്ലാ ആനിമേറ്റേഴ്സിനും യൂണിറ്റ് ഭാരവാഹികൾക്കും യുവജന സുഹൃത്തുക്കൾക്കും അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## ഫൊറോന യൂത്ത് അസംബ്ലി ചെറുപുഴ

ചെറുപുഴ സെന്റ് മേരിസ് ഫൊറോന ദൈവാലയത്തിൽവച്ച് ഫൊറോന യൂത്ത് അസംബ്ലി മെയ് 19ന് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. 70 പേർ പങ്കെടുത്ത അസംബ്ലിക്ക് അതിരൂപതാ പ്രസിഡന്റ് ശ്രീ ജിതിൻ മുടപ്പാലയിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ വിഷയാവതരണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. മാത്യു ആനകുത്തിയിൽ, മേഖല പ്രസിഡന്റ് ബോണി ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു. ഓരോ ഇടവകയും തങ്ങളുടെ റിപ്പോർട്ടുകളും, കർമ്മപദ്ധതികളും അവതരിപ്പിച്ചു. മേഖല ഡപ്യൂട്ടി പ്രസിഡന്റ് ശ്രീ. സച്ചിൻ തോമസ് നന്ദി അർപ്പിച്ച് സംസാരിച്ചു. ഫൊറോന അസംബ്ലി ഭംഗിയാക്കാൻ പിന്നിൽ പ്രവർത്തിച്ച സ്റ്റാനി അച്ചനും അതിരൂപതാ പ്രസിഡന്റ് ജിതിനും യൂണിറ്റ് മേഖലാ ഭാരവാഹികൾക്കും പങ്കടുത്ത എല്ലാ യുവജനങ്ങൾക്കും അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## പനത്തടി ഫൊറോന യൂത്ത് അസംബ്ലി

മെയ് 20ന് പനത്തടി ഫൊറോന യൂത്ത് അസംബ്ലി ഫൊറോന പ്രസിഡന്റ് ശ്രീ. കിരൺ വടക്കേലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. 70 തോളം പേർ പങ്കടുത്ത അസംബ്ലി ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി ആമുഖ പ്രഭാഷണം നടത്തി. ഫൊറോന വികാരി ഫാ. തോമസ് പട്ടാംകുളം, ഫൊറോന ഡയറക്ടർ ഫാ. മനു കാനക്കാട്ട്, അതിരൂപതാ ജനറൽ സെക്രട്ടറി കിരൺ അർത്തശ്ശേരിൽ, ആനിമേറ്റർമാരായ സി. മരിയ റോസ്, പീയൂസ് പറയിടം എന്നിവർ ആശംസകൾ അർപ്പിച്ചു. എല്ലാ യൂണിറ്റിന്റെയും സജീവസാനിധ്യത്തിൽ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

## ഗോ ഗ്രീൻ - പ്രകൃതി സൗഹൃദ ക്യാരി ബാഗിന്റെ ഉദ്ഘാടനം

**മാനടുക്കം യൂണിറ്റിന്റെ** ആഭിമുഖ്യത്തിൽ പ്രകൃതി സൗഹൃദ ക്യാരിബാഗും, പേനയും നർമ്മിച്ചു നൽകുന്നു. പനത്തടി ഫൊറോന യൂത്ത് അസംബ്ലിയിൽവച്ച് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകൾക്കും 7 രൂപ 50 പൈസ നിരക്കിൽ ഓർഡർ ചെയ്യുന്നതനുസരിച്ച് നൽകുന്നതാണ്. അതിരൂപതാ ഓഫീസിലും ഓർഡർ ചെയ്യാവുന്നതാണ്. ക്യാരിബാഗുകൾ സ്വന്തം ഇടവകകളിൽ എത്തിച്ചു തരുന്നതാണ്.

## ക്ലീൻ കാസർഗോഡ് ഉദ്ഘാടനം

കെസിവൈഎം, എസ്എംവൈഎം കാസർഗോഡ് റീജന്റെ നേതൃത്വത്തിൽ കാസർഗോഡ് ബസ്റ്റാന്റിൽവച്ചുനടന്ന ക്ലീൻ കാസർഗോഡ് പദ്ധതിയുടെ ഉദ്ഘാടനവും തുടർപ്രവർത്തനവും വളരെ മനോഹരമായി നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതയിൽനിന്നും ഡയറക്ടർ ഫാ.സോണി വടശ്ശേരിൽ, ആനിമേറ്റർ, ജന. സെക്രട്ടറി ശ്രീ. കിരൺ അർത്തശ്ശേരിൽ, വൈസ് പ്രസിഡന്റ് അലിഡ മരിയ, ഡപ്യൂട്ടി പ്രസിഡന്റ് ശ്രീ അഖിൽ ചാലിൽ പുത്തൻപുരയിൽ എന്നിവർ പങ്കെടുത്തു. ശ്രീ. സിജോ അമ്പാട്ടിന്റെ നേതൃത്വത്തിൽ നാലു ഫൊറോനകൾ കൈകോർത്ത് തുടക്കം കുറിച്ച ഈ വലിയ ഉദ്യമത്തിന് അതിരൂപതാ സമിതിയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

## പ്രതിഷേധ കൂട്ടായ്മ - തളിപ്പറമ്പ്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന ആക്രമങ്ങളിൽ പ്രതിഷേധിച്ച് കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത

തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ മൗനജാഥയും പ്രതിഷേധ സംഗമവും നടത്തി. പരിപാടിയുടെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ഫൊറോന വികാരി ബഹു. അബ്രാഹം പോണാട്ട് അച്ചനും അസി. വികാരി ജോസഫ് റാത്തപ്പള്ളി അച്ചനും ഫൊറോന ഡയറക്ടർ ബഹു. സിറിൽ കുറ്റിക്കൽ അച്ചനും അതിരൂപതാ ജനറൽ സെക്രട്ടറി കിരണിനും ആൽവിന്റെയും അമലിന്റെയും നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും ദിപിന്റെ നേതൃത്വത്തിലുള്ള യൂണിറ്റ് ഭാരവാഹികൾക്കും മറ്റ് യുവജന പ്രവർത്തകർക്കും. അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു

## കർഷക ജാഥ

ദീപികയും ഡിഎഫ്സിയും നേതൃത്വം നല്കുന്ന കർഷകജാഥയിൽ കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപത പങ്കാളിത്തം നല്കി. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയും പ്രസിഡന്റ് ശ്രീ ജിതിൻ മുടപ്പാലയും സംബന്ധിച്ചു. വെള്ളരിക്കുണ്ട് ഫൊറോയുടെ നേതൃത്വത്തിൽ 50 തോളം യുവജനങ്ങൾ ബൈക്ക് റാലി നടത്തി. നേതൃത്വം നല്കിയ ഫൊറോന ഡയറക്ടർ ബഹു. റിമൽ ചെമ്പനാനിക്കൽ അച്ചനും ഫൊറോന പ്രസിഡന്റ് ശ്രീ. ടോണി ചേപ്പുകാലായിനും പങ്കെടുത്ത യുവജന സുഹൃത്തുക്കൾക്കും ഹൃദയപൂർവ്വം നന്ദി.

## മാലാഖ – നഴ്സസ് മീറ്റ് 2018

മെയ് 20 ഞായറാഴ്ച കണ്ണൂർ ഹോളി ഫാമിലി ദൈവാലയത്തിൽവച്ച് നടന്ന നഴ്സസ് മീറ്റിന് അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജിതിൻ മുടപ്പാല അദ്ധ്യക്ഷത വഹിച്ചു. 90 ഓളം നഴ്സ്മാർ പങ്കെടുത്ത മീറ്റിംഗ് കണ്ണൂർ ഹോളി ഫാമിലി ഇടവക വികാരി ഫാ. ജോസഫ് കാവനാടി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരി ആമുഖ പ്രഭാഷണവും, അതിരൂപതാ സമിതി അംഗങ്ങൾ ആശംസകളും അർപ്പിച്ചു. തന്റെ ജീവിതാനുഭവം പങ്കുവച്ചുകൊണ്ട് ഡോ. ടോജോ ചെറിയാൻ ക്ലാസ്സ് നയിച്ചു. നഴ്സസ് മീറ്റ് ഏറ്റവും ഭംഗിയാക്കാൻ സ്ഥലസൗകര്യങ്ങൾ ഒരുക്കിത്തന്ന് ആദ്യഅവസാനംവരെ ഞങ്ങളോടോപ്പമുണ്ടായിരുന്ന ജോസഫ് കാവനാടി അച്ചനും കണ്ണൂർ യുണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യു കരിനാട്ടിനും കിരണിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും ആനിമേറ്റർ ശ്രീ. ജോബിൻ മാടപ്പള്ളിക്കും ഡോ. ടോജോ ചെറിയാനും പങ്കടുത്ത എല്ലാ നേഴ്സസിനും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

# കൃതജ്ഞതയോടെ

## ഫൊറോന ഡയറക്ടേഴ്സ്

തലശ്ശേരി അതിരൂപതയുടെ കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് ആത്മീയവും ഭൗതികവുമായ ഉണർവ്വും ഉത്തേജനവും നല്കി ഫൊറോന ഡയറക്ടേഴ്സായി സ്തുത്യർഹമായി സേവനമനുഷ്ടിച്ച ഞങ്ങളുടെ സ്നേഹമുള്ള തോമസ് മണവത്തച്ചനും (പേരാവൂർ), ഐസക്ക് മറ്റത്തില ച്ചനും (കുന്നോത്ത്), അനൂപ് ചിറ്റേട്ടച്ചനും (എടൂർ), ജോസഫ് വടക്കേപ്പറ മ്പിൽ അച്ചനും (ചെമ്പേരി), വർക്കി തടത്തിമാക്കലച്ചനും (ചെമ്പന്തൊട്ടി), തോമസ് ചെരുവിലച്ചനും (നെല്ലിക്കാംപൊയ്യിൽ), ജോസഫ് കാഞ്ഞിരത്തി ങ്കൽ അച്ചനും (പൈസക്കരി), തലശ്ശേരി അതിരൂപത കെസിവൈഎം കുടും ബത്തിന്റെ നന്ദിയും പുതിയ സ്ഥലത്ത് എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.

## ഡയറക്ടർ അച്ചന്മാരെയും സിസ്റ്റർ ആനിമേറ്റേഴ്സിനെയും തെര ഞ്ഞെടുക്കുക

ഫൊറോനകളിൽനിന്നും സ്ഥലംമാറിപ്പോയ ഡയറക്ടർമാർക്കും ആനി മേറ്റേഴ്സിനും പകരം പുതിയ ഡയറക്ടേഴ്സിനെയും ആനിമേറ്റേഴ്സിനെയും അടുത്ത മാസധ്യാനത്തിൽ കണ്ടെത്തി അതിരൂപതാ ഓഫീസിൽ അറിയി ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## വിവാഹ ആശംസകൾ

2017-18 വർഷത്തെ തലശ്ശേരി അതിരൂപതാ കൗൺസിലർ ആയിരുന്ന ശ്രീ. ജുബിൻ ചിറയ്ക്കലിനും വധു അനുവിനും പേരാവൂർ ഫൊറോന പ്രസി ഡന്റ് ശ്രീ. ജിബിറ്റിനും വധു സീനയ്ക്കും തലശ്ശേരി അതിരൂപതയുടെ വിവാ ഹആശംസകളും പ്രർത്ഥനകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ദൈവം ഈ ഭൂമിയിൽ രൂപം നൽകിയ സംവിധാനങ്ങളിൽ ഏറ്റവും സുന്ദരമായത് കുടംബമാണെന്നാണ് ഫ്രാൻസീസ് മാർപാപ്പ പറയുന്നത്. സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനം കുടുംബമാണ്. ഒരു വ്യക്തി ജനിക്കുന്നത്, വ്യക്തിത്വം രൂപപ്പെടുന്നത്, വളരുന്നത്, മാനുഷികതയിൽ പരിശീലിപ്പിക്കപ്പെടുന്നത് എല്ലാം കുടുംബത്തിലാണ്. കുടുംബത്തിന്റെ പ്രാധാന്യം അത്രമേൽ വലുതാകയാൽ കുടുംബങ്ങളെ നന്മയിൽ പരിശീലിപ്പിക്കുക എന്ന ശുശ്രൂഷ വളരെ പ്രധാനപ്പെട്ടതാണ്. ദൈവത്തിന്റെ മനസ്സിനിണങ്ങിയ, അവിടുത്തെ ഹിതമനുസരിച്ചുള്ള കുടുംബങ്ങൾക്ക് രൂപം കൊടുക്കുക എന്നതാണ് സഭയുടെ പരമപ്രധാനമായ ലക്ഷ്യം. കഴിഞ്ഞ ഒരു വർഷക്കാലം അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ എന്ന നിലയിൽ നിങ്ങളെല്ലാവരും എനിക്ക് നൽകിയ പിന്തുണയ്ക്കും, പ്രോത്സാഹനങ്ങൾക്കും എന്നോട് കാണിച്ച സഹകരണത്തിനും പ്രത്യേകം നന്ദി പറയുന്നു. കുടുംബ പ്രേഷിത ശുശ്രൂഷയിൽ ഉപരിപഠനത്തിനായി പോകുന്ന എനിക്ക് വേണ്ടി പ്രത്യേകമായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു. പുതിയ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന് കർമ്മരംഗത്ത് എല്ലാ ഭാവുകങ്ങളും നേരുന്നു. അച്ചനോടൊത്ത് കുടുംബപ്രേഷിതത്വത്തിന്റെ വിവിധങ്ങളായ ശുശ്രൂഷകളിൽ എല്ലാവരും സഹകരിക്കണെ. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

## 1. 1) ബോധിനി (നേതൃത്വ പരിശീലനം)

ത്രിതല പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവരുടെ സംഗമങ്ങൾ സംഘടിപ്പിച്ച് കുടുംബക്ഷേമപ്രവർത്തനങ്ങൾക്കായുള്ള പരിശീലനം നൽകുക. കൂടുതൽ വനിതകൾ ത്രിതലപഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുക എന്ന ലക്ഷ്യത്തോടുകൂടി നേതൃത്വപരിശിലന ക്യാമ്പ് നടത്തുക. സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളിൽ മാതൃകാപരമായി ഇടപെടുന്ന പ്രഗത്ഭരെ ആദരിക്കുകയും അവരുടെ ജീവിതാനുഭവവും അറിവും മറ്റുള്ളവർക്ക് ലഭ്യമാക്കുകയും ചെയ്യുക.

## 2) ഹോംമിഷൻ

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്. ഇന്നത്തെ കാല

ഘട്ടത്തിന്റെ ആവശ്യമാണ് ഹോംമിഷൻ. വിവിധങ്ങളായ അസ്വസ്ഥതകൾ അനുഭവിക്കുന്ന കുടുംബാംഗങ്ങളെ നേരിൽ കണ്ട് ആശ്വസിപ്പിക്കാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും അങ്ങനെ ആ കുടുംബത്തെ സമഗ്രവളർച്ചയി ലേക്ക് നയിക്കാനും ഇതുവഴി സാധിക്കും.

### 3) ഹോം മിഷൻ - കരുവഞ്ചാൽ

കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ അതിരൂപതാ ഹോം മിഷൻ ടീം മെയ് 14 മുതൽ 20 വരെ 11 ടീമായി ഹോം മിഷൻ നടത്തി. അതി രൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയ പ്പാറ 13-ാം തീയതി വൈകുന്നേരം ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ഹോം മിഷനായി ഇടവകാംഗങ്ങളെ ഒരുക്കുകയും ചെയ്തു. ഹോം മിഷന്റെ ആരംഭത്തിൽ സിസ്റ്റേഴ്സിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും സമാപന ദിനം ബഹു. അച്ചൻ ടീം അംഗങ്ങളെ സന്ദർശിക്കുകയും ചെയ്തു. എസ്.എച്ച്, സി.എം.സി, എസ്.എ.ബി.എസ്, എഫ്.സി.സി. എന്നീ കോൺഗ്രി ഗേഷനിൽ നിന്നുള്ള സിസ്റ്റേഴ്സാണ് ഹോം മിഷൻ നടത്തിയത്. ഹോം മിഷന് ആവശ്യമായ ഒരുക്കങ്ങൾ ചെയ്ത ബഹു. ഫാ. മാത്യു പാലമറ്റ ത്തിനും ഡീക്കൻ ബിബിൻ തെക്കേടത്തിനും ഇടവകയിൽ പ്രവർത്തിക്കുന്ന കൈക്കാരന്മാർക്കും, കോഡിനേറ്റർ, ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവർക്കും ഹോംമിഷൻ നടത്തിയ ബഹു. സിസ്റ്റേ ഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദന ങ്ങളും നേരുന്നു.

### 4) ഫാമിലി കൗൺസിലിംഗ്

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരി ക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമു ഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടു ത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## 2. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

819, 820 എന്നീ എം.പി.സി കോഴ്സുകൾ ഏപ്രിൽ 24-26, മെയ് 8-10 തീയ്യതികളിൽ യഥാക്രമം തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുക ളിലായി 130 ആൺകുട്ടികളും 144 പെൺകുട്ടികളും ഉൾപ്പെടെ ആകെ 274 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 1) എം.പി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നീ സെന്റ റുകളിൽവച്ച് ഏപ്രിൽ 26 മെയ് 10 എന്നീ തീയതികളിൽ എംപിസി 819, 820 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നട

ത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ക്ലാസ്സ് നയിക്കുക യുണ്ടായി.

**2) പ്രീ മാരിറ്റൽ കൗൺസലിംഗ്**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 819, 820 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 36 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ടപ്രകാരം എം.പി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

**Family Apostolate**
**Contact Number: 0490 2343414, Mob: 9400206974**

## 4. മാതൃവേദി

**1) മുൻകരുതൽ**

ജൂൺ മാസത്തിൽ മാതൃവേദി അംഗങ്ങൾക്ക് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് മഴക്കാല രോഗങ്ങൾക്കും പകർച്ചവ്യാധികൾക്കും എതിരായുള്ള പ്രതിരോധ മാർഗ്ഗങ്ങളിലേക്കാണ്. ശ്രദ്ധയോടുകൂടിയുള്ള

ജീവിത ക്രമം പല രോഗങ്ങളിൽ നിന്നും രക്ഷനേടാൻ നമ്മെ സഹായിക്കുമല്ലോ.

- ➢ മഴക്കാല രോഗങ്ങൾക്കെതിരെ മുൻകരുതലുകൾ എടുക്കുക.
- ➢ പകർച്ചവ്യാധികൾ തടയാനുള്ള പ്രവർത്തനങ്ങൾ ഹെൽത്ത് സെന്ററും ആയി സഹകരിച്ച് ചെയ്യുക.
- ➢ രോഗപ്രതിരോധത്തിനായി ശുചീകരണം, പ്രതിരോധമരുന്നുകൾ എന്നിവ നടത്തുക.
- ➢ മലിനജലം കെട്ടിക്കിടക്കുന്ന സാധ്യതകൾ ഒഴിവാക്കുക. കൊതുകു നശീകരണത്തിനായി ഗപ്പി മത്സ്യങ്ങളെ വളർത്തുക.

## 2) ജ്വാല - ചെമ്പേരി

2018 ഏപ്രിൽ 28 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ചെമ്പേരി മേഖലയുടെ ജ്വാല പ്രോഗ്രാം ചെമ്പേരി അൽഫോൻസാ ഓഡിറ്റോറിയത്തിൽവച്ച് നടന്നു. മേഖലാ ആനിമേറ്റർ സി. ലിറ്റിൽ ഫ്ളവർ എൻ.എസ് സ്വാഗതം ആശംസിച്ചു. ചെമ്പേരി മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി റെജി പെരുകിലംകാട്ടിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ചെമ്പേരി ഫൊറോനാ വികാരി വെരി റവ. ഫാ. ഡോ. ജോസഫ് കരിനാട്ട് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് ശ്രീ.ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. ചെമ്പേരി മേഖലാ സെക്രട്ടറി ശ്രീമതി സലോമി കണിയാരോലിക്കൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി അച്ചാമ്മ വാളിയംപ്ലാക്കൽ കണക്കും അവതരിപ്പിച്ചു. ചെമ്പേരി യൂണിറ്റ് മാതൃവേദി വൈസ് പ്രസിഡണ്ട് ശ്രീമതി മിനി തെക്കേക്കര നന്ദി അർപ്പിക്കുകയും ചെയ്തു.

## 3) ജ്വാല - ചെറുപുഴ

ചെറുപുഴ മേഖലയുടെ ജ്വാല പ്രോഗ്രാം മെയ് 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടത്തപ്പെട്ടു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടനം ചെയ്തു. ശ്രീമതി റോസ്ലിൻ കണ്ടത്തിൽ അദ്ധ്യക്ഷത വഹിക്കുകയും സി. ഡോണിയ എസ്.എം.എസ്. സ്വാഗതം ആശംസിക്കുകയും ചെയ്തു. റിപ്പോർട്ട് ശ്രീമതി റെജി പോത്തനാമുഴിയും കണക്ക് ശ്രീമതി ലിസ്സി കുരുവിളാനി അവതരിപ്പിക്കുകയും ചെയ്തു. ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ, സി.ലിയ റോസ് സി.എച്ച്.എഫ്. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ.ടി.എം. ജോസ് തയ്യിൽ ക്ലാസ് നയിച്ചു. സോജി നെല്ലിക്കൽ ഏവർക്കും നന്ദിയർപ്പിച്ചു.

### 4) സമ്പൂർണ്ണ മാതൃവേദി പ്രഖ്യാപനം - കുന്നോത്ത്

മെയ് 4 വെള്ളിയാഴ്ച അക്രമരാഷ്ട്രീയത്തിനും മദ്യനയത്തിനുമെതിരെ കുന്നോത്ത് മേഖലയിലെ അമ്മമാർ വള്ളിത്തോട് സെന്റ് ജൂഡ് തീർത്ഥാടന കപ്പേളയിൽനിന്നും കുന്നോത്ത് ഫൊറോനാ ദേവാലയത്തിലേക്ക് ഘോഷയാത്ര നടത്തി. ഉച്ചയ്ക്ക് 3 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ഫ്ളാഗ് ഓൺ ചെയ്ത് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഫൊറോന പള്ളിയിൽ വച്ച് അഭിവന്ദ്യ പാംപ്ലാനി പിതാവിന് സ്വീകരണം നൽകുകയും ദിവ്യബലിയ്ക്കുശേഷം നടന്ന മീറ്റിംഗിൽവച്ച് കുന്നോത്ത് ഫൊറോനയെ സമ്പൂർണ്ണ മാതൃവേദി ഫൊറോനയായി പ്രഖ്യാപിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീമതി ജെസ്സി പുറ്റാമറ്റത്തിൽ സ്വാഗതമാശംസിക്കുകയും മേഖലാ ഡയറക്ടർ ഫാ. ജേക്കബ് കരോട്ട്, ശ്രീമതി ജീന കുളത്തുങ്കൽ എന്നിവർ ആശംസയർപ്പിക്കുകയും ചെയ്തു. ശ്ലാഘനീയമായ ഇത്തരം പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയ മേഖലാ ഡയറക്ടർ ജേക്കബ് കരോട്ടച്ചനും മേഖലാ ആനിമേറ്റർ സി. ഫിൽസി, പ്രസിഡണ്ട് ശ്രീമതി ജെസ്സി പുറ്റാമറ്റം എന്നിവർക്കും യൂണിറ്റ് ആനിമേറ്റേർമാർക്കും ഭാരവാഹികൾക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അനുമോദനങ്ങൾ അറിയിക്കുന്നു

### 5) പ്രചോദിനി 2018

സ്ത്രീ ശാക്തീകരണത്തിനായി സമൂഹമൊന്നാകെ പ്രയത്നിക്കുന്ന ഇക്കാലത്ത് ഇച്ഛാശക്തിയുള്ള സ്ത്രീകളെ നേതൃത്വശേഷിയുള്ളവരാക്കി രൂപപ്പെടുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കും, വിവിധങ്ങളായ നേതൃത്വ സ്ഥാനങ്ങളിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ വനിതകൾക്കായി ഒരു നേതൃത്വപരിശീലന ക്യാമ്പ് പ്രചോദിനി എന്ന പേരിൽ ഏപ്രിൽ 20 വൈകിട്ട് 5 മണി മുതൽ 22-ാം തീയതി ഉച്ചയ്ക്ക് 2 മണി വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതയിൽനിന്നുള്ള ഫാ. വർഗ്ഗീസ് കാക്കല്ലിലും ടീം അംഗങ്ങളും ക്ലാസുകൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് സമാപന സമ്മേളനത്തിൽവച്ച് നേതൃത്വപരിശീലന ക്യാമ്പിൽ സംബന്ധിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു. 30 പേർ കോഴ്സിൽ സംബന്ധിച്ചു.

### 6) നവോമി സംഗമവും വാർഷികാഘോഷവും

ചെറുപഴ സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നവോമി സംഗമവും മാതൃവേദി ചെറുപുഴ മേഖലയുടെ വാർഷികാഘോഷവും മെയ് 19ന് ഉച്ചയ്ക്ക് 2 മണി മുതൽ 4.30 വരെ നടത്തപ്പെട്ടു. തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പരിപാടി ഉദ്ഘാടനം ചെയ്ത്

സംസാരിച്ചു. മേഖലാ ഡയറക്ടർ ഫാ. ഫ്രാൻസിസ് റാത്തപ്പള്ളി സ്വാഗതം ആശംസിക്കുകയും ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഫാ. ജോസഫ് കരിനാട്ട്, സി. ലിയ റോസ്, സി. ഡോണിയ, ശ്രീമതി റെജി പോത്തനാമുഴി, ശ്രീമതി റോസിലി കണ്ടത്തിൽ എന്നിവർ ആശംസകളർപ്പിച്ചു. ബിന്ദു പുതുമന നന്ദിയർപ്പിച്ചു. തുടർന്ന് മേഖലയിലെ ഓരോ യൂണിറ്റുകളുടെയും കലാപരിപാടികൾ ഉണ്ടായിരുന്നു. സഹകരിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

### 7) മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗും ആനിമേറ്റേഴ്സ് സംഗമവും

തലശ്ശേരി സന്ദേശഭവനിൽവച്ച് സീറോ മലബാർ മാതൃവേദിയുടെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ആരംഭിച്ച മീറ്റിംഗ് 1 മണിയോടെ സമാപിച്ചു. മാതൃവേദിയുടെ കഴിഞ്ഞ പ്രവർത്തന വർഷത്തെ വിലയിരുത്തുകയും തുടർന്ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായി ഒരു വർഷം സേവനമനുഷ്ഠിച്ച് ഉപരിപഠനത്തിനായി പോകുന്ന ഫാ. ജോർജ് കോവാട്ടിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ വിവിധ സംഘടനകൾ ഒന്നുചേർന്ന് യാത്രയയപ്പ് നൽകി. സന്ദേശഭവൻ അസി.ഡയറക്ടർ ഫാ. ജോജി കാക്കരമറ്റം ആശംസകളർപ്പിച്ച് സംസാരിച്ചു. എം.പി.സി, മാതൃവേദി, പ്രോലൈഫ്, മരിയൻ സിംഗിൾസ് എന്നിവയെ പ്രതിനിധീകരിച്ച് ആശംസകളും നന്ദിയും അർപ്പിക്കുകയുണ്ടായി. ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്. സ്വാഗതവും ബ്രദർ അജേഷ് തുരുത്തേൽ നന്ദിയും അർപ്പിച്ചു. അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റേഴ്സ്, മേഖലാ പ്രസിഡണ്ടുമാർ, സെനറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെടെ 16 മേഖലകളെ പ്രതിനിധീകരിച്ച് 30 പേർ മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് സമാപിച്ചു.

### 8) ഹൃദയപൂർവ്വം നന്ദി



അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായി കഴിഞ്ഞ ഒരു വർഷം സേവനമനുഷ്ഠിച്ച് ഉപരിപഠനത്തിനായി പോകുന്ന ഞങ്ങളുടെ സ്നേഹമുള്ള ജോബി കോവാട്ട് അച്ചന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദ്യമായ നന്ദി. വ്യത്യസ്ഥങ്ങളായ ആശയങ്ങളും പ്രവർത്തന ശൈലിയുംകൊണ്ട് കുടുംബ ശുശ്രൂഷകളുടെ വിവിധങ്ങളായ പ്രവർത്തന മേഖലകളെ കണ്ടെത്തി വിശാലമായ വീക്ഷണത്തോടെയുള്ള അച്ചന്റെ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു. നവോമി കൂട്ടായ്മകൾ, പ്രചോദിനി, ഏലീശ്വാധ്യാനം, തുടങ്ങിയ പുതിയ കർമ്മപദ്ധതികൾ രൂപീകരിച്ചും നിയമാവലി പരിഷ്കരിച്ചും, കർമ്മോ

ത്സുകമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച അച്ചന്റെ നന്മകളെ സ്മരിച്ചുകൊണ്ട് പഠനവീഥിയിൽ എല്ലാ വിജയാശംസകളും പ്രാർത്ഥനയും നേർന്നുകൊണ്ട് നന്ദിയുടെ നറുമലരുകൾ ഏകുന്നു.

**9) നന്ദി**

2017 ഡിസംബർ മുതൽ ഏപ്രിൽ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ റീജന്റ് ബ്രദറായി സേവനമനുഷ്ഠിച്ച് കോട്ടയം വടവാതൂർ സെമിനാരിയിലേക്ക് തിയോളജി പഠനത്തിനായി പോകുന്ന ബ്രദർ അജേഷ് തുരുത്തേലിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

**10) സ്നേഹോഷ്മളമായ സ്വാഗതം**



തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായി സ്ഥാനമേറ്റിരിക്കുന്ന ബഹു.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം. ആര്യപ്പറമ്പ് ഇടവകാ വികാരിയായിരുന്ന് സ്തുത്യർഹമായ സേവനങ്ങളിലൂടെ ഇടവകാംഗങ്ങളുടെ എല്ലാമെല്ലാമായിത്തീർന്ന് പുതിയ കർമ്മവീഥിയിലേക്ക് കടന്നു വന്നിരിക്കുന്ന അച്ചന് അതിരൂപതയിലെ കുടുംബ പ്രേഷിത പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കാൻ ദൈവാനുഗ്രഹവും പ്രാർത്ഥനാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## പ്ലസ് ടു റിസൽട്ട്

| സ്കൂളിന്റെ പേര് | സയൻസ് | | | ഹ്യുമാനിറ്റീസ് | | | കൊമേഴ്സ് | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | Fill A+ | 5 A+ |
| അങ്ങാടിക്കടവ് | 60 | 60 | 100 | 51 | 51 | 100 | 55 | 55 | 100 | 19 | 8 |
| ചെമ്പേരി | 115 | 115 | 100 | 60 | 49 | 82 | 60 | 59 | 98 | 21 | 12 |
| എടൂർ | 218 | 217 | 99.54 | Nil | Nil | Nil | 119 | 103 | 86.55 | 26 | 15 |
| കൊളക്കാട് | 118 | 114 | 97 | 59 | 48 | 81 | Nil | Nil | Nil | 19 | 11 |
| പെരുമ്പടവ് | 48 | 45 | 94 | Nil | Nil | Nil | 57 | 54 | 95 | 8 | 4 |
| തോമാപുരം | 174 | 168 | 96 | 58 | 38 | 65 | 60 | 55 | 91 | 23 | 13 |
| വായാട്ടുപറമ്പ | 118 | 102 | 86 | 60 | 48 | 80 | 59 | 54 | 91 | 18 | 9 |
| വെളിമാനം | 59 | 59 | 100 | 58 | 53 | 91 | 56 | 55 | 98 | 21 | 6 |
| വെള്ളരിക്കുണ്ട് | 118 | 117 | 99.20 | 59 | 56 | 95 | Nil | Nil | Nil | 20 | 7 |
| മേരിഗിരി | 55 | 47 | 86 | Nil | Nil | Nil | 58 | 49 | 84 | – | – |
| പേരാവൂർ | 60 | 55 | 91 | Nil | Nil | Nil | 59 | 53 | 89 | 7 | 4 |
| മണിക്കടവ് | 51 | 44 | 86 | Nil | Nil | Nil | 57 | 51 | 89 | 1 | 3 |
| പാലാവയൽ | 50 | 45 | 90 | Nil | Nil | Nil | 54 | 51 | 94 | 3 | 1 |
| കുന്നോത്ത് | 56 | 40 | 71 | Nil | Nil | Nil | 60 | 47 | 78 | 2 | – |
| | സയൻസ് | | | കമ്പ്യൂട്ടർ സയൻസ് | | | കൊമേഴ്സ് | | | | |
| കിളിയന്തറ | 47 | 46 | 98 | 37 | 34 | 92 | 57 | 55 | 97 | 4 | 2 |

## എസ്.എസ്.എൽ.സി. റിസൽട്ട്

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | 10 എപ്ലസ് | 9 എപ്ലസ് |
|---|---|---|---|---|---|
| അങ്ങാടിക്കടവ് എച്ച്.എസ് | 129 | 129 | 100 | 13 | 8 |
| ചന്ദനക്കാംപാറ എച്ച്.എസ് | 100 | 100 | 100 | 11 | 7 |
| ചെമ്പന്തൊട്ടി എച്ച്.എസ് | 103 | 102 | 99 | 15 | 6 |
| ചെമ്പേരി എച്ച്.എസ് | 140 | 137 | 98 | 22 | 10 |
| ചെറുപുഴ എച്ച്.എസ് | 231 | 230 | 99.57 | 51 | 15 |
| എടൂർ എച്ച്.എസ് | 233 | 232 | 99.60 | 29 | 13 |

| | | | | | |
|---|---|---|---|---|---|
| കടുമേനി എച്ച്.എസ് | 74 | 74 | 100 | 5 | 3 |
| കരിക്കോട്ടക്കരി എച്ച്.എസ് | 137 | 137 | 100 | 5 | 8 |
| കിളിയന്തറ എച്ച്.എസ് | 147 | 146 | 99.31 | 5 | – |
| കൊളക്കാട് എച്ച്.എസ് | 99 | 99 | 100 | 11 | 5 |
| കുടിയാന്മല എച്ച്.എസ് | 99 | 97 | 97.98 | 23 | 2 |
| കുന്നോത്ത് എച്ച്.എസ് | 179 | 179 | 100 | 21 | 3 |
| മണിക്കടവ് എച്ച്.എസ് | 191 | 187 | 97.90 | 11 | 9 |
| നെല്ലിക്കുറ്റി എച്ച്.എസ് | 84 | 83 | 99 | 10 | 5 |
| പൈസക്കിരി എച്ച്.എസ് | 126 | 126 | 100 | 19 | 5 |
| പാലാവയൽ എച്ച്.എസ് | 115 | 115 | 100 | 25 | 8 |
| പേരാവൂർ എച്ച്.എസ് | 278 | 277 | 99.64 | 34 | 9 |
| പെരുമ്പടവ് എച്ച്.എസ് | 109 | 108 | 99.08 | 6 | 10 |
| പുലിക്കുരുമ്പ എച്ച്.എസ് | 73 | 73 | 100 | 9 | 1 |
| തോമാപുരം എച്ച്.എസ് | 164 | 160 | 97.56 | 27 | 8 |
| വായാട്ടുപറമ്പ എച്ച്.എസ് | 260 | 259 | 99.62 | 46 | 11 |
| വെളിമാനം എച്ച്.എസ് | 208 | 208 | 100 | 14 | 7 |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 209 | 209 | 100 | 29 | 15 |
| തേർത്തല്ലി എച്ച്.എസ് | 97 | 97 | 100 | 4 | 5 |
| **Total** | **3585** | **3564** | | **445** | **173** |

## ബഹു. മാത്യു ശാസ്താംപടവിലച്ചന് സ്വാഗതം



തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അസി.മാനേജരച്ചനായി ബഹു. മാത്യു ശാസ്താംപടവിലച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. വെള്ളാട് ഇടവകാംഗമായ മാത്യു അച്ചൻ 1998ൽ ആണ് വൈദികനായത്. തേർമല, പാലാവയൽ, ചെമ്പൻത്തൊട്ടി, ചുള്ളി, കോളയാട് എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ച അച്ചൻ തലശ്ശേരിയിലെ മെട്രോപൊളിറ്റിൻ സ്കൂളിന്റെ മാനേജരായി സേവനം ചെയ്യുകയാണ് ഇപ്പോൾ. ആ ഉത്തരവാദിത്വത്തോടൊപ്പമാണ് പുതിയ ചുമതല അച്ചന് നൽകിയിരിക്കുന്നത്. സാൻജോസ് സ്കൂൾ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമായി ഉയർത്തിക്കൊണ്ടു വരുന്നതിൽ അച്ചൻ വലിയ പങ്ക് വഹിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ അനുഭവപരിചയവും, എല്ലാം ഭംഗിയായി നിർവ്വഹിക്കുന്ന അച്ചന്റെ നന്മകളും തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് വലിയ സംഭാവനകൾ നൽകുന്നതാണ്. അച്ചന് സ്നേഹത്തോടെ വിജയാശംസകൾ നേരുന്നു.

## അഭിനന്ദനങ്ങൾ

**ഹയർസെക്കണ്ടറി പരീക്ഷയിൽ 1200 ൽ 1200 മാർക്ക് നേടിയ വിദ്യാർത്ഥികൾ**

| | | |
|---|---|---|
| 1) അനുഷ മാത്യു | - | ചെമ്പേരി എച്ച്.എസ്.എസ് |
| 2) ഷാരോൺ വർഗ്ഗീസ് | - | തോമാപുരം എച്ച്.എസ്.എസ് |
| 3) മഞ്ജിമ എ | - | എടൂർ എച്ച്. എസ്.എസ് |
| 4) അശ്വിനി ജോസ് | - | എടൂർ എച്ച്. എസ്.എസ് |
| 5) അമൽ മാത്യു | - | എടൂർ എച്ച്. എസ്.എസ് |

## വായനാവാരം

പുസ്തകങ്ങളാണ് നാടിനെ നയിക്കുന്ന നേതാക്കന്മാർക്കും പണ്ഡിതന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിഭകൾക്കും രൂപം കൊടുക്കുന്നത്. സമൂഹത്തിന് ദിശാബോധം നൽകുന്നതിനും സാമൂഹിക നന്മകൾ സംരക്ഷിക്കുന്നതിലും വളർത്തുന്നതിലും പൂസ്തകങ്ങൾക്ക് വലിയ പങ്കുണ്ട്.

കുട്ടികൾക്ക് എഴുതാനും വായിക്കാനും അറിയില്ലെന്ന പരാതി അധ്യാപകരും മാതാപിതാക്കളും ആവർത്തിക്കാറുണ്ട്. നിരന്തരം പരാതിപ്പെടുകയല്ല പരിഹാരമാർഗ്ഗങ്ങൾ തേടുകയാണ് ആവശ്യം. വായനയിലൂടെ മാത്രമേ അക്ഷരങ്ങളെ പരിചയപ്പെടാനും തെറ്റുകൂടാതെ എഴുതാനും ശീലിക്കുകയുള്ളൂ. വായനയെയും പുസ്തകങ്ങളെയും ആദ്യം അധ്യാപകർ ഇഷ്ടപ്പെടണം. വായന ഹരമായ അധ്യാപകരേ വായിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുകയുള്ളൂ. നമ്മുടെ സ്കൂളിലെ എല്ലാ അധ്യാപകരും വിദ്യാർത്ഥികളും പുസ്തകങ്ങൾ വായിക്കണം. ലിയോ ടോൾസ്റ്റോയിയുടെ വാക്കുകൾ നമുക്കും ജീവിതത്തിൽ പകർത്താൻ കഴിയണം. എനിക്കു ജീവിതത്തിൽ വേണ്ട മൂന്ന് സാധനങ്ങൾ 1. പുസ്തകം 2. പുസ്തകം 3. പുസ്തകം.

കുട്ടികളിൽ സനാതന മൂല്യങ്ങളും സാമൂഹികാവബോധവും, വ്യക്തിബന്ധം വളർത്തുന്ന കലയും സ്വായത്തമാക്കാൻ കഴിയുന്ന നല്ല പുസ്തകങ്ങൾ അധ്യാപകർ പരിചയപ്പെടുത്തണം. കുട്ടികൾ വായിക്കുന്ന പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ തയ്യാറാക്കാനും ജൂൺ മാസത്തിലെ വായനാദിനത്തിൽ ഏറ്റവും മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകാനും ശ്രദ്ധിക്കണം. ജീവിതം പൂർണ്ണമാക്കാൻ നല്ല പുസ്തകങ്ങളും, നന്മയുള്ള മനസ്സും, നല്ല സുഹൃത്തുക്കളും മതി എന്ന മാർക്ക് ട്വയിന്റെ വാക്കുകൾ നമ്മുടെ കുട്ടികളെ നിരന്തരം ഓർമ്മിപ്പിക്കണം.

മലയാള കവിതകൾ വായിക്കാനും ആകർഷകമായി ചൊല്ലാനും അത് മനഃപാഠമാക്കാനും പ്രൈമറി ക്ലാസ്തലം മുതൽ ശ്രദ്ധിക്കണം. ചെറുപ്പത്തിൽ പഠിച്ച കവിതകൾ നമ്മുടെ മനസ്സിൽ മായാതെ നിൽക്കും എന്നത് മിക്കവരുടെയും അനുഭവമാണല്ലോ. നമ്മുടെ കുട്ടികൾ നല്ല കവിതകൾ വായിക്കട്ടെ. മനഃപാഠമാക്കിയ കവിതകൾ അവതരിപ്പിക്കാനുള്ള അവസരങ്ങളും അവർക്ക് നൽകണം. കൂടെ സമ്മാനങ്ങളും... അങ്ങനെ വായനയുടെയും

എഴുത്തിന്റെയും വിസ്മയ ലോകത്തേക്ക് നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിച്ച് പ്രചോദിപ്പിച്ച് ഉയർത്താം.

## മലബാർ സിവിൽ സർവ്വീസ് അക്കാദമി

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ശ്രദ്ധേയമായ പ്രവർത്തനമാണ് മലബാർ സിവിൽ സർവ്വീസ് അക്കാദമി. കഴിഞ്ഞ അഞ്ചു വർഷമായി പൊതുവിജ്ഞാനപഠനവും പരിശീലനവും ഇതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളിൽ സജീവമായി നടത്തുന്നു. കുട്ടികളെ മത്സരപരീക്ഷകൾക്ക് ഒരുക്കുക. സാമൂഹികവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിയ പദ്ധതി വിജയിച്ചുവെന്നത് നമുക്കെല്ലാവർക്കും സന്തോഷകരമായ വാർത്തയാണ്.

ഈ പരിശീലന പദ്ധതിയുടെ അടുത്ത ഘട്ടത്തിലേക്ക് നമ്മുടെ വിദ്യാർത്ഥികളെ വളർത്തണം. അതിനുതകുന്ന ഒരു പരിശീലന പദ്ധതി കോർപ്പറേറ്റ് തലത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. സിവിൽ സർവ്വീസ് മേഖലയിലേക്ക് പ്രവേശിക്കാൻ താൽപര്യവും പരിചയവും ലഭിക്കത്തക്ക രീതിയിലാണ് പരിശീലനം ക്രമീകരിക്കുന്നത്. ഈ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാൻ കഴിഞ്ഞ അധ്യയനവർഷം 8, 9, 10, 11 ക്ലാസുകളിൽ മികവ് പരീക്ഷയിൽ എ പ്ലസ് നേടിയ വിദ്യാർത്ഥികളുടെ സംഗമം ഏപ്രിൽ 11-ാം തീയതി ഇരിട്ടി, ചെമ്പേരി, തോമാപുരം എന്നീ മൂന്ന് റീജിയനുകളിലായി സംഘടിപ്പിച്ചു. വായാട്ടുപറമ്പ് ഹയർസെക്കണ്ടറി സ്കൂളുകളിലെ സോഷ്യൽവർക്ക് അധ്യാപകൻ ശ്രീ. ബിജു ക്ലാസുകൾക്ക് നേതൃത്വം നൽകി.

### അനധ്യാപക സമ്മേളനം

19-05-2018 ശനിയാഴ്ച തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവരുടെയും യു.പി. സ്കൂളുകളിൽ Office Attendant ആയി ജോലി ചെയ്യുന്നവരുടെയും ഒരു സംയുക്ത സമ്മേളനം തലശ്ശേരി സന്ദേശഭവനിൽ സംഘടിപ്പിച്ചു. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. പത്മരാജൻ സാർ സമ്മേളനത്തിൽ പങ്കെടുത്ത് ക്ലാസുകൾ നയിച്ചു.

### വിന്നേഴ്സ് ഡേ

തലശ്ശേരി അതിരൂപത യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും പരിശീലനത്തിനായി ആരംഭിച്ചിരിക്കുന്ന സാൻജോസ് അക്കാഡമിയുടെ ഉദ്ഘാടനവും എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ അഞ്ച് റീജിയനുകളിലായി സംഘടിപ്പിച്ചു. നൂറുശതമാനം നേടിയ സ്കൂളുകൾ, ഏറ്റവും കൂടുതൽ എ പ്ലസ് നേടിയ വിദ്യാലയം, മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികൾ, ഹയർ

സെക്കണ്ടറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിജയം നേടിയ ബ്രാഞ്ചുകൾ ഉള്ള സ്കൂളുകൾ തുടങ്ങിയവയ്ക്കുള്ള സമ്മാനങ്ങൾ സമ്മേളനങ്ങളിൽ വിതരണം ചെയ്തു.

**ഇരിട്ടി:-** ഇരിട്ടി സെന്റ് ജോസഫ്സ് ദേവാലയ പാരിഷ് ഹാളിൽ 22-05-2018 രാവിലെ 9 മണിക്ക് സാൻജോസ് അക്കാഡമിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിജയികളെ അനുമോദിച്ചു. സമ്മേളനം ബഹു. മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് അധ്യക്ഷനായ സമ്മേളനത്തിൽ എം.എൽ.എ. അഡ്വ. ശ്രീ. സണ്ണി ജോസഫ് സാർ മുഖ്യാഥിതി ആയിരുന്നു.

**പേരാവൂർ :-** പേരാവൂർ മേഖലയിലുള്ളവർക്കുവേണ്ടി പേരാവൂർ സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി ഓഡിറ്റോറിയത്തിൽ അനുമോദന സമ്മേളനം സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ബഹു. എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് അധ്യക്ഷനായിരുന്നു. ഫൊറോന വികാരി ബഹു. തോമസ് കൊച്ചുകരോട്ടച്ചൻ വിജയികൾക്ക് ആശംസകൾ അർപ്പിച്ചു.

**ചെറുപുഴ :-** ചെറുപുഴ സെന്റ് മേരീസ് പാരിഷ് ഹാളിൽ 25-05-2018 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് അനുമോദന സമ്മേളനം സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനങ്ങൾ വിതരണം ചെയ്തു. ഫൊറോന വികാരി ബഹു. ജോർജ് വണ്ടർകുന്നേലച്ചൻ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു.

**കരുവഞ്ചാൽ :-** കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ 25-05-2018 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അനുമോദന സമ്മേളനം സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനങ്ങൾ വിതരണം ചെയ്തു. മോൺ. മാത്യു എം. ചാലിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. ബഹു. മാത്യു പാലമറ്റത്തിലച്ചൻ വിജയികൾക്ക് ആശംസകൾ അർപ്പിച്ചു.

**ചെമ്പേരി :-** വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ 26-05-2018 ശനിയാഴ്ച രാവിലെ 9 മണിക്ക് അനുമോദന സമ്മേളനം സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സമ്മാനങ്ങൾ വിതരണം ചെയ്തു. വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചെയർമാൻ ബഹു. തോമസ് മേൽവെട്ടം അച്ചൻ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാദമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


## സാൻജോസ് അക്കാഡമിയുടെ ഉദ്ഘാടനവും വിന്നേഴ്സ്ഡേയും

യുവജനങ്ങളുടെയും, വിദ്യാർത്ഥികളുടെയും സമഗ്രതുടർപഠനത്തിനും പരിശീലനത്തിനുമായി നമ്മുടെ അതിരൂപത ആരംഭിച്ചിരിക്കുന്ന സാൻജോസ് അക്കാഡമിയുടെ ഉദ്ഘാടനവും, എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷക ളിൽ ഉയർന്ന വിജയം നേടിയവർക്കുമുള്ള അനുമോദന യോഗവും ഇരിട്ടി സെന്റ് ജോസഫ്സ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് 22-05-2018 ചൊവ്വാഴ്ച ബഹു. കേരള തുറമുഖ വകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമച ന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. സണ്ണി ജോസഫ് മുഖ്യാതിഥിയായിരുന്നു. ഫാ. ജോസഫ് മഞ്ചപ്പള്ളിൽ, ശ്രീ. തോമസ് വർഗീസ് എന്നിവർ ആശംസയർപ്പിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് സ്വാഗതഭാഷണം നടത്തി. സാൻജോസ് അക്കാഡമി ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറെമു റിയിൽ വിഷയാവതരണം നടത്തി. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ എ പ്ലസ്, 9 എ പ്ലസ് കിട്ടിയവരെയും പ്ലസ് ടു പരീക്ഷയിൽ 6 എ പ്ലസ്, 5 എ പ്ലസ് കിട്ടിയവരെയും അനുമോദിച്ചുകൊണ്ട് വിജയികൾക്കുള്ള പുരസ്കാര ങ്ങൾ അഭിവന്ദ്യ പിതാവും സണ്ണി ജോസഫ് എം. എൽ.എ.യും സമ്മാനിച്ചു. എടൂർ എച്ച്.എച്ച്. എസ് പ്രിൻസിപ്പൾ ശ്രീ. ജെയിംസ് മന്നാകുളത്തിൽ എല്ലാ വർക്കും ഹൃദ്യമായ നന്ദി അറിയിച്ചു. സാൻജോസ് അക്കാഡമിയുടെ ഔദ്യോ ഗിക ഉദ്ഘാടന പരിപാടിക്ക് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെയും ടീച്ചേഴ്സ് ഗിൽഡ് അദ്ധ്യാപകരെയും, ഇരിട്ടി ഇടവകാ സമൂഹത്തെയും...

## ദി ലീഡർ

കുട്ടികളിൽ നേതൃത്വബോധവും പ്രസംഗകലയും രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ക്രമീകരിച്ച ദി ലീഡർ ക്യാമ്പ് - നേതൃത്വ പരിശീലന ശില്പ ശാല 09-05-2018 - 12-05-2018 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ചും 15-05-2018 - 17-05-2018 വരെ പടന്നക്കാട് റീജണൽ പാസ്റ്ററൽ സെന്ററിൽ വച്ചും സംഘടിപ്പിക്കുകയുണ്ടായി. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്,

വയനാട് ജില്ലകളിൽ നിന്നായി 160 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടർ ഫാ. ബിനേഷ് വേങ്ങക്കുന്നേൽ & ടീം ക്യാമ്പുകൾക്ക് നേതൃത്വം നൽകി.

## NET Exam Crash Coaching

ജൂലായ് 8-ാം തിയതി നടത്തപ്പെടുന്ന UGC NET പരീക്ഷയ്ക്ക് ഒരുക്കമായി ആർട്സ് വിഷയങ്ങളുടെ ജനറൽ പേപ്പറിന്റെ ക്രാഷ് കോച്ചിംങ് 2018 മെയ് 21-30 വരെ ഇരിട്ടി ചാവറ സ്പെഷ്യൽ സ്കൂളിൽവച്ച് രാവിലെ 10.00 മണിമുതൽ 4.00 മണിവരെ നടത്തപ്പെട്ടു. 21-05-2018 ന് രാവിലെ 10 മണിക്ക് കോച്ചിംങ് ക്യാമ്പ് നിർമ്മലഗിരി കോളേജ് പ്രിൻസിപ്പാൾ ഔസേപ്പച്ചൻ നാലോളിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 30 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭ അദ്ധ്യാപകർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## K-TET Crash Coaching

ഏപ്രിൽ 9 മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്ന കെ-ടെറ്റ് പരിശീലനം തുടർന്നുകൊണ്ടിരിക്കുന്നു. ഓഗസ്റ്റ് മാസത്തിൽ പുതിയ കെ-ടെറ്റ് പരിശീലന ബാച്ച് ആരംഭിക്കുന്നതാണ്.

## സാൻജോസ് ക്ലബ്ബ്

പുതിയ അദ്ധ്യയന വർഷത്തിൽ കുട്ടികളിൽ സിവിൽ സർവ്വീസ് ആഭിമുഖ്യവും, പി.എസ്.സി. പരീക്ഷാ പരിശീലന അവബോധവും രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളുകളിൽ സാൻജോസ് ക്ലബ്ബുകൾ ആരംഭിക്കുന്നതാണ്. പൊതുവിജ്ഞാനം, ഭാഷാനിപുണത, ശാസ്ത്രാവബോധം, ഗണിത ശാസ്ത്ര പരിചയം എന്നീ മേഖലകളുടെ പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക പരിശീലന പരിപാടിയാണ് ഉദ്ദേശിക്കപ്പെടുന്നത്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## സാൻജോസ് ഇൻമേറ്റ്

ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടിയിരിക്കുന്ന കുട്ടികൾക്ക് സി ബി എസ് ഇ സിലബസിൽ സാൻജോസ് മെട്രോപൊളിറ്റിൻ സ്കൂളിൽ ഹോസ്റ്റൽ സൗകര്യങ്ങളോടെ പ്ലസ് ടു പഠിക്കുവാനും എൻട്രൻസ് പരിശീലനങ്ങൾ ലഭിക്കുവാനുമുള്ള പ്രത്യേക ക്രമീകരണമാണ് ***സാൻജോസ് ഇൻമേറ്റ്***. 30 കുട്ടികൾക്ക് താമസിച്ചു പഠിക്കുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് സാൻജോസ് മെട്രോപോളിറ്റിൻ സ്കൂൾ മാനേജ്മെന്റുമായോ, സാൻജോസ് അക്കാഡമി ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്.

## സാൻജോസ് ബ്രിഡ്ജ് പ്ലസ്

ഈ വർഷം S.S.L.C പരീക്ഷ എഴുതി ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പഠനത്തിനായി ചേരുന്ന കുട്ടികൾക്ക് സയൻസ് വിഷയങ്ങളിൽ Entrance Orinted Coaching ക്ലാസ്സുകൾ **Bridge +** എന്ന പേരിൽ നടന്നുകൊണ്ടിരിക്കുന്നു. കുന്നോത്ത് ഹയർസെക്കണ്ടറി സ്കൂളിലും തോമാപുരം ഹയർസെക്കണ്ടറി സ്കൂളിലുമായി 50 തോളം കുട്ടികൾ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ അദ്ധ്യയന വർഷത്തിലെ അവധി ദിവസങ്ങളിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന എൻട്രൻസ് പരീക്ഷ ലക്ഷ്യമിട്ടുള്ള ഒരു പാഠ്യപദ്ധതിയാണിത്.

## പി. എസ്. സി. കോച്ചിംങ്

നമ്മുടെ അതിരൂപതയിലെ വിവിധ കലാലയങ്ങൾ കേന്ദ്രീകരിച്ച് ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കായി പി.എസ്.സി. കോച്ചിംങ് ആരംഭിക്കാനായി ആഗ്രഹിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള പുതിയ വിശദാംശങ്ങൾ അടുത്ത മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

സാൻജോസ് അക്കാഡമിയുടെ നാളിതുവരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ നൽകുന്ന എല്ലാവരെയും ഏറെ സ്നേഹത്തോടെ പ്രത്യേകം അനുസ്മരിക്കുന്നു. തുടർന്നും സജീവമായ പിന്തുണ പ്രതീക്ഷിക്കുകയും ചെയ്യുന്നു...

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## ബി.ടെക് അഡ്മിഷൻ 2018

ഈ വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. AICTE യുടെയും, കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെയും മാന ദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് അഡ്മിഷൻ നടത്തുന്നത്. നമ്മുടെ കോളേ ജിൽ 50% സീറ്റുകൾ മാനേജ്മെന്റ് മെറിറ്റിലും, 50% സീറ്റുകൾ ഗവൺമെന്റ് മെറിറ്റിലുമാണ് അഡ്മിഷൻ. NRI സീറ്റുകളിലേക്കു മാത്രമാണ് നേരിട്ട് അഡ്മിഷൻ നടത്താവുന്നത്. മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള അപേക്ഷ കൾ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. ഓൺലൈനായിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

## സൗജന്യഎഞ്ചിനിയറിംഗ് ഹെൽപ് ഡെസ്ക് ആരംഭിച്ചു

എഞ്ചിനിയറിംഗ് ഓപ്ഷൻ രേഖപ്പെടുത്തുന്നതിനും, പ്ലസ് ടു മാർക്ക് അപ്ലോഡ് ചെയ്യുന്നതിനുമുള്ള ഹെൽപ് ഡെസ്ക് വിമൽ ജ്യോതി സജ്ജീക രിച്ചിട്ടുണ്ട്. മറ്റു കോളേജുകളിലേക്കുള്ള ഓപ്ഷൻ രേഖപ്പെടുത്തുന്നതിനും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

## NRI അഡ്മിഷൻ

കോളേജിൽ നിലവിലുള്ള 6 ബ്രാഞ്ചുകളിലും ഇപ്പോൾ NRI സീറ്റുകൾ ലഭ്യ മാണ്.

| Sl.No | Branches | No.of Seats |
|---|---|---|
| 1 | Mechanical Engineering (ME) | 18 |
| 2 | Applied Electrics & Instrumentation (AEI) | 5 |
| 3 | Computer Science and Engineering (CSE) | 18 |
| 4 | Electrical & Electronics Engineering (EEE) | 9 |
| 5 | Civil Engineering (CE) | 18 |
| 6 | Electronics &Communication Engineering (ECE) | 14 |

| | Eligibility | Scholarships |
|---|---|---|
| 1. | Rank 1-7000 | Tution Fee = Government fee |
| 2 | 7001-10000 | Scholarship of 1,20,000/- (30,000X4 year) |
| 3 | 1001-20000 | Scholarship of 20, 000/- (30,000x4 year) |
| 4 | Catholics of Malabar | 20,000/- (5, 000x4 year) |
| 5 | All | RCD waiver scheme (one Lakh deposit is waived) |
| 6 | 30 seats: Total Fee waiver scheme selected by the government | |

**സ്കോളർഷിപ്പുകൾ**

2018-19 വർഷം അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ ലഭിക്കുന്നതാണ്. മലബാർ മേഖലകളിലെ എല്ലാ കാത്തോലിക്കാ കുട്ടികൾക്കും പേട്രൺ സ്കോളർഷിപ്പ് പ്രത്യേകമായി ലഭിക്കുന്നതാണ്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ സ്കോളർഷ്പ്പുകൾ ലഭിക്കുന്നതിനുവേണ്ട സഹായവും യഥാസമയം കോളേജിൽനിന്നും ചെയ്തുകെടുക്കുന്നു.

**എം. ടെക് അഡ്മിഷൻ 2018**

6 ബ്രാഞ്ചുകളിലേക്കുള്ള എം.ടെക് കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിക്കേണ്ട സമയമാണ്. അഡ്മിഷൻ എടുക്കാനാഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകളുമായി നേരിട്ടു കോളേജിൽ എത്തുക. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

| | Subjects | No.of Seats |
|---|---|---|
| 1 | Computer Sciention and Engineering (CSE) | 24 |
| 2 | Thermal Engineering (ME) | 24 |
| 3 | Control & Instrumentation (AEI) | 24 |
| 4 | Communication Engg.& Signal Processing (ECE) | 24 |
| 5 | Structural Engg.& Construction Management (CE) | 24 |
| 6 | Power Electronics (EEE) | |

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ച്

വിമൽ ജ്യോതി MBA കോളേജിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി നേരിട്ടു ബന്ധപ്പെടുക.

## MBA പ്ലെസ്മെന്റ്

തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ESAF ബാങ്ക് 2018 മെയ് ആദ്യ ആഴ്ചയിൽ വിമൽ ജ്യോതി ക്യാമ്പസ്സിൽ നടത്തിയ റിക്രൂട്ട്മെന്റിൽ 7 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

## MBA സമ്മർ റിസേർച്ച് & സമ്മർ പ്രോജക്ട്

ഒന്നാം വർഷ വിദ്യാർത്ഥികളുടെ മാർക്കറ്റിംഗ് കഴിവുകൾ വികസിപ്പിക്കുന്നതിനായി മെയ് 21 മുതൽ 26 വരെ ഒരാഴ്ചത്തെ സമ്മർ റിസേർച്ച് എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള ഷോപ്പിംഗ് മാളുകളെ കേന്ദ്രീകരിച്ചാണ് പരിപാടി നടത്തിയത്.

രണ്ടുമാസം നീണ്ടുനിൽക്കുന്ന ഒരു പ്രായോഗിക പരിശീലന പരിപാടിയാണ് സമ്മർ പ്രോജക്ട് 2018 മെയ് 18 നു ആരംഭിച്ചു. വിവിധ കമ്പിനികളിൽ പ്രവർത്തിച്ചുകൊണ്ട് അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും

# നിർമ്മലഗിരി വാർത്തകൾ

## നിർമ്മലഗിരിക്ക് ഇനി പുതിയ സാരഥി

നിർമ്മലഗിരി കോളെജിന്റെ പുതിയ പ്രിൻസിപ്പാളായി ഡോ. ഔസേപ്പച്ചൻ കെ.വി. ചുമതലയേറ്റു. ഇംഗ്ലീഷ് വിഭാഗം അസോസിയേറ്റ് പ്രൊഫസറായി പ്രവർത്തിച്ചുവരികയായിരുന്നു. കണ്ണൂർ യൂണിവേഴ്‌സിറ്റിയിൽ റിസർച്ച് ഗൈഡാണ് അദ്ദേഹം. ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് അംഗവുമായി പ്രവർത്തിച്ചിട്ടുണ്ട്.

തലശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗമാണ്. സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗം, തലശ്ശേരി അതിരൂപതയുടെയും സാമന്തരൂപതകളുടെയും ഏക അത്മായ പ്രതിനിധി, പ്രഥമ

➔ - - - - - - - - - - - - - - - - - - - - - - -

അതിന്റെ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. രണ്ടുമാസ കാലാവധിയാണുദ്ദേശിക്കുന്നത്.

## MBA എൻട്രൻസ്

K-MAT അപേക്ഷിക്കേണ്ട അവസാന തിയ്യതി ജൂൺ 7 ആണ്. MBA അഡ്മിഷൻ ആഗ്രഹിക്കുന്നവർ യഥാസമയം രജിസ്റ്റർ ചെയ്യുമല്ലോ.

## K-MAT കേരള-ക്രാഷ് കോഴ്‌സ്

എൻട്രൻസ് പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് ജൂൺ 18 മുതൽ വിമൽ ജ്യോതിയിൽ സൗജന്യ ക്രാഷ് കോഴ്‌സ് നടത്തപ്പെടുന്നു. താല്പര്യമുള്ളവർക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## കമ്പ്യൂട്ടർ സയൻസ് എഞ്ചിനിയറിംഗ് പുതിയ ബാച്ച്

വിമൽ ജ്യോതിയിൽ കമ്പ്യൂട്ടർ സയൻസിൽ 60 സീറ്റുകളുള്ള ഒരു പുതിയ ബാച്ചിനുകൂടി AICTE യുടെ അംഗീകാരം ലഭിച്ചു.

## വിമൽ ജ്യോതി സിവിൽ സർവീസ് അക്കാഡമി, റോബോട്ടിക് ട്രെയിനിംഗ് സെന്റർ

ചെമ്പേരി വിമൽ ജ്യോതിയിലെയും സമീപ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചു സജ്ജമാക്കിയിരിക്കുന്ന രണ്ടു പരിശീലന കേന്ദ്രങ്ങളുടെയും ഉദ്ഘാടനം താമസിയാതെ നടക്കുന്നതാണ്.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

എപ്പാർക്കിയൽ അസംബ്ലിയിൽ നിർവാഹക സമിതി അംഗം, അതിരൂപത മേജർ, മൈനർ സെമിനാരിയിൽ അദ്ധ്യാപകൻ, ഇരിട്ടി ഇടവക കോ–ഓർഡിനേറ്റർ, ഇരിട്ടി മലനാട് എഡ്യുക്കേഷൻ സൊസൈറ്റി ഡയറക്ടർ ബോർഡ് അംഗം എന്നീ വിവിധ മേഖലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സീറോ മലബാർ സഭയുടെ ആദ്യ ജനറൽ അസംബ്ലിയിൽ പങ്കെടുത്തു. 2000ൽ ക്രിസ്തു ജയന്തിയോടനുബന്ധിച്ച് ബാംഗ്ലൂരിൽവച്ച് നടന്ന ദേശീയ അസംബ്ലിയിലും പങ്കെടുത്തിട്ടുണ്ട്.

കണ്ണൂർ യൂണിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടിയ ഇദ്ദേഹം വരും ദിനങ്ങളിൽ കോളെജിന്റെ യശസ്സിനും വിവിധ അക്കാദമിക് സംരംഭ ങ്ങൾക്കും രൂപതയ്ക്കും മുതൽക്കൂട്ടാകുമെന്ന് തീർച്ച.

## 2. മാനേജ്മെന്റ് സീറ്റ് പ്രവേശനം

നിർമ്മലഗിരി കോളെജിൽ മാനേജ്മെന്റ് സീറ്റ് വിഭാഗത്തിൽ പ്രവേശനം നേടാൻ താൽപര്യപ്പെടുന്നവർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത ഓൺലൈൻ പകർപ്പും ഇടവക വികാരിയുടെ സാക്ഷ്യപത്രവുമായി കോളെജിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മാനേജ്മെന്റ് സീറ്റിനുള്ള പ്രത്യേക അപേക്ഷ ഫോറം കോളെജിൽ ലഭ്യമാണ്.

## 3. കോളെജ് ലോക്കൽ മാനേജർ

നിർമ്മലഗിരി കോളെജിന്റെ ലോക്കൽ മാനേജരായി റവ. ഫാ. മാത്യു തെക്കേമുറി ചുമതലയേറ്റു. തലശ്ശേരി അതിരൂപത മൈനർ സെമിനാരി റെക്ടറും, കത്തീഡ്രൽ പള്ളി വികാരിയുമായി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം.

## 4. യാത്രയയപ്പ് നൽകി

നിർമ്മലഗിരി കോളെജിന്റെ ലോക്കൽമാനേജരായി പ്രവർത്തിച്ചിരുന്ന റവ. ഫാ. പോൾ വള്ളോപ്പിള്ളിക്ക് കോളെജ് സ്റ്റാഫ് അംഗങ്ങൾ യാത്രയയപ്പു നൽകി. ചടങ്ങിൽ കോളെജ് മാനേജർ മാർ ജോസഫ് പാംപ്ലാനി മുഖ്യാതിഥി ആയിരുന്നു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷസ്ഥാനം വഹിച്ചു. കോളെജ് മുൻ പ്രിൻസിപ്പാൾ ഡോ. എൻ.ജെ. സെലീനാ, ഡോ. ടി.കെ. സെബാസ്റ്റ്യൻ, ശ്രീ. ടി.ജെ. ജെയിംസ് എന്നിവർ ആശംസകൾ നേർന്നു. റവ. ഫാ. ജോബി ജേക്കബ്, ഫാ. പോൾ നൽകിയ സ്തുത്യർഹ മായ സേവനങ്ങൾക്ക് നന്ദി പറഞ്ഞു.

**പി.ആർ.ഒ.**
നിർമ്മലഗിരി കോളേജ്

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

ഫ്രൻസിസ്കൻ അൽമായ സഭയുടെ ശതോത്തര സുവർണ്ണ ജുബിലി അഘോഷിക്കുന്ന ഈ വർഷത്തിൽ ഏവർക്കും മംഗളങ്ങളും നന്മയും നേരുകയും ഈ അഘോഷത്തിന്റെ മാറ്റ് കൂട്ടുവാൻ ആവിഷ്കരിക്കുന്ന കർമ്മപദ്ധതികളും കാര്യപരിപാടികളും സംഘാതകമായി പൂർത്തിയാകുവൻ വേണ്ടുന്ന കൃപക്കായി പ്രർത്ഥിക്കുകയും ചെയ്യുന്നു. നാഷണൽ നേതൃത്വം ആസൂത്രണം ചെയ്യുന്ന അഘോഷപരിപാടികളോട് ചേർന്നുനിന്ന് അതിരൂപതാ-റീജിയനൽ-ലോക്കൽ ഭ്രതൃത്വങ്ങളും ഫ്രൻസിസ്കൻ പാരമ്പര്യത്തിന് ചേരുന്നതായ അഘോഷങ്ങൾ സംഘടിപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ. ഇപ്രകാരം കേരളത്തിൽ 150 വർഷത്തെ പാരമ്പര്യം ഉള്ള ഒരു അൽമായ മുന്നേറ്റത്തിന്റെ ഭാഗമകാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം; ഈ ഫ്രാൻസിസ്കൻ വിത്ത് കേരളത്തിൽ പാകിയ ദൈവദസൻ പുത്തൻപറമ്പിൽ കുഞ്ഞച്ചന്റെ വിശുദ്ധപദവിക്കയി ഒന്നു ചേർന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

### അന്താരാഷ്ട്ര പ്രതിനിധി സന്ദർശനം

അൽമായ ഫ്രൻസിസ്കൻ സഭയുടെ അന്തർദ്ദേശീയ ആത്മീയ നേതൃത്വം ഏൽപിക്കപ്പെട്ടിരിക്കുന്ന ജനറൽ സ്പിരിചൽ അസിസ്റ്റന്റ്മാരിൽ രണ്ട്പേർ മെയ്മാസം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ സന്ദർശനം നടത്തുകയും പ്രാദേശികനേതൃത്വം വഹിക്കുന്നവരേയും ആത്മീയ ഗുരുക്കന്മാരേയും വിളിചുചേർത്തു സഭാകാര്യങ്ങളിൽ ചർച്ചനടത്തുകയും ചെയ്തു. റവ. ഫാ. ഫ്രാൻസിസ്സ് ഡോർ (കാമറൂൺ), റവ. ഫാ. ആൽഫ്രെഡ് (ഇന്ത്യ) എന്നിവരായിരുന്നു റോമിൽനിന്നും സന്ദർശനത്തിനായി വന്നത്. ഗോവയിൽ നിന്നും 4-ാം തീയതി കേരളത്തിൽ എത്തിയ അവർ 5-ാം തീയതി ആയിരുന്നു മലബാർ മേഖലയിലുള്ള നേതൃത്വവുമായുള്ള കൂടിക്കാഴ്ച നിശ്ചയിച്ചിരുന്നത്.

മെയ് 5ന്, കണ്ണൂർ മേലെചൊവ്വയിലുള്ള കപ്പുച്ചിൻ പ്രോവിൻഷ്യലേറ്റിൽ മലബാർ മേഖലയിലുള്ള അതിരൂപതാ-റീജിയണൽ ഭാരവാഹികളും ആത്മീയ സഹായികളും റോമിൽനിന്നും വന്ന ജനറൽ സ്പിരിച്ചുൽ അസിസ്റ്റന്റുമാരെ സന്ദർശിക്കുകയും വിവധങ്ങളായ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. രാവിലെ 9.30ന് ഫ്രൻസിസ്കൻ പ്രാർത്ഥനയോടുകൂടി ആരംഭിച്ച പ്രസ്തുത യോഗം, പാവനാത്മ കപ്പൂച്ചിൻ പ്രോവിൻസിന്റെ വികാർ പ്രോവിൻഷ്യൽ റവ. ഫാ. സ്റ്റീഫൻ ജയരാജ് ഉത്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ-റീജിയണൽ മിനിസ്റ്റർമാർ

തങ്ങളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗാംഗങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു. ശേഷം റവ. ഫാ. ആൽഫ്രെഡ് വിഷയാവതരണം നടത്തുകയും മുൻ കൂട്ടി നൽകിയിരുന്ന 8 വിഷയങ്ങളുടെ മേൽ ഏറ്റവും ക്രിയാത്മകമായ ചർച്ച സംഘടിപ്പിക്കുകയും ചെയ്തു. ഒക്ടോബർ മാസം കറുകുറ്റിയിൽവച്ചു നടത്തപ്പെടുന്ന നാഷണൽ ചാപ്റ്ററിന്റെ സുഗമമായ നടത്തിപ്പിനും ഗുണപരമായ നയരൂപീകരണ ത്തിനും വേണ്ടതായ വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുവാനും സീറോ - മലബാർ രൂപതകളിലുള്ള അൽമായ സഭയുടെ സ്വതന്ത്രമായ പ്രവർത്തന ങ്ങൾക്കുള്ള അന്താരഷ്ട്ര സഹായം അഭ്യർത്ഥിക്കുവാനും അംഗങ്ങൾക്കായി. അൽമായ സഭയുടെ വളർച്ചക്കുതകുന്ന ഏതു സഹയവും നൽകാൻ അന്താരഷ്ട്ര ഭ്രാതൃത്വം എപ്പോഴും സന്നദ്ധമാണെന്ന് റവ. ഫാ. ഫ്രാൻസിസ്സ് ഡോർ ഉറപ്പു നൽകി. വൈകുന്നേരം 3 മണിക്ക് അവസനിച്ച യോഗത്തിന് അതിരൂപതാ മിനിസ്റ്റർ ബ്ര. കുര്യാക്കോസ് പുതിയേടത്തുപറമ്പിൽ നന്ദി പ്രകാശിപ്പിച്ചു. താമരശ്ശേരി - മാനന്തവാടി രൂപതകളെ പ്രതിനിധാനം ചെയ്തും ഭാരവാഹികളും അത്മീയ സഹായികളും യോഗത്തിൽ സന്നിഹിതരായിരുന്നു.

## പരിശീലന പരിപാടികൾ

അൽമായ സഭയുടെ തുടർപ്പരിശീലന പരിപാടിയുടെ ഭാഗമായ സെമിനറുകൾ റീജിയണൽ തലത്തിൽ മുടക്കമില്ലാതെ നടക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. കഴിഞ്ഞ മാസം ചെമ്പേരിയിലും പട്ടാരത്തും നടന്ന ഏകദിന പരിപാടികളിൽ സജീവമയി സഹകരിച്ച ഏവരേയും നന്ദിയോടു കൂടി ഓർക്കുന്നു. മെയ് 2-ാം തീയതി രാവിലെ 9.30നു ചെമ്പേരിയിൽ ആരംഭിച്ച സെമിനാറിൽ ബ്ര. ജോസ് ആലപ്പാട്ട് ക്ലാസ്സുകൾ നയിച്ചു. ഫ്രാൻസിസ്കൻ ആത്മീയതയും വിശുദ്ധജീവിതസാധ്യതയും എന്ന വിഷയത്തെക്കുറിച്ച് ലളിതസുന്ദരമായ ക്ലാസ്സുകൾ നയിച്ച ബ്ര. ജോസ് ആലപ്പട്ടിന് അഭിനന്ദനങ്ങൾ. അന്നേ ദിവസംതന്നെ, ചെമ്പേരി ഇടവകയിൽ നിന്നും സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിപ്പോകുന്ന പെരിയ ബഹു. ജോസഫ് കരിനാട്ട് അച്ചന് ചെമ്പേരി റീജിയനിലെ സഭാങ്ങളുടെ സ്നേഹനിർഭരമായ യാത്രാമംഗളങ്ങളും നൽകി. എല്ലാത്തിനും നേതൃത്വം നൽകിയ റീജിയൻ-യൂണിറ്റ് മിനിസ്റ്റർസിനേയും ഭാരവാഹികളേയും അഭിനന്ദിക്കുന്നു.

മെയ് മാസം 12-ാം തീയതിയായിരുന്നു പട്ടാരം വിമലഗിരി ധ്യാന മന്ദിരത്തിൽവച്ചു പട്ടാരം റീജിയന്റെ ഏകദിന സെമിനാർ സംഘടിപ്പിച്ചത്. പ്രസ്തുത ദിനത്തിൽ ക്ലാസ്സുകൾ നയിച്ചതു, നെല്ലിക്കാമ്പോയ് അസി. വികാരി ഫാ. മാണി മുകളേൽ ആയിരുന്നു. ചിന്ദോദ്ദീപകമായ ക്ലാസ്സുകളിലുടെ സഭാംഗങ്ങളിലെ അത്മീയകനലിനെ ഊതി ഉണർത്തിയ മാണി അച്ചന് നന്ദിയുടെ നറുമലരുകൾ, ഒപ്പം തന്നെ പുതിയ ശുശ്രൂഷ മേഖലകളിൽ എല്ലാവിധ ഭാവുകങ്ങളും. പാട്ടാരം റീജിയന്റെ ആത്മീയ നേതൃത്വം വഹിച്ചി

# ഇൻഫാം വാർത്തകൾ

കാർഷിക കേരളത്തിന്റെ നവോത്ഥാനത്തിന്റെ ഭാഗമായി കർഷക സംഘടനകളുടെ മുന്നേറ്റവും ശാക്തീകരണവും പ്രകടമാകുന്നത് കർഷകർക്ക് പ്രതീക്ഷയും ഉണർവും നൽകുന്നു.

തലശ്ശേരി അതിരൂപതാ അസംബ്ലിക്കുശേഷം ഇൻഫാമിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി അതിരൂപതയിലെ എല്ലാ ഫൊറോനകളിലും മേഖലാ കമ്മറ്റികൾ രൂപീകരിക്കപ്പെടുകയുണ്ടായി. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽനിന്ന് പുതിയ ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജില്ലാ പ്രസിഡന്റായി സ്കറിയ നെല്ലംകുഴിയും ജനറൽ സെക്രട്ടറിയായി ശ്രീ

➔ – – – – – – – – – – – – – – – – – – – – – – – –

രുന്ന ഫാ. സെബാസ്റ്റ്യൻ മണക്കാട്ട് തന്റെ പുതിയ ദൗത്യനിർവ്വഹണത്തിനായ് ബത്തേരിയിലേക്ക് സ്ഥലം മാറിപ്പോയിരിക്കുന്നു. അച്ചന്റെ സേവനത്തിന് പട്ടാരത്ത്കൂടിയ സഭാംഗങ്ങൾ നന്ദി അർപ്പിച്ചു. ഒപ്പംതന്നെ പുതിയതായി ആ സ്ഥാനം ഏറ്റെടുത്തിരിക്കുന്ന ഫാ. നിധിൻ മുണ്ടക്കലിന് ഹൃദ്യമായ സ്വാഗതം നേരുകയും ചെയ്തു. സെമിനാറിനായി സ്ഥലസൗകര്യങ്ങൾ ഒരുക്കിത്തന്ന വിമലഗിരി ആശ്രമാങ്ങൾക്ക് നന്ദി അർപ്പിക്കുന്നു.

## ചെറുപുഴ റീജിയൻ മീറ്റിഗ്

ചെറുപുഴ റീജിയന്റെ കീഴിലുള്ള ഭാരവഹികളുടെ ഒരു യോഗം മെയ് 10 വ്യാഴാഴ്ച ചെറുപുഴ പാരിഷ്ഹാളിൽവച്ചു നടത്തപ്പെട്ടു. പ്രസ്തുത യോഗം ഉത്ഘാടനം ചെയ്ത പെരിയ ബഹു. ജോർജ് വണ്ടർക്കുന്നേലച്ചൻ, വചനവാഹകരായി ജീവിക്കാനാണ് അത്മായസഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ഓർമ്മിപ്പിച്ചു. തുടർന്ന് ആത്മീയ സഹയി ഫാ. ബിജു എളമ്പചംവീട്ടിൽ മീറ്റിങ്ങിനെ അഭിസംശോധന ചെയ്യുകയും ചെറുപുഴ മേഖലയുടെ ശാക്തീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നൽകൂകയും ചെയ്തു. ചെറുപുഴ മേഖലയിലെ അത്മീയ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാനായി കൂരാംകുണ്ട് ആശ്രമ ശ്രേഷ്ഠനായ ഫാ. തോമസ്സ് കുളങ്ങായിലിനെ ചുമതലപ്പെടുത്തുകയൂം ചെയ്തു.അച്ചനൂ എല്ലവിധ ഭാവുകങ്ങളൂം നേരുന്നു.

സാഹോദര്യപൂർവ്വം,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

സണ്ണി തടത്തിൽ (മണ്ടളം) തിരഞ്ഞെടുത്തു. അതിരൂപത അസംബ്ലിയുടെ തീരുമാനമനുസരിച്ച് ഇടവകകളിൽ വാർഡ്തല പ്രതിനിധികളെ (സ്ത്രീയും പുരുഷനും) തിരഞ്ഞെടുക്കുകയും ഇടവകയൂണിറ്റ് കമ്മറ്റികൾ (രൂപീകരി ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന് നേതൃത്വം നൽകുന്ന ഫൊറോന വികാരിമാർ മേഖല ഡയറക്ടർമാർ, ഇടവകാവൈദികർ എന്നിവരെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇടവക യൂണിറ്റുകൾ (രൂപീകൃതമാകുന്ന തനുസരിച്ച് കർഷകർക്ക് ഗുണമേന്മയുള്ള നല്ലയിനം വിത്തുകളും കാർഷിക ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. ഇൻഫാമിലൂടെ കർഷകമുന്നേറ്റത്തിനായി നമുക്ക് പരിശ്രമിക്കാം.

**ഇൻഫാം ജില്ലാ നേതൃത്വ ക്യാമ്പ് :** 14.4.18ന് തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ ഇൻഫാം നേതൃത്വ പരിശീലന ക്യാമ്പ് നടക്കുകയുണ്ടായി. ക്യാമ്പ് അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. ഡിഎഫ്സി സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ ക്ലാസ് എടുക്കുകയുണ്ടായി. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ഫാ. ജോസഫ് കാവനാടി, ശ്രീ സ്കറിയ നെല്ലംകുഴി, ശ്രീ ആന്റണി ജീരകത്തിൽ, സ്കറിയ കളപ്പുര, സണ്ണി പുല്ലുവേലി, സിജി പാണംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**അംഗത്വ വിതരണം:** ഇൻഫാം മെമ്പർഷിപ്പ് വിതരണത്തിന്റെ ഉദ്ഘാടനം തളിപ്പറമ്പ് പാരീഷ്ഹാളിൽ ഇൻഫാം ജില്ലാ പ്രതിനിധി സമ്മേളനത്തിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു.

**യാത്രാ മംഗളങ്ങൾ:** ഇൻഫാം മേഖല ഡയറക്ടർമാരായിരുന്ന ഫാ. സ്കറിയ പൂവത്താനിക്കുന്നേൽ, ഫാ. സേവ്യർ തേലക്കാട്ട്, ഫാ. ആന്റണി പുന്നൂർ, ഫാ. ജോർജ് കാരിക്കാതടത്തിൽ. പുതിയ ഇടവകകളിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന വൈദികരെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇൻഫാമിന്റെ പ്രവർത്തനങ്ങൾക്ക് സ്തുത്യർഹമായി നേതൃത്വം നൽകിയ എല്ലാ പ്രവർത്തനങ്ങളെയും അനുസ്മരിക്കുന്നു. പുതിയ ഇടവകകളിലും കർഷകർക്കായുള്ള പോരാട്ടത്തിൽ അണിചേരുമെന്ന പ്രതീക്ഷയോട ഇൻഫാം അതിരൂപതാ കമ്മറ്റിയുടെ യാത്രാ മംഗളങ്ങൾ നേരുന്നു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

# കത്തോലിക്കാ കോൺഗ്രസ്

## റവ. ഫാ. മാത്യു ആശാരിപറമ്പിൽ – അതിരൂപതഡയറക്ടർ

കത്തോലിക്കാകോൺഗ്രസ് തലശ്ശേരി അതിരൂപത ഡയറക്ടറായി റവ. ഫാ. മാത്യു ആശാരിപറമ്പിൽ ചാർജ് എടുത്തു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതകാര്യാലയത്തിൽ നടന്ന അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽവെച്ചാണ് അധികാരമേറ്റത്. അയർലണ്ടിലേക്ക് പ്രേഷിതപ്രവർത്തനത്തിനായി പോകുന്ന അതിരൂപതഡയറക്ടറായി പ്രവർത്തിച്ചുവന്നിരുന്ന റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന് യാത്രയയപ്പു നൽകി. രണ്ടുവർഷക്കാലം അതിരൂപത ഡയറക്ടറായി പ്രവർത്തിച്ച് കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചയ്ക്ക് നേതൃത്വം നൽകിയ ഫ്രാൻസിസ് അച്ചന് എല്ലാവിധ പ്രാർത്ഥനകളും ആശംസകളും അർപ്പിച്ചു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് നന്ദി. പുതിയ ഡയറക്ടറായി ചാർജെടുത്ത ബഹു. മാത്യു അച്ചന് എല്ലാവിധ സഹകരണങ്ങളും പിന്തുണയും വാഗ്ദാനം ചെയ്തു. യോഗത്തിൽ അതിരൂപത പ്രസിഡന്റ് ദേവസ്യകൊങ്ങോല അദ്ധ്യക്ഷം വഹിച്ചു.

## കത്തോലിക്കാ കോൺഗ്രസ് ശതാബ്ദി സമാപനം

തൃശൂരിൽ നടന്ന കത്തോലിക്കാകോൺഗ്രസ് ശതാബ്ദി സമാപന റാലിയിലും സമുദായ മഹാസംഗമത്തിലും തലശ്ശേരി അതിരൂപതയിൽ നിന്നും പങ്കെടുത്ത പ്രവർത്തകനേതാക്കൾക്കും കത്തോലിക്കാ കോൺഗ്രസ് അതിരൂപതകമ്മിറ്റിയുടെ നന്ദി. റാലിയും സമ്മേളനവും വിജയിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകിയ അഭിവന്ദ്യ പിതാക്കന്മാർ, ഫൊറോന വികാരിമാർ, ഫൊറോന ഡയറക്ടർ, വികാരിയച്ചന്മാർ നേതൃത്വം നൽകിയ അതിരൂപതാഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ യൂണിറ്റ് ഭാരവാഹികൾ എല്ലാവർക്കും അതിരൂപത കമ്മിറ്റിയുടെ നന്ദി.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ഏർപ്പെടുത്തിയ സ്തുത്യർഹസേവനം കാഴ്ചവെച്ചവർക്കുള്ള പുരസ്കാരത്തിൽ തലശ്ശേരി അതിരൂപതയിൽനിന്ന് അർഹനായ അതിരൂപതപ്രസിഡന്റ് ദേവസ്യ കൊങ്ങോലയെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം അഭിനന്ദിച്ചു. സർക്കാരിന്റെ കൊടുകാര്യസ്ഥതയും പിടിപ്പുകേടുംമൂലം വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം പെട്രോളിയം ഉല്പന്നങ്ങളുടെ ക്രമാതീതമായ വില വർദ്ധന, കാർഷികോൽപന്നങ്ങളുടെ വിലയിടിവ്, രാഷ്ട്രീയ അക്രമങ്ങൾ എന്നിവയെ യോഗം അപലപിച്ചു.

സ്നേഹപൂർവ്വം,

| | |
|---|---|
| **ദേവസ്യാ കൊങ്ങോല** | **ഫാ. മാത്യു ആശാരിപറമ്പിൽ** |
| അതിരൂപതാ പ്രസിഡന്റ് | ഡയറക്ടർ |

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## സർക്കാരിന്റെ കപട മദ്യനയത്തിനെതിരെ ബഹുജനമുന്നേറ്റം മദ്യനയത്തിനെതിരെ ആവേശം ഇരമ്പിയ റാലി

സർക്കാരിന്റെ ജനദ്രോഹപരമായ മദ്യപ്രളയനയത്തിനെതിരെ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെയും വനിതാ സംഘടനയായ മുക്തിശ്രീയുടെയും വിദ്യാർത്ഥി സംഘടനയായ എഡിഎസ് യുവിന്റെയും നേതൃത്വത്തിൽ 2018 മെയ് 19ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നരമണിക്ക് ഇരിട്ടി പട്ടണത്തിൽ നടത്തിയ ലഹരി വിരുദ്ധ റാലിയിൽ പ്രതിഷേധം അണപൊട്ടി ഒഴുകി. പുതിയ ലഹരിവിരുദ്ധ വനിതാ കൂട്ടായ്മയായ മുക്തിശ്രീകൂടി പങ്കെടുത്ത പ്രതിഷേധത്തിൽ ആയിരക്കണക്കിന് (മനോരമ പത്രം) അമ്മമാരും മുദ്രാവാക്യം ഉയർത്തി അണിനിരന്നത് ഒരു പുത്തൻ മുന്നേറ്റത്തിന്റെ ശംഖുനാദമായിരുന്നു.

ലഹരിക്കെതിരെ മുന്നേറ്റം
സ്ത്രീശക്തിയുടെ മുന്നേറ്റം
തടയാമെങ്കിൽ തടഞ്ഞോളൂ
അന്ത്യം കണ്ടേപിന്മാറൂ

ഒരു കൈയ്യിൽ മദ്യകുപ്പി
മറുകൈയ്യിൽ മദ്യവർജനം
പറയൂ പറയൂ സർക്കാരെ, ഇതോ നിങ്ങടെ മദ്യനയം

തുടങ്ങിയ മുദ്രാവാക്യങ്ങൾ ആയിരമായിരം അധരങ്ങളിൽനിന്നും ഉയർന്നത് ഇരിട്ടി പട്ടണത്തെ പ്രകമ്പനം കൊള്ളിച്ചു. ലഹരിക്കെതിരെ സമൂഹമനഃസാക്ഷിയെ ഉണർത്തുക, ജനദ്രോ ഹപരവും വഞ്ചനാപരവുമായ മദ്യനയം പിൻവലിക്കുക. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ മദ്യശാല സംബന്ധമായ ജനാധികാരം റദ്ദുചെയ്യൽ നടപടി പിൻവലിക്കുക, ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും മദ്യശാലകൾ സംബന്ധിച്ച് ഉണ്ടായിരുന്ന അകലം 200 മീറ്ററിൽ നിന്നും 50 മീറ്ററായി കുറച്ചത് പുനഃസ്ഥാപിക്കുക, പുതിയ മദ്യശാലകൾ അനുവദിക്കാ തിരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മലയോര ജനത ലഹരി വിരുദ്ധ റാലി സംഘടിപ്പിച്ചത്.

പേരാവൂർ, കുന്നോത്ത്, എടൂർ, നെല്ലിക്കാംപൊയിൽ, ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ ഏഴ് ഫൊറോനകളിലെ മലയോര മക്കളാണ് ഇരിട്ടി കേന്ദ്രീകരിച്ച് നടത്തിയ ലഹരിവിരുദ്ധ റാലിയിലും

പൊതുസമ്മേളനത്തിലും അണിചേർന്നത്. ഇരിട്ടി പാലത്തിനു സമീപത്തു വച്ച് ആരംഭിച്ച റാലി ബഹു. മഞ്ചപ്പള്ളി അച്ചനും സി. ജോസ്മരിയ & ടീമിന്റെ പ്രാർത്ഥനയോടെ മുന്നേറിയ റാലി ഇരിട്ടി പട്ടണത്തെ ഇളക്കിമറിച്ചുകൊണ്ട് പയഞ്ചേരി മുക്ക് വഴി പഴയ ബസ്സ്റ്റാന്റിലെ ഓപ്പൺ ഓഡിറ്റോറിയത്തിൽ എത്തുകയും മദ്യവിരുദ്ധ സമിതി പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം തലശ്ശേരി അതിരൂപത അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വ്യക്തികളെയും കുടുംബത്തെയും നശിപ്പിക്കുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയാൻ ഫലപ്രദമായ നടപടികൾ സർക്കാർ എടുക്കുന്നില്ല എന്നും മദ്യഷാപ്പുകൾ സൃഷ്ടിച്ചുകൊണ്ട് നടത്തുന്ന മദ്യവർജന ഉപദേശനയം കപടരാഷ്ട്രീയമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിക്കുയാണെന്നും ഇതിനെതിരെ സർക്കാർ നടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടു. സർക്കാരിന്റെ മദ്യപ്രോത്സാഹന നയത്തിനെതിരെ ജനങ്ങൾ രംഗത്തിറങ്ങുന്നതോടൊപ്പം വ്യക്തികളും കുടുംബങ്ങളും ലഹരിയെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഫാ. തോമസ് തൈത്തോട്ടം ആമുഖഭാഷണം നടത്തി. ശ്രീ. സണ്ണി ജോസഫ് എംഎൽഎ മുഖ്യപ്രഭാഷണവും ശ്രീ തോമസ് വർഗീസ് (ജില്ലാപഞ്ചായത്ത് അംഗം), ശ്രീമതി ഷീജ കാറുകുളം (അയ്യൻക്കുന്ന് പഞ്ചായത്ത് പ്രസിഡന്റ്), എഡിഎസ്‌യു പ്രസിഡന്റ് സഞ്ജയ് ഷാജി, സണ്ണി പായ്ക്കാട്ട് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു സ്വാഗതവും മദ്യവിരുദ്ധസമിതി ജനറൽ സെക്രട്ടറി ശ്രീ. ജയ്സൺ മർക്കോസ് നന്ദിയും പ്രകാശിപ്പിച്ചു.

ഇരിട്ടി മഹാത്മഗാന്ധി കോളെജ് മുൻപ്രിൻസിപ്പാൾ ഡോ. എം.ജെ. മാത്യു മദ്യവിരുദ്ധസമിതി പ്രസിഡന്റ് ഡോ. ജോസ്ലറ്റ് മാത്യുവിനും, അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീജ കാറുകുളം, മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യുവിനും പേരാവൂർ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ഒ. മാത്യു, എഡിഎസ്‌യു പ്രസിഡന്റ് മാസ്റ്റർ സഞ്ജയ് ഷാജിക്കും പതാകകൾ കൈമാറിക്കൊണ്ട് റാലി ഫ്ളാഗ് ഓഫ് ചെയ്തു.

ആന്റണി മേൽവെട്ടം, സണ്ണി തറയിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ബേബി ആനിക്കുഴിക്കാട്ടിൽ, ഐപ്പ് സാർ, എബ്രാഹം പാരിക്കാപ്പള്ളി, ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, മാത്യു എം. കണ്ടത്തിൽ, ഫാ. ആനിത്താനം, ഫാ. തോമസ് കൊച്ചുകരോട്ട്, ഫാ. ജോമി തൊട്ടിയിൽ, സി. നോബിൾ എഫ്സിസി, സി. ജോസ് മരിയ സിഎംസി, സി. ജിൽസ എസ്കെഡി, സി. എൽസി ജെയിംസ് എസ്എച്ച്, സി. പ്രിൻസി സിഎംസി, ഫാ. തോമസ്

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

**(ടി.എസ്.എസ്.എസ്.)**

## Cancer Detection Centre - Follow up Training

മലബാർ കാൻസർ സെന്ററിന്റെയും TSSS ന്റെയും നേതൃത്വത്തിൽ കണ്ണൂർ - കാസർഗോഡ് ജില്ലകളിലായി ആരംഭിക്കുന്ന കാൻസർ ഡിറ്റക്ഷൻ സെന്ററിൽ സേവനമനുഷ്ഠിക്കാൻ പോകുന്ന സന്നദ്ധപ്രവർത്തകരായ നേഴ്സുമാരുടെ Follow up Training, മലബാർ കാൻസർ സെന്ററിലെ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ മെയ് 1-ാം തീയതി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വച്ചു നടത്തി. ഡോ. നീതു, ഡോ. ഫിനിസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമാണ പദ്ധതി- വെഞ്ചരിപ്പ്

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പേരിൽ നിർമ്മിക്കപ്പെട്ട വീടിന്റെ വെഞ്ചരിപ്പ് കർമ്മം മെയ് 7 നു നടത്തി. കരിക്കോട്ടക്കരി ഇടവകയിലെ തങ്കമ്മ (കത്രീന) കല്ലക്കാവുങ്കലിന്റെ വീടിന്റെ ആശീർവാദകർമ്മം തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. കരിക്കോട്ടക്കരി പള്ളി വികാരി ഫാ. തോമസ് ചിറ്റിലപ്പള്ളി, അസി. വികാരി ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ, TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ എന്നിവർ സന്നിഹിതരായി. കരിക്കോട്ടക്കരി ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കും KCYM പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

---

പുള്ളോലിക്കൽ, ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ, ഫാ. ജോൺ കൂവപ്പാറ, സി. ഗ്രാസിയ എഫ്സിസി, ശ്രീമതി ഐസി മേരി, ശ്രീമതി ചിന്നമ്മ എളംപ്ലാശ്ശേരി, ഷൈനി കണ്ടങ്കരി, തങ്കം മൂക്കനോലിക്കൽ, ബേബി കോഴിക്കാടൻ, സി. ജെസി പർക്കണശ്ശേരി, ജോർജ് പാലാക്കുഴി, ലീലാമ്മ മണ്ണാപറമ്പിൽ, സി. അനിത എസ്എച്ച്, പി.ജെ. തോമസ്, ഷിന്റോ കാഞ്ഞിരത്തിങ്കൽ, റോസമ്മ മണ്ണാപറമ്പിൽ തുടങ്ങിയവർ റാലിക്ക് നേതൃത്വം കൊടുത്തു.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

## റിവ്യൂ മീറ്റിംഗ്

- മെയ്15 നു ആലക്കോട് RCC റിവ്യൂ മീറ്റിംഗ് നടന്നു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ അധ്യക്ഷത വഹിച്ചു.
- മെയ് 15 നു എടൂർ RCC റിവ്യൂ മീറ്റിംഗ് നടന്നു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ അധ്യക്ഷത വഹിച്ചു.

## ട്രെയിനിംഗ് പ്രോഗ്രാം

**ജൈവ വള നിർമാണ പരിശീലനം**

കണിച്ചാർ ഗ്രാമ പഞ്ചായത്തിൽ TSSS ന്റെയും കണിച്ചാർ കൃഷി ഭവന്റെയും ആഭിമുഖ്യത്തിൽ നടത്തിയ ചകിരിച്ചോറിൽ നിന്നുള്ള ജൈവവള പരിശീലന പരിപാടി മെയ് 4 നു കൊളക്കാട്വച്ചു നടത്തി. കണിച്ചാർ കൃഷി ഓഫീസർ ശ്രീ. ജോർജുകുട്ടി, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കൃഷി ഭവൻ ജീവനക്കാർ, കർഷകപ്രതിനിധികൾ തുടങ്ങി 25 പേർ ഈ പരിശീലന പദ്ധതിയിൽ പങ്കെടുത്തു. TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ് പ്രകാശ് ക്ലാസ്സ് നയിച്ചു.

TSSS ന്റെയും കേളകം കൃഷി ഭവന്റെയും ആഭിമുഖ്യത്തിൽ കേളകം ഗ്രാമ പഞ്ചായത്തിൽ നടത്തിയ ചകിരിച്ചോറിൽ നിന്നുള്ള ജൈവ വള പരിശീലന പരിപാടി മെയ് 5 നു ചെട്ടിയാംപറമ്പിൽ വച്ചു നടത്തി. കേളകം കൃഷി ഓഫീസർ, കേരകർഷക സമിതി അംഗങ്ങൾ, കൃഷി ഭവൻ ജീവനക്കാർ, മറ്റ് കർഷകർ തുടങ്ങി 20 പേർ ഈ പരിശീലന പദ്ധതിയിൽ പങ്കെടുത്തു. TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ് പ്രകാശ് ക്ലാസ്സ് നയിച്ചു.

## യൂണിറ്റ് പൊതുയോഗങ്ങൾ

**വിളക്കന്നൂർ ക്രെഡിറ്റ് യൂണിയൻ:** വിളക്കന്നൂർ ക്രെഡിറ്റ് യൂണിയൻ പൊതുയോഗം മെയ് 5നു നടന്നു. ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ TSSS പ്രോഗ്രാം മാനേജർ ശ്രീമതി വൽസമ്മ ടോമി ഉദ്ഘാടനം ചെയ്തു. RCC പ്രസിഡന്റ് ശ്രീ. ആന്റണി നിരപ്പേൽ മുഖ്യപ്രഭാഷണം നടത്തി.

**പുന്നക്കുന്ന് ക്രെഡിറ്റ് യൂണിയൻ:** പുന്നക്കുന്ന് ക്രെഡിറ്റ് യൂണിയൻ പൊതുയോഗം മെയ് 5നു നടന്നു. TSSS പ്രോഗ്രാം മാനേജർ ശ്രീമതി വൽസമ്മ ടോമി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ RCC പ്രസിഡന്റ് ശ്രീ. ബിജു മേലേമുറി മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസഫ് തയ്യിൽ ഈ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**താബോർ ക്രെഡിറ്റ് യൂണിയൻ:** മെയ് 22 നു താബോർ ക്രെഡിറ്റ് യൂണിയൻ പൊതുയോഗം നടന്നു. ഫാ. ആന്റണി ചാണക്കാട്ടിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ RCC സെക്രട്ടറി ലൈല അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി. വാർഡ് തലത്തിൽ മികച്ച അടുക്കളത്തോട്ടത്തിനുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**ചുള്ളി ഗ്രാമിക യൂണിറ്റ്:** ചുള്ളി ഗ്രാമിക യൂണിറ്റ് പൊതുയോഗം മെയ് 22 നു നടന്നു. TSSS പ്രോഗ്രാം മാനേജർ ശ്രീമതി വൽസമ്മ ടോമി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഫാ. ജോർജ് പുഞ്ചത്തറപ്പേൽ അധ്യക്ഷത വഹിച്ചു. ചുള്ളി ഗ്രാമിക യൂണിറ്റ് പ്രസിഡന്റ് സിബിൽ ജേക്കബ് ആശംസ അർപ്പിച്ചു സംസാരിച്ചു. ഗ്രാമിക യൂണിറ്റ് സെക്രട്ടറി സിബി ജോയ് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഈ ചടങ്ങിൽ SSLC പരീക്ഷയിൽ മുഴുവൻ A+ വാങ്ങിയ അമല വട്ടക്കുന്നേൽ, അബിറ്റ പുളിംകാലായിൽ എന്നിവർക്ക് മൊമെന്റോ നൽകി അഭിനന്ദിച്ചു.

**കാലിച്ചാനടുക്കം ക്രെഡിറ്റ് യൂണിയൻ:** മെയ് 22 നു കാലിച്ചാനടുക്കം ക്രെഡിറ്റ് യൂണിയൻ പൊതുയോഗം നടത്തി. RCC പ്രസിഡന്റ് ശ്രീ. ടോമി മാത്യു അധ്യക്ഷത വഹിച്ച ചടങ്ങ് TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു.

**കാഞ്ഞിരടുക്കം ക്രെഡിറ്റ് യൂണിയൻ:** മെയ് 23 നു കാഞ്ഞിരടുക്കം ക്രെഡിറ്റ് യൂണിയൻ പൊതുയോഗം നടത്തി. RCC പ്രസിഡന്റ് ശ്രീ. ടോമി മാത്യു അധ്യക്ഷത വഹിച്ച ചടങ്ങിൽ TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം കർമ്മം നിർവഹിച്ചു.

**സ്വാഗതം**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ തളിപ്പറമ്പിലുള്ള ജൂബിലി എസ്റ്റേറ്റിലേക്ക് മാനേജരായി കടന്നുവന്ന ജോർജ് കൊടകനാൽ അച്ചനു സ്നേഹപൂർവം സ്വാഗതം ആശംസിച്ചു കൊള്ളുന്നു.

**കുടകൾ, നോട്ടുബുക്കുകൾ**

TSSS ന്റെ കീഴിലുള്ള പ്രൊഡക്ഷൻ സെന്ററിൽ ഈ വർഷത്തെ വിൽപ്പനക്കായുള്ള മാതാ കുടകളും നോട്ടുബുക്കുകളും തയ്യാറായിട്ടുണ്ട്. ആവശ്യക്കാർ യൂണിറ്റ് വഴി അതിരൂപതാ ഓഫീസിൽ ബന്ധപ്പെടുക.

**തൈകൾ വിൽപ്പനക്ക്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ തളിപ്പറമ്പ് ജൂബിലി എസ്റ്റേറ്റിലുള്ള കാർഷിക നേഴ്സറിയിൽ തെങ്ങിൻ തൈകൾ, കുരുമുളകിൻ തൈകൾ എന്നിവ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ആവശ്യക്കാർ അതിരൂപതാ കേന്ദ്ര ഓഫീസുമായി ബന്ധപ്പെടുക.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2018 ജൂൺ & ജൂലൈ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | | |
|---|---|---|---|
| **ജൂൺ** | 3-8 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 09 | : | ഏകദിന കൺവെൻഷൻ |
| | 17-22 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| **ജൂലൈ** | 01-6 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 06-8 | : | തപസ്സ് ധ്യാനം (10 am ആരംഭം) |
| | 14 | : | ഏകദിന കൺവെൻഷൻ |
| | 15-20 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 29 ആഗസ്റ്റ് 03 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| **ജൂൺ** | 08 | : | ജാഗരണ പ്രാർത്ഥന |
| | 09 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| | 10-14 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 24-28 | : | ആന്തരിക സൗഖ്യ ധ്യാനം |
| **ജൂലൈ** | 01-05 | : | പരിശുദ്ധാത്മ അഭിഷേക ധ്യാനം |
| | 08-13 | : | വാർഷിക ധ്യാനം (പാവനാത്മാ പ്രൊവിൻസ്) |
| | 13 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| | 15-19 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 29 ആഗസ്റ്റ് 02 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | | |
|---|---|---|---|
| **ജൂൺ** | 08-10 | : | ആന്തരീക സൗഖ്യ കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| | 29 ജൂലൈ 01 | : | ആന്തരീക സൗഖ്യ കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| **ജൂലൈ** | 13-15 | : | ആന്തരീക സൗഖ്യ കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| | 24-26 | : | MPC |
| | 27-29 | : | ആന്തരീക സൗഖ്യ കുടുംബാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | | |
|---|---|---|---|
| **ജൂൺ** | 03-08 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 17-22 | : | ആന്തരിക സൗഖ്യ ധ്യാനം |
| | 5, 12, 19, 26 | : | ഏകദിന കൺവെൻഷൻ |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| ജൂൺ | 02 | : | ഏകദിന കൺവെൻഷൻ |
| | 03-07 | : | ആന്തരീക സൗഖ്യധ്യാനം |
| | 08 | : | ജാഗരണ പ്രാർത്ഥന |
| | 09 | : | ക്രിസ്റ്റീൻ വിങ്സ് |
| | 16, 23, 30 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| | 17-21 | : | ആന്തരീക ശാരീരിക സൗഖ്യധ്യാനം |
| **ജൂലൈ** | 07 | : | ഏകദിനം |
| | 08-12 | : | ആന്തരിക സൗഖ്യധ്യാനം |
| | 13 | : | ജാഗരണ പ്രാർത്ഥന |
| | 14 | : | ക്രിസ്റ്റീൻ വിങ്സ് |
| | 21, 28 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| | 22-26 | : | ആന്തരീക ശാരീരിക സൗഖ്യധ്യാനം |

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### 2018 ഏപ്രിൽ

21 എറണാകുളത്ത് പി.ഒ.സിയുടെ സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന സമൂഹബലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

22 ഉച്ചകഴിഞ്ഞ് 4 മണിക്ക് മണപ്പാറയിൽ ഇടവകയുടെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

23. രാവിലെ 6.30ന് തലശ്ശേരി നിർമ്മല കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. അതിനുശേഷം ഉച്ചവരെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് തലശ്ശേരി അതിരൂപതാകേന്ദ്രത്തിൽ അതിരൂപതയുടെ കീഴിലുള്ള മെത്രാന്മാരുടെ മീറ്റിംഗിനു നേതൃത്വം നൽകി. വൈകുന്നേരം 6.30ന് അതിരൂപതാകേന്ദ്രത്തിൽവച്ച് നാമഹേതുക തിരുനാളിനോടനു ബന്ധിച്ച് നടന്ന ആഘോഷത്തിൽ പങ്കെടുത്തു.

24 രാവിലെ 6.30ന് കത്തീഡ്രൽ പള്ളിയിൽ ബഹു. ബ്രദേഴ്സിന്റെ തിരുവസ്ത്ര സ്വീകരണകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

26 വരക്കാട് ഇടവകയിൽ പുതുതായി നിർമ്മിച്ച പിയാത്തയുടെ രൂപം വെഞ്ചരിച്ചു.

രാവിലെ 9.00ന് കാഞ്ഞിരടുക്കം ഇടവകയുടെ കീഴിൽ ഇരിയയിൽ പുതുതായി നിർമ്മിച്ച കപ്പേള കൂദാശ ചെയ്തു. ഉച്ചകഴിഞ്ഞ് 2.30ന് മുള്ളേരിയയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു.

27 അതിരൂപതാകേന്ദ്രത്തിൽ കൺസൽട്ടേഴ്സ് മീറ്റിംഗിന് നേതൃത്വം നൽകി.

28 രാവിലെ മണക്കടവ് ഇടവകയിൽ ആദ്യകുർബാന സ്വീകരണ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. അതിനുശേഷം ദീപികയുടെ ആഭിമുഖ്യത്തിൽ നടന്ന കർഷകയാത്രയ്ക്ക് മുന്നോടിയായി നടത്തിയ ഒപ്പ് പതിപ്പിക്കൽ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് ഒൻഡയാടി പള്ളിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

29 പൊന്ന്യം പ്രതീക്ഷയിൽ വാർഷിക മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം മാലോത്ത് ബഹു. ജെയിംസ് നിരപ്പേൽ അച്ചന്റെ ഭവനത്തിലെത്തി നിര്യാതയായ അമ്മച്ചിക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 മൈനർ സെമിനാരിയിൽ പുതുതായി പ്രവേശനം ലഭിക്കേണ്ട വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂ നടത്തി.

## 2018 മെയ്

01 രാവിലെ 9.30ന് പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽഹൗസിൽ നോവിസസിന്റെ പ്രഥമവ്രതവാഗ്ദാന, നിത്യവ്രതവാഗ്ദാന കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ഹോസ്പിറ്റൽ ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

2-04 ബാംഗ്ലൂർ സെന്റ് ജോൺസിൽ സിബിസിഐ സ്റ്റാൻഡിങ്ങ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

04 വൈകുന്നേരം ചങ്ങനാശ്ശേരി അരമന സന്ദർശിച്ചു.

05 രാവിലെ 10.00 മണിക്ക് പാലാ അയർക്കുന്നത്ത് ബഹു. മാത്യു പോത്തനാമല അച്ചന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

06 രാവിലെ 10.30ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ ബഹു. ഷാജി അച്ചനു നൽകിയ യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

07 തലശ്ശേരി മൈനർ സെമിനാരിയിൽ ബഹു. ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു.

08 സുൽത്താൻ ബത്തേരിയിൽ ബഹു. സി. റോസ് പുളിക്കലിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

09 എറണാകുളം മൗണ്ട് സെന്റ് തോമസിൽ സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

10 അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം സന്ദേശഭവനിൽനിന്നും സ്ഥലം മാറി പോകുന്ന വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

11 വൈകുന്നേരം 7 മണിക്ക് മൈനർ സെമിനാരിയിൽ ബഹു ഷാജി അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

12 10.30ന് മാഹിയിൽ പീസ്ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സമാധാനത്തിനുവേണ്ടിയുള്ള ഉപവാസം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കീഴ്പ്പള്ളി സാന്തോം എസ്റ്റേറ്റിൽ സന്ദർശനം നടത്തി.

13 ഉച്ചകഴിഞ്ഞ് 3ന് തൃശൂരിൽവച്ച് നടന്ന എ.കെ.സി.സി. സമ്മേളനത്തിൽ പങ്കെടുത്തു. അതിനുശേഷം താമരശ്ശേരി ബിഷപ്സ് ഹൗസിലെത്തി വിശ്രമിച്ചു.

15 രാവിലെ 8.30ന് പുറവയലിൽ ആറ്റുചാലിൽ ശ്രീജിത്തിന്റെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. 9.30ന് ഇരിട്ടിയിൽ നസ്രത്ത് സന്യാസിനിസമൂഹത്തിലെ നോവിസസിന്റെ പ്രഥമവ്രതവാഗ്ദാനത്തിനും ബഹു. സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് നെല്ലിക്കാംപൊയിലിൽ ഫൊറോനാ ഏയ്ഞ്ചൽസ് മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം 7 മണിക്ക് മണിപ്പാറയിൽ ശ്രീ. അരുൺ ആഞ്ഞിലിതോപ്പിലിന്റെ വിവാഹത്തിന്റെ തലേദിവസം പ്രാർത്ഥനക്ക് നേതൃത്വം നൽകി.

16 രാവിലെ 6.30 ന് സന്ദേശഭവനിൽ വിൻസെന്റ് ഡിപോൾ സംഘടനയുടെ സമ്മേളനത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.

അതിരൂപതാകേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്നു വന്ന സന്ദർശകരെ സ്വീകരിച്ചു.

17 അതിരൂപതാ കേന്ദ്രത്തിൽ ബഹു. സിസ്റ്റേഴ്സിനെയും ബഹു. സന്യസ്തരെയും സ്വീകരിച്ചു.

18 വാഴക്കുളത്ത് അഭിവന്ദ്യപിതാവിന്റെ ഇളയമ്മയായ ശ്രീമതി ആലീസ് മുണ്ടക്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

19 വൈകുന്നേരം 4 മണിക്ക് മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്താഭിമുഖ്യത്തിൽ ഇരിട്ടിയിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതിനുശേഷം മാടത്തിൽ ഇടവകയിലെത്തി ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

20 മാടത്തിൽ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

21 ഉച്ചകഴിഞ്ഞ് 2.30ന് കുട്ടാപറമ്പ് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു. അതിനുശേഷം ചെറുപുഴയിൽ ബഹു. ഷാൻ മണ്ണാപറമ്പിൽ OCD അച്ചന്റെ ഭവനത്തിലെത്തി നിര്യാതനായ വത്സല പിതാവിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

❖❖❖

## Programme of the Archbishop
## Mar George Njaralakatt

### June 2018

| | | | |
|---|---|---|---|
| 01 | | - | Sandhesa Bhavan : Catechism Seminar |
| | 3.00 pm | - | Chandanackampara : High School Blessing |
| 02 | 11.00 am | - | Thaliparamba : Inauguration Diakonia |
| | 3.00 pm | - | Mampoil : School Blessing |
| 03 | | - | Quilon : Episcopal Ordination |
| 04 | | - | Ernakulam |
| 05-07 | | - | KCBC |
| 08 | 3.00 pm | - | Edoor : Snehabhavan Convent blessing |
| 09 | 11.00 am | - | Thalassery : Sunday School HM Conference |
| | | - | Pastoral visit |
| 10 | | - | Pastoral Visit |
| 11 | | - | Adukalakandam |
| 12 | | - | Forane Vicar's meeting |
| 13 | | - | Visitor's day : Monthly Recollection |
| 14 | | - | Priests' & sisters' day |
| 15 | | - | Amalapuri |
| 16 | 9.00 am | - | Thalassery : Alpha Institute Convocation |
| | 2.30pm | - | Fusco School Blessing : Pooparamba |
| | 6.30 pm | - | Mother Home |
| 17 | | - | Neeleswaram |
| 18-30 | | - | Out of station |

## July 2018

| | | |
|---|---|---|
| 01 | - | Pastoral visit |
| 02 | - | Thalassery : Minor Seminary |
| 03 | - | Cathedral |
| 04 | - | Visitor's day |
| 05 | - | Priest's & Sisters' day |
| 06 | - | Kunnoth : Major Seminary |
| 07 | - | Koluvally |
| 08 | - | Pastoral visit |
| 09 | - | Refresher course |
| 10 | - | Refresher course |
| 11 | - | Refresher course, Monthly Recollection |
| 12 | - | Priests' & Sisters' day |
| 13 | - | Kunnoth - Major Seminary |
| 14 | - | Kunnoth - Major Seminary |
| 15 | - | Pastoral Visit |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### 2018 ഏപ്രിൽ

23 രാവിലെ 11 മണിക്ക് പേരാവൂർ ഇടവകയിൽ ചിറക്കൽകൂവേലിൽ സുനിലും പാംപ്ലാനിയിൽ സ്റ്റെഫിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് അരമനയിൽ മലബാർ ബിഷപ്സ് യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് അരമന അങ്കണത്തിൽ നടന്ന സെന്റ് ജോർജ് ഫീസ്റ്റ് ആഘോഷത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു.

24 രാവിലെ 6.30ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പൗരോഹിത്യവസ്ത്രം സ്വീകരിക്കുന്ന ബ്രദേഴ്സിന് ആശംസകളർപ്പിച്ചു. 9 മണിക്ക് നീലേശ്വരം ഡോ. പി. കെ. രാജൻ മെമ്മോറിയൽ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന സെമിനാറിൽ ശ്രീ നാരായണഗുരു അനുസ്മരണ പ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് 1.30ന് പടന്നക്കാട് BSF ക്ലാസ് നയിച്ചു.

26 വെളിമാനം ഇടവകയിൽ രാവിലെ 9 മണിക്ക് ഡീക്കൻ പോൾ കാഞ്ഞിരത്തിങ്കലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം 4 മണിക്ക് പരിയാരം MST ഭവനിൽ ബിഷപ്പ് സ്റ്റീഫൻ അത്തിക്കളം പിതാവിന് നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്തു.

27 രാവിലെ 11 മണിക്ക് തളിപ്പറമ്പിൽവച്ച് നടന്ന മദ്യവിരുദ്ധസമിതി പ്രവർത്തക കൺവെൻഷനിൽ ക്ലാസ്സ് നയിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് അരമനയിൽവച്ച് നടന്ന കൺസെൾട്ടേഴ്സ് യോഗത്തിൽ പങ്കെടുത്തു.

28 രാവിലെ 10 മണി മുതൽ താമരശ്ശേരി രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്ത് ക്ലാസ്സുകൾ നയിച്ചു.

29 രാവിലെ 8.30 മുതൽ മുള്ളേരിയ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

30 ഇരിഞ്ഞാലക്കുട രൂപതയിൽ എംപറർ എമ്മാനുവേൽ പ്രസ്ഥാനത്തിൽനിന്നും തിരികെ എത്തിയവരുടെ സംഗമത്തിൽ ക്ലാസ്സ് നയിച്ചു.

## 2018 മെയ്

01 രാവിലെ 10 മണിക്ക് മാനന്തവാടി രൂപതയുടെ രൂപതാ ദിനാഘോഷങ്ങളിൽ പങ്കെടുത്ത് ക്ലാസ് നയിച്ചു. വൈകുന്നേരം 4 മണിക്ക് കച്ചേരിക്കടവ് ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു.

02 രാവിലെ 8 മണിക്ക് ആനമഞ്ഞളിൽ വി. കുർബാനയർപ്പിക്കുകയും കാട്ടുപന്നിയുടെ ആക്രമണത്തിൽ മരിച്ച മാടത്താനി ജോസിന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും തുടർന്ന് ദീപികയും DFCയും ചേർന്ന് നയിക്കുന്ന കേരള കർഷകജാഥയുടെ ദീപം തെളിക്കൽ കർമ്മം നടത്തുകയും ചെയ്തു. 10.30ന് മാലോത്ത്‌വച്ച് കേരളകർഷക ജാഥയുടെ സംസ്ഥാനതല സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് പടന്നക്കാട് പള്ളിയിൽവച്ച് നടന്ന കാഞ്ഞങ്ങാട് ഫൊറോനാ ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03 രാവിലെ 10 മണിക്ക് ചെമ്പേരി പള്ളിയിൽവച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 4 മണിക്ക് കൊട്ടോടി ഇടവകയിൽ വി. കുർബാനയർപ്പിച്ച് കപ്പേള വെഞ്ചരിപ്പു നടത്തി.

04 വൈകുന്നേരം 4 മണിക്ക് കുന്നോത്ത് ഇടവകയിൽ നടന്ന സമ്പൂർണ്ണ മാതൃവേദി ഫൊറോന പ്രഖ്യാപനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

05 രാവിലെ 8 മണിക്ക് പനത്തടി ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. 11 മണിക്ക് സിഎഫ്ഐസി പനത്തടി കോളെജിന്റെ വെഞ്ചരിപ്പ് കർമ്മംനടത്തി. ഉച്ചകഴിഞ്ഞ് 2.30ന് വെള്ളരിക്കുണ്ട് ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ മാലോം ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 6 മണിക്ക് വെള്ളരിക്കുണ്ടിൽവച്ച് നടന്ന ഫൊറോന യൂത്ത് അസംബ്ലി ഉദ്ഘാടനം ചെയ്തു.

06 രാവിലെ 8 മണിമുതൽ കാവുംതല ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം 7 മണിക്ക് ആലക്കോട് ഫൊറോന യൂത്ത് അസംബ്ലി ഉദ്ഘാടനം ചെയ്തു.

07 രാവിലെ 9 മണിക്ക് തോമാപുരം ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08 രാവിലെ 8 മണിക്ക് വിളമന ഇടവകയിലെ പുനർനിർമ്മിച്ച സിമിത്തേരി വെഞ്ചരിച്ചു. തുടർന്ന് 11 മണിക്ക് കുന്നോത്ത് ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ്

2.30ന് കരിക്കോട്ടക്കരി ഇടവകയിൽ നിർമ്മിച്ച മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണ വീടിന്റെ താക്കോൽദാനം നടത്തി. വൈകുന്നേരം 4 മണിക്ക് മടമ്പം പള്ളിയിൽ തിരുനാൾ കുർബാനയർപ്പിച്ച് ഇടവകയുടെ 25-ാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

09. രാവിലെ 10 മണിക്ക് കണ്ണൂരിൽവച്ച് നടന്ന എംഎസ്എംഐ കോൺഗ്രിഗേഷൻ സിനാക്സിസിൽ ക്ലാസ് നയിച്ചു. വൈകുന്നേരം 6 മണിക്ക് സന്ദേശഭവനിൽ ദ ലീഡർ പ്രോഗ്രാമിൽ പ്രഭാഷണം നടത്തി. തുടർന്ന് അരമനയിൽ വച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

10 രാവിലെ 8 മണിക്ക് ആടാംപാറ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സമൂഹമാമ്മോദിസാ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് നിർമ്മലഗിരി കോളെജിൽ നടന്ന യാത്രയയപ്പ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം 6 മണിക്ക് സന്ദേശഭവനിൽവച്ച് നടന്ന യാത്രയയപ്പ് യോഗത്തിൽ ആശംസയർപ്പിച്ചു.

11 രാവിലെ 9 മണിക്ക് എടൂർ ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 6 മണിക്ക് കിളിയന്തറ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് മീറ്റിൽ പ്രഭാഷണം നടത്തി.

12 കാഞ്ഞിരപ്പള്ളി രൂപതയുടെ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്ത് ക്ലാസുകൾ നയിച്ചു.

13 രാവിലെ 7.30ന് കിളിയന്തറ ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും പുതുതായി നിർമ്മിക്കുന്ന സ്കൂൾ ബ്ലോക്കിന്റെ കല്ലിടൽ കർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് 12 മണിക്ക് പൊടിക്കളത്ത് ജീസസ് യൂത്ത് സംഘടിപ്പിച്ച ധ്യാനത്തിൽ പ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് 2.30ന് ചെമ്പന്തൊട്ടി ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശംനൽകി.

14 രാവിലെ 10.30ന് കണ്ണൂർ ദൈവാലയത്തിൽ കണ്ണൂർ ഹൃദയാരാമിലെ എസ്എച്ച് സന്യാസിനികളുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 രാവിലെ 9ന് ജോസ്ഗിരി ഇടവകയിൽ ഡീക്കൻ അഗസ്റ്റിൻ പായിക്കാട്ടിന് തിരുപ്പട്ടം നൽകി. വൈകുന്നേരം 6 മണിക്ക് സന്ദേശഭവനിൽവച്ച് നടന്ന വിൻസെന്റ് ഡിപോൾ റീജണൽ മീറ്റിൽ പ്രഭാഷണം നടത്തി.

16 രാവിലെ 11 മണിക്ക് മണിപ്പാറ ഇടവകയിൽ അരുൺ ആഞ്ഞിലിതോപ്പിലും മെറിൻ കുറ്റിവേലിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

17 രാവിലെ 8 മണിക്ക് കാർത്തികപുരം ഇടവകയിൽ നിര്യാതനായ ബൈജു പൂവത്തിങ്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് 9 മണിക്ക് ഉദയഗിരി ഇടവകയിൽ ഡീക്കൻ അഗസ്റ്റിൻ തയ്യിൽ, ഡീക്കൻ ജോസഫ് തയ്യിൽ എന്നീ ഇരട്ടസഹോദരങ്ങൾക്ക് തിരുപ്പട്ടം നൽകി.

19 രാവിലെ 10.30ന് തളിപ്പറമ്പ് ഇടവകയിൽ പാത്തോട്ടാനിയിൽ റോണിയും പടിഞ്ഞാറേമുറിയിൽ അനുവും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് ചെറുപുഴ ഫൊറോന മാതൃസംഗമവും നവോമിമീറ്റും ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 5 മണിക്ക് പാടിച്ചാൽ കെസിവൈഎം-ന്റെ സൗജന്യ അരിവിതരണം പദ്ധതി ഉദ്ഘാടനം ചെയ്തു. തുടർന്ന് 6 മണിക്ക് ചെറുപുഴ ഫൊറോനാ യൂത്ത് അസംബ്ലി യിൽ അദ്ധ്യക്ഷത വഹിച്ചു.

20 രാവിലെ 7.30 മുതൽ ഉദയപുരം, കോടോത്ത് ഇടവകകളിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം 6.30ന് പനത്തടി ഫൊറോനാ യൂത്ത് അസംബ്ലിയിൽ അദ്ധ്യക്ഷത വഹിച്ചു.

21 രാവിലെ 11 മണിക്ക് കാസർഗോഡ് ബേളാ കത്തീഡ്രൽ ദൈവാലയ ത്തിൽ ദീപു പള്ളിത്തോട്ടിലും അവീന വാതപ്പള്ളിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

22 ഉച്ചവരെ പടന്നക്കാട് റീജണൽ ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ബിഎസ്എഫ് ക്ലാസ്സ് നയിച്ചു.

❖❖❖

# Programme of the Auxiliary Bishop
# MAR JOSEPH PAMPLANY

## June - 2018

| | | | |
|---|---|---|---|
| 01 | 10.00am | - | Thalassery |
| | 06.00pm | - | Shalome : Night Vigil |
| 02 | 10.00am | - | Taliparamba |
| 03 | | - | Pulikurumba : Pastoral Visit |
| 04 | 8.30am | - | NS Convent Padannakad |
| | 10.00am | - | Oliathadka |
| | 5.00pm | - | Pariyaram : Mother Home |
| 05-07 | | - | KCBC |
| 08 | | - | Sandeshbhavan |
| 09 | 09.00am | - | Taliparamba |
| | 02.00pm | - | Alakode |
| 10 | | - | Kanjiradukam : Pastoral Visit |
| 11 | | - | Alpha MTh Defence |
| 12 | 10.00am | - | Forane Vicar meet |
| | 4.00pm | - | Vilangad |
| 13 | | - | Engaged |
| 14 | 9.00am | - | Kannur |
| 16 | 10.00am | - | Alpha Convocation |
| 17 | | - | Adottukayam : Pastoral Visit |
| 18 | | - | Padannakkad |

| | | | |
|---|---|---|---|
| 19 | 10.00am | - | Retreat Centre Superiors Meet |
| 20-21 | | - | Shalome : TV Shooting |
| 22 | | - | Padannakkad |
| 23 | | - | Padannakad |
| 24 | | - | Kallar : Pastoral Visit |
| 25-26 | | - | Batch based Priest Conference |
| 28 | 10.00am | - | Thalassery |
| 29-30 | | - | Trivandram |

**Secretary to the Auxiliary Bishop**

❖❖❖